Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മേടം 31—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 മേയ് 13 | ലക്കം 37

## ആത്മപരിശോധന

(കെ. ഇ. ജോബ് എം. എ., എൽ. ടി.)

ഏതാണ്ടു് മേൽപ്പറഞ്ഞ ശീർഷകത്തിൽ എൻെറ ചിരകാലസ്നേഹിതനായ പ്രഫസർ കെ. ജെ. അഗസ്റ്റിൻ, ഈ കഴിഞ്ഞ ഏപ്രിൽ 22-ാംനു-യിലെ സത്യദീപത്തിൽ എഴുതിയിരുന്ന സൂചനാസമ്പന്നമായ ലേഖനത്തോടു് സംപൂർണ്ണമായി യോജിച്ചുകൊണ്ടാണു് ഈ ലേഖനം രചിക്കപ്പെടുന്നതെന്നുള്ള പരമാർത്ഥം ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. ബാഹ്യപ്രകടനങ്ങൾ എത്രതന്നെ കാലോചിതമായിരുന്നാലും, അവയ്ക്കു് ഉപോൽബലകമായ ആദ്ധ്യാത്മികശക്തികളില്ലാത്തപക്ഷം, അവയെല്ലാം ഷെയിക്സ്പിയർ മഹാകവി പറയുന്നതുപോലെ കേവലം "നിരർത്ഥകമായ ശബ്ദകോലാഹലവും കോപവെറിപ്രകടനവും (Sound and fury signifying nothing)" ആയിത്തീരുകയേ ഉള്ളു. ആയതിനാൽ കേരളീയകത്തോലിക്കരുടെ ഇന്നത്തെ അവശ്യകർത്തവ്യം തങ്ങളുടെ ആദ്ധ്യാത്മികനവീകരണവും തൽഫലമായ സാമൂഹ്യപുനരുജ്ജീവനവും ആകുന്നു.

ആദ്ധ്യാത്മികചൈതന്യം കേരളകത്തോലിക്കരുടെ ഇടയിൽ ഇന്നും നിദ്രാവസ്ഥയിൽ കിടക്കുന്നതേയുള്ളുവെന്നു് സാമാന്യമായി പറയാം. അപ്പസ്തോലികകാലംമുതൽ കേരളത്തിൽ ജന്മമെടുത്തിട്ടുള്ള ക്രൈസ്തവസഭ അനേകശതാബ്ദങ്ങളിലെ നിരന്തരമായ ചരിത്രപരിണാമഫലമായി, ഇന്നത്തെ നിദ്രാവസ്ഥയിലെങ്കിലും സജീവമായി നിലകൊള്ളുന്നതിൽ നാമേവരും ദൈവത്തോടു നന്ദിപറയേണ്ടതാണു്. ഒരിക്കൽ അക്ഷയശോഭയോടുകൂടി വിരാജിച്ചിരുന്ന പല അപ്പസ്തോലസഭകളെപ്പോലും ഇന്നു് നാം ഭൂമുഖത്തു കാണുന്നില്ല. ഉത്തരാഫ്റിക്കാ, ചൈനാ, വടക്കേ ഇൻഡ്യാ, പാലസ്റ്റൈൻ, ഗ്രീസ്, റഷ്യാ ഈ ദേശങ്ങളിലെ പ്രാചീന ക്രൈസ്തവസഭകൾ ഇന്നെവിടെ? ദക്ഷിണ ഇൻഡ്യയിൽത്തന്നെ കിഴക്കേതീരത്തു മദ്ധ്യയുഗങ്ങൾവരെ നിലവിലിരുന്ന ആ ക്രൈസ്തവസഭ എവിടെ? അവയെല്ലാം ഒന്നുകിൽ നിമ്മാർജ്ജനം ചെയ്യപ്പെട്ടു; അല്ലെങ്കിൽ നിർജ്ജീവമായി ഭവിച്ചു. ആ സ്ഥിതിക്കു് കേരളത്തിലെ കത്തോലിക്കാസഭ, ഇത്ര സുദീർഘമായ കാലയളവിൽ നിഷ്പ്രഭമായിട്ടെങ്കിലും കത്തിജ്വലിച്ചുകൊണ്ടിരുന്നിട്ടുള്ളതു് ദൈവത്തിൻെറ പ്രത്യേകകാരുണ്യംകൊണ്ടാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ആകയാൽ നാം നിരാശപ്പെടേണ്ട ആവശ്യമില്ല. നമ്മുടെ നിദ്രാവസ്ഥതന്നെയും ഒരർത്ഥത്തിൽ നമ്മുടെ ആരോഗ്യലക്ഷണമാണു്. സുഖശരീരികൾക്കല്ലാതെ നിദ്ര അനുഭവപ്പെടാറില്ലല്ലോ. എന്നാൽ എപ്പോഴും ഉറക്കംതന്നെ തുടർന്നുകൊണ്ടിരുന്നാൽ, അതു് ഗുരുതരമായ ഒരു രോഗലക്ഷണമായി പരിഗണിക്കപ്പെടുന്നതുമായിരിക്കും.

ഇപ്പോഴത്തെ നമ്മുടെ ആദ്ധ്യാത്മികവും സാമൂഹ്യവുമായ സ്ഥിതിഗതികൾ നമ്മുടെ വൈദിക മേലദ്ധ്യക്ഷന്മാരുടെ ഹസ്തങ്ങളിൽ സുരക്ഷിതമാണു്. പക്ഷേ വിശ്വാസികളുടെ ആത്മാർത്ഥമായ ഉപദേശാനുവർത്തനവും, ത്യാഗിവര്യന്മാരായ ഉപദേഷ്ടാക്കളുടെ സ്വമേധാസേവനങ്ങളും ഈ വിഷയത്തിൽ അപരിത്യാജ്യമായ ഘടകങ്ങളാണു്. രൂപതകൾതോറുംഅനേകം ഇടവകകളും,ഇടവകകൾതോറും വിദ്യാലയങ്ങളും,കന്യകാമഠങ്ങളും നമുക്കുണ്ടു്. അവയിൽ പലതിലും സൊഡാലിററികൾ, ലീജിയൻ ഓഫ് മേരി, സെൻറ് വിൻസെൻറ് ഡിപോൾ സൊസൈററികൾ മുതലായ ഭക്തസംഘടനകളും പ്രവർത്തനസംഘടനകളും നിലവിലിരിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങൾ ചില സ്ഥലങ്ങളിൽ ഊർജ്ജസ്വലമായും പല സ്ഥലങ്ങളിലും മന്ദോത്സാഹരീതിയിലുമാണു് നടന്നുവരുന്നതു്. ഈ സംഘടനകളെല്ലാം സാമൂഹ്യപ്രവർത്തനങ്ങൾക്കുള്ള യന്ത്രവിശേഷങ്ങളാണു്. അവയെ പ്രശസ്തമായി നടത്തുന്നതിനുള്ള വിദഗ്ധഹസ്തങ്ങളും, ആ യന്ത്രങ്ങൾക്കു നിരന്തരചലനം കൊടുക്കുന്നതിനുള്ള ആദ്ധ്യാത്മിക വൈദ്യുതശക്തിയും ഉള്ള സ്ഥലങ്ങളിൽ, പ്രസ്തുത സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കും. അങ്ങനെയല്ലാത്ത സ്ഥലങ്ങളിലാണു്, അവ തുടങ്ങിയും മുടങ്ങിയും കഴിയുന്നതു്. ആദ്ധ്യാത്മികനവീകരണം കൈവരുത്തുവാനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കുന്നവർ മേല്പറഞ്ഞ വാസ്തവം വിസ്മരിച്ചുകൂടാത്തതാണു്.

ഈ അവസരത്തിൽ കേരളത്തിലെ കപ്പൂച്ചിൻസഭക്കാർ ചെയ്യുന്ന ചില പ്രവർത്തനങ്ങളെപ്പററി അല്പം ഊന്നിപ്പറയേണ്ടതുണ്ടു്. "സത്യാരാധനസഖ്യം" എന്ന പേരിൽ ഒരു സഖ്യം ഏതാനും ഇടവകകളിൽ അവർ പ്രചരിപ്പിച്ചുവരുന്നു. ഈ സഖ്യാംഗങ്ങൾ പരിശീലിക്കുന്ന ഒരു ശ്ലാഘ്യമായ സമ്പ്രദായമാണു്, പ്രാർത്ഥനകൾ, നിറുത്തേണ്ടിടത്തു നിറുത്തി, അവധാനപൂർവ്വം ജപിച്ചുവരുക എന്നുള്ളതു്. കപ്പൂച്ചിൻസഭക്കാർ റീത്തുവ്യത്യാസമോ പ്രാദേശിക പരിഗണനയോ കൂടാതെ, എല്ലാസ്ഥലങ്ങളിലും ഈ പ്രാർത്ഥനാരീതി പ്രചരിപ്പിച്ചുവരുന്നുണ്ടു്. വിനാശപരമായ വിമർശനങ്ങളെക്കാൾ ഫലവത്തായിട്ടുള്ളതാണു് സൃഷ്ടിപരമായ ഈ പ്രവർത്തനപദ്ധതി. സത്യാരാധനസഖ്യത്തിൽ പലരും അംഗങ്ങളായി ചേർന്നാലും ഇല്ലെങ്കിലും ശരി, അവധാനപൂർവ്വമായ ഈ പ്രാർത്ഥനോച്ചാരണരീതി, എല്ലാ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും പ്രചരിപ്പിക്കുന്നതു്, ആദ്ധ്യാത്മികനവീകരണപദ്ധതിയുടെ ആദ്യത്തെ ചവിട്ടുപടിയാണു്. അതോടുകൂടിത്തന്നെ കപ്പൂച്ചിൻ സഭക്കാർ, സത്യാരാധനസഖ്യങ്ങൾക്കു്, ഭക്തഗാനങ്ങൾ ആലപിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. നമ്മുടെ കുടുംബപ്രാർത്ഥനകളിൽ ഭക്തഗാനങ്ങൾക്കു



വി. അലോഷ്യസ്, ദൈവമാതൃസന്നിധിയിൽ

പൂർവ്വാധികമായ സ്ഥാനം കൊടുക്കേണ്ടതാണ്. ദാവീദിന്റെ സങ്കീർത്തനങ്ങളാണ് അവർ ഭക്തിമയമായ രീതിയിൽ ഭാഷാന്തരം ചെയ്ത്, സത്യാരാധന പുസ്തകത്തിൽ കൊട്ടത്തിരിക്കുന്നത്. (He who sings prays thrice) സങ്കീർത്തനങ്ങൾപാടുന്നതുതന്നെ അതിവിശിഷ്ടമായ ഒരു പ്രാർത്ഥനയാണ്. അതിലും ഉപരിയായി അവയിൽനിന്നും നമ്മുടെ ആദ്ധ്യാത്മികജ്ഞാനവും ഉപര്യുപരി വർദ്ധമാനമാകുന്നു. "സങ്കീർത്തനങ്ങൾകൊണ്ടും സ്തുതികൾകൊണ്ടും ആത്മീയഗീതങ്ങൾകൊണ്ടും നിങ്ങളെത്തന്നെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുവിൻ. നന്ദിയോടുകൂടി നിങ്ങളുടെ ഹൃദയങ്ങൾകൊണ്ടു് ദൈവത്തിനു സ്തുതിപാടുവിൻ" എന്നു് പൗലോസ് ശ്ലീഹാ കോളേഷ്യൻ സഭയ്ക്കെഴുതിയിട്ടുള്ള വാക്യങ്ങൾ ഈ തരുണത്തിൽ നമുക്കു ചിന്താവിഷയമാകേണ്ടതാണ്.

അമേരിക്കയിൽ "സെറാഫിക്ക് മൂവ്മെന്റ്" എന്ന പേരിൽ ഫ്രാൻസിസ്കൻ വൈദികർ ഒരു ആദ്ധ്യാത്മികനവീകരണ പ്രസ്ഥാനം ആരംഭിച്ചു നടത്തിവരുന്നുണ്ട്. ആ പ്രസ്ഥാനം അധികപങ്കും യുവജനങ്ങളുടെ ഇടയിലാണ് പ്രചരിച്ചുവരുന്നത്. അതേ മൂശയിൽ വാർത്തെടുത്തിട്ടുള്ളതാണ്, ഈ നാട്ടിൽ കപ്പൂച്ചിൻ വൈദികർ ആരംഭിച്ചു നടത്തിവരുന്ന യുവഫ്രാൻസിസ്കൻ പ്രസ്ഥാനവും സത്യാരാധനസഖ്യവും. ഈ പ്രസ്ഥാനത്തിനു ഒരു വിശേഷമുള്ളത്, അതു് പണ്ഡിതന്മാരെയും പാമരന്മാരെയും, യുവാക്കളെയും വയോധികന്മാരെയും, സ്ത്രീകളെയും പുരുഷന്മാരെയും ഒന്നുപോലെ ആകർഷിക്കുന്നുവെന്നുള്ളതാണ്. അതിൽ റീത്തുവ്യത്യാസവുമില്ല; ദേശവ്യത്യാസവുമില്ല. ഈ പ്രസ്ഥാനം കൂടുതൽ കൂടുതൽ അഭിവൃദ്ധി പ്രാപിക്കുവാനുള്ള സാഹചര്യങ്ങൾ സംജാതമാകുന്ന പക്ഷം, കേരളത്തിൽ ഗണ്യമായ ആദ്ധ്യാത്മികനവീകരണമുണ്ടാകുമെന്നാണ് ഈ ലേഖകന്റെ പ്രതീക്ഷ. മററു കത്തോലിക്കപ്രവർത്തകസംഘടനകൾക്കെല്ലാം വേണ്ട പശ്ചാത്തലം സൃഷ്ടിക്കുവാനും, തീക്ഷ്ണമതികളായ സന്നദ്ധഭടന്മാരെ തയാറാക്കുവാനും ഇങ്ങനെയുള്ള ഒരു ക്രൈസ്തവപുനരുജ്ജീവനപദ്ധതി വളരെ സഹായിക്കുന്നതാണ്.

കേരളീയരായ കപ്പൂച്ചിൻസഭക്കാരുടെ പ്രവർത്തനങ്ങളെ ഇവിടെ ഉദ്ധരിച്ചതു്, മററു സന്യാസസഭകളുടെ പ്രവർത്തനങ്ങളും, നമ്മുടെ ആദ്ധ്യാത്മികവും സാമൂഹ്യവും ആയ അഭിവൃദ്ധിക്കു് തുലോം പ്രയോജനകരമായിരിക്കുമെന്നു കാണിക്കുവാനാണ്. തൃശ്ശിനാപ്പള്ളിലെ സെന്റ് ജോസഫ്സ് കോളെജിലും മദ്രാസിലെ ലയോള കോളെജിലുംമററും സ്തുത്യർഹമായി ഭരണംനടത്തി അനേകായിരം യുവജനങ്ങളുടെ വ്യക്തിമാഹാത്മ്യത്തെ കൈവരുത്തുവാൻ കേരളീയകത്തോലിക്കനായ ഒരു ഫാദർ കളത്തിൽ എസ്. ജെ. അവർകൾക്കു സാധിക്കുമെങ്കിൽ, അങ്ങനെയുള്ളവരുടെ നേതൃത്വവും സേവനവും, എന്തുകൊണ്ടു്, നമ്മുടെ നാട്ടിൽ ലോഭമില്ലാതെ നാം സ്ഥാപിച്ചുവരുന്ന വിദ്യാലയസ്ഥാപനങ്ങൾക്കുണ്ടായിക്കൂടാ? എന്നാണ് ഞാൻ ചോദിക്കുന്നതു്. വിദേശികളുടെ സേവനമല്ല, സ്വതന്ത്രഭാരതത്തിൽ നാം ഇനിയും കാംക്ഷിക്കേണ്ടതു്. വിശുദ്ധന്മാരും ഭക്തിധീരന്മാരുമായ സ്വദേശീയരുടെ സഹകരണമാണ് കേരളത്തിലെ കത്തോലിക്കർ കൂടുതൽ കൂടുതലായി ആഗ്രഹിക്കുകയും ആശ്രയിക്കയും ചെയ്യേണ്ടതു്. പ്രാരംഭത്തിൽ ഈ വിഷയത്തിൽ അല്പസ്വല്പ തടസ്സങ്ങളുണ്ടാകാമെങ്കിലും നാം ത്യാഗബുദ്ധിയോടുകൂടി സ്ഥിരപരിശ്രമം ചെയ്താൽ, ഇന്നത്തെ സ്ഥായിയായ പല ദുസ്ഥിതികൾക്കും തന്മൂലം പരിഹാരം ലഭിക്കുന്നതാണ്. നമ്മുടെ വിദ്യാലയങ്ങളിലെ ഉദ്യോഗങ്ങളൊക്കയും ഈശോസഭക്കാർ കവർന്നെടുക്കുമെന്നുള്ള ഭീതിക്കൊന്നും ഇവിടെ അവകാശമില്ല. വിദ്യാലയങ്ങളുടെ പൊതുനിയന്ത്രണത്തിനു വേണ്ടതിൽ കൂടുതൽ അംഗങ്ങളെ വിട്ടുതരുവാൻ അവർക്കു സാദ്ധ്യമല്ലെന്നുള്ളകാര്യം പ്രത്യേകം ഓർത്തിരുന്നാൽ ഈവക ദുശ്ശങ്കകൾക്കവകാശമില്ല.

പ്രഫസർ അഗസ്റ്റിൻ ദൈവവിളിയുടെ കാര്യം പ്രത്യേകം ഊന്നിപ്പറഞ്ഞുകാണുന്നു. ആദ്ധ്യാത്മികനൈർമ്മല്യവും ത്യാഗശീലവുമുള്ള കുടുംബങ്ങളിൽനിന്നാണ് യഥാർത്ഥമായ ദൈവവിളിയുണ്ടാകുന്നതു്. കത്തോലിക്കാ ജനസമൂഹത്തിന്റെ നാനാമുഖമായ അഭിവൃദ്ധികൾക്കെല്ലാം നിദാനം യഥാർത്ഥമായ ദൈവവിളിയാണ്. നല്ല പട്ടക്കാരില്ലെങ്കിൽ സഭയുടെ പ്രവർത്തനവും സമുദായത്തിന്റെ മേന്മയും, നിർജ്ജീവവും നിഷ്പ്രഭവും ആകും. ഒരുകാലത്തു് ഇൻഡ്യൻ സഭയിലേക്കു പുരോഹിതശ്രേഷ്ഠന്മാരെ അയച്ചുതന്നിരുന്നതു് പേർഷ്യൻ സഭ ആയിരുന്നു. ഇപ്പോൾ അവിടെ ആകെപ്പാടെ ചുരുക്കംചില നാട്ടുപട്ടക്കാർ മാത്രമേയുള്ളു. അതിനു കാരണം ആ ദിക്കിലെ കത്തോലിക്കാ ജനങ്ങളുടെ സമ്പൽസമൃദ്ധിയും സുഖലോലുപത്വവും ആദ്ധ്യാത്മികചൈതന്യരാഹിത്യവുമാണ്. യഥാർത്ഥമായ ദൈവവിളിയുടെ കുറവു് പരിഹരിക്കുവാൻ കുറുക്കുവഴികളൊന്നുമില്ല. ആകയാൽ ജനതാമദ്ധ്യത്തിൽ യഥാർത്ഥമായ ആദ്ധ്യാത്മികനവീകരണം നിർവ്വഹിക്കുവാനുള്ള യാതൊരു മാർഗ്ഗവും ഉപേക്ഷിക്കുവാൻ പാടില്ലെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സഭയുടെ നിലനില്പിനും സുസ്ഥിതിക്കും അതു് അത്യന്താപേക്ഷിതമാണ്.

ജീവചരിത്രപംക്തി

# അൽഫോൻസ് ഡിസ്ജാർഡിൻസ്

## അമേരിക്കയിലെ "ലഘുനിക്ഷേപ പദ്ധതി"യുടെ ജനയിതാവ്

(മാത്യു മട്ടക്കക്കുഴി, കാഞ്ഞിരപ്പള്ളി)

(തുടർച്ച)

ഡിസംബർ മാസത്തിലെ മഞ്ഞണിഞ്ഞ ഒരു സായാഹ്നത്തിൽ, ലീവിസിലെ ഈഡൻ( d n) നഗരത്തിലുള്ള ലാസൊസൈച്ചേ ദെസ് ആർട്ടിസാൻസ് (La societe d s Artisai s) ഹാളിൽ ഒരു മീററിംഗ് സമാരംഭിക്കുകയായിരുന്നു. നൂറിൽപ്പരം കസേരകൾ നിറഞ്ഞുകഴിഞ്ഞു. എല്ലാനിലയിലുമുള്ള ആളുകളും അവിടെ സന്നിഹിതരായിരുന്നു. അൽഫോൻസ് തന്റെ സുഹൃത്തുക്കളെയും അയൽവാസികളെയും അഭിമുഖീകരിച്ചു പ്രസംഗം ആരംഭിച്ചു. അനേകനാളത്തെ പ്രായോഗികപഠനങ്ങൾ വാങ്രൂപത്തിൽ പ്രകാശിതമായി. മിതവ്യയത്തെപ്പററിയും, "ലഘുനിക്ഷേപനിധി"യെപ്പററിയും അദ്ദേഹം സമ്യക്കായി, സുവിശദമായി, സംസാരിച്ചു. "നിധി"ക്കൊരുനായകസമിതിയും, കടവായ്യൂക്ക് ഒരു ക്രെഡിററ് കമ്മിററിയും ആകപ്പാടെയുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും മേൽനോട്ടം വഹിക്കുവാനും ഒരു പരിശോധകസമിതിയും ഉണ്ടായിരിക്കണം. രാത്രിയുടെ മദ്ധ്യയാമത്തിൽ ആ നെടുങ്കൻപ്രസംഗം ഉപസംഹരിക്കപ്പെട്ടു.

നീണ്ടുനിന്ന ഒരു കരഘോഷം. ശ്രോതാക്കൾ തമ്മിൽ തമ്മിൽ നോക്കി. ഒരു നല്ല ആശയം രൂപം പ്രാപിക്കുകയാണ്. എന്തിനു്, അൽഫോൻസ് തന്നെ നിധിയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. വിവിധകമ്മിററികളും നിയമിതമായി. "ഷയറെടുത്തു് അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ മുന്നോട്ടുവരാം" പ്രസിഡന്റിന്റെ ആഹ്വാനമായിരുന്നു അതു്. 80 ആളുകൾ മുന്നോട്ടുവന്നു് അപേക്ഷാഫാറങ്ങളിൽ ഒപ്പിട്ടുതുടങ്ങി.

മൂന്നാഴ്ച്ചക്കുശേഷം ലേവീസിലെ "നിക്ഷേപനിധി" പ്രവർത്തനം ആരംഭിച്ചു. 10 സെൻറായിരുന്നു ആദ്യനിക്ഷേപം. അന്നു മൊത്തം 26 ഡോളർ 40 സെൻറ് നിക്ഷേപമായി കിട്ടിക്കഴിഞ്ഞു. 5 കൊല്ലത്തിനുശേഷം ലേവീസിലെ പാവപ്പെട്ടവരുടെ മൊത്തനിക്ഷേപസംഖ്യ 40,000 ഡോളറായി വർദ്ധിച്ചുകഴിഞ്ഞു; മററുസ്ഥലങ്ങളിലും "നിധി"കൾ ആരബ്ധങ്ങളായി. രാജ്യവ്യാപകമായി "നിക്ഷേപനിധി"പ്രവർത്തനം നടത്തുവാൻ ഒട്ടാവായിലെ ജനസഭയിൽ ഒരു ബില്ലവതരിപ്പിക്കുവാനായിരുന്നു അൽഫോൻസിന്റെ അടുത്തശ്രമം. എന്നാൽ അതു സെനററിൽ അവതരിപ്പിച്ചപ്പോൾ പ്രോവിൻസിന്റെ പരിധിയിൽ ആദ്യം പെടേണ്ട ഒരു ബില്ലാണെന്ന കാരണത്താൽ ഒരോട്ടിനു തള്ളപ്പെട്ടുപോയി. അൽഫോൻസ് ക്യൂബക്ക് നിയമസഭയിൽത്തന്നെ, സുപ്രസിദ്ധ അഭിഭാഷകനായ എം. എൻസീബ് ബല്ലൊ (M. Ensede-belleau )യുടെ സഹായത്തോടുകൂടി പുതിയ ബില്ലവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ഒരു സുഹൃത്തായ സർ ലോമർഗോയിൻ (Sir-Lomer gouii ) ആയിരുന്നു പ്രോവിൻസിന്റെ അന്നത്തെ പ്രീമിയർ. അദ്ദേഹത്തിൽനിന്നും അൽഫോൻസിനു വലുതായ പ്രോത്സാഹനമാണു ലഭിച്ചതു്. താൻതന്നെ അതു സഭയിലവതരിപ്പിക്കാമെന്നും ലോമർ ഭരമേററു. ഉഭയസമിതികളിലും ബില്ല് ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കപ്പെടുകയും ക്യൂബക്ക് സിൻഡിക്കേററ് ആക്ററ് (Qui ec Syndi-cate Ac ) എന്ന പേരിൽ അതു് നിയമമായിത്തീരുകയും ചെയ്തു.

അൽഫോൻസ് സന്തോഷഭരിതനായിത്തീർന്നു. ഒരു നിയമംമൂലം താൻ സമാരംഭിച്ച "നിക്ഷേപപദ്ധതി" അംഗീകരിക്കപ്പെടുകയും അംഗബാധ്യത ക്ലിപ്തപ്പെടുത്തുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. 1908-ന്റെ അവസാനത്തോടെ 12 പുതിയ സംഘങ്ങളും രജിസ്റ്റർചെയ്തു പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പല സ്ഥലത്തും അൽഫോൻസ് പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടുതുടങ്ങി. ഡയറക്ടർമാരെയും കമ്മിററി അംഗങ്ങളെയും ഉപദേശിക്കേണ്ട ഭാരവും അദ്ദേഹം ഏറെറടുക്കേണ്ടതായി വന്നുകൂടി. സമ്മർകാലം മുഴുവൻ "നിക്ഷേപനിധി"യുടെ പ്രവർത്തനങ്ങൾക്കായാണദ്ദേഹം ചെലവഴിച്ചിരുന്നതു്. ഇതൊക്കെയായിട്ടും യാതൊരു പ്രതിഫലവും അൽഫോൻസ് ആവശ്യപ്പെട്ടിരുന്നില്ല; പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകതന്നെ ആരും ഒട്ടു നല്കിയതുമില്ല. എല്ലാം അദ്ദേഹത്തിന്റെ വാർഷികവരുമാനമായ രണ്ടായിരം ഡോളറിൽനിന്നും.

ക്യൂബക്ക് സിൻഡിക്കേററ് ആക്ററുമൂലം അൽഫോൻസിന്റെ നിക്ഷേപപദ്ധതിക്കു വലുതായപ്രചാരം ലഭിച്ചു. എന്നാൽ കാനഡയ്ക്കു് പൊതുവേ അമ്മാതിരി ഒരു നിയമമുണ്ടായിരുന്നില്ല. അൽഫോൻസ് പാർലമെൻറിൽ സിൻഡിക്കേററു് ആക്ടിനോടു സാധർമ്മ്യമുള്ള മറെറാരുബില്ല് പാസ്സാക്കുവാൻ ബദ്ധശ്രദ്ധനായി.

ഒരു സുദിനത്തിൽ അശ്വാരൂഢനായ ഒരു മനുഷ്യൻ പെട്ടെന്നു് അൽഫോൻസിന്റെ ഗൃഹത്തിന്റെ മുൻപിൽ വന്നിറങ്ങി വാതിലിൽ മുട്ടി. സ്പോർട്ട്സ് വേഷം അണിഞ്ഞു് തലയിൽ തൊപ്പിയും ധരിച്ചിരുന്ന ആ ദീർഘകായന്റെ തടിച്ച മേൽമീശ അദ്ദേഹത്തിന്റെ മുഖത്തെ ഗാംഭീര്യത്തിനു മാററുകൂട്ടി.

"ക്ഷമിക്കണം" ആ അപരിചിതൻ സംഭാഷണം ആരംഭിച്ചു. അങ്ങയെ അഭിവാദനം ചെയ്യുന്നതിൽ എനിക്കതിയായ അഭിമാനമുണ്ടു്."

അൽഫോൻസ് മെല്ലെയൊന്നു പുഞ്ചിരിക്കുക മാത്രം ചെയ്തു. ലേവീസിലെ ലഘുനിക്ഷേപസംഘത്തിന്റെ അംഗത്വം സ്വീകരിക്കുന്നതിനുള്ള തന്റെ അഭിലാഷം ആഗതൻ പ്രകടിപ്പിച്ചു. അൽഫോൻസ് അദ്ദേഹത്തിന്റെ തൊഴിൽ ആരാഞ്ഞു.

"ഗവർണ്ണർ ജനറൽ" ആഗതൻ പറയുകയാണ്. അപ്രതീക്ഷിതമായ ഈ മറുപടി അൽഫോൻസിനെ അത്ഭുതാധീനനാക്കി. അദ്ദേഹം ഗവർണ്ണർ ജനറൽ ഗ്രേയെ (Grey) ഒട്ടാവായിൽവച്ചു കണ്ടിട്ടുണ്ടെങ്കിലും ഇപ്പോൾ പ്രഥമവീക്ഷണത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല; സ്പോർട്ട്സ് വേഷം അൽഫോൻസിന്റെ കണ്ണുകളെ കബളിപ്പിച്ചുകളഞ്ഞു. കാനഡായുടെ ഗവർണ്ണർ ജനറൽ—അവിടത്തെ ജനതയുടെ തലവൻ—അത്രെ അവിടെ ആഗതനായിരിക്കുന്നതു്!

"ഏതെല്ലാം തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നിങ്ങളുടെ ബാങ്ക് പ്രവർത്തനം നടത്തുന്നതെന്നറിയുവാൻ എനിക്കത്യധികമായ ഔത്സുക്യമുണ്ടു്. നിങ്ങളുടെ റിക്കാർഡുകളിൽക്കൂടി ഒന്നു കണ്ണോടിക്കുന്നതിനു് എന്നെ അനുവദിക്കുമോ?"

"മഹാത്മൻ! അതിൽ ഞങ്ങൾക്കു സന്തോഷമേയുള്ളു."

ഗവർണ്ണർ ജനറലിനു മടങ്ങേണ്ട സമയമായി. അദ്ദേഹം അൽഫോൻസിനോടായി പറഞ്ഞു. "നിങ്ങളുടെ പദ്ധതിയെപ്പററി പാർലമെൻറിൽ പരാമർശനം നടന്ന വസ്തുത ഇതിനകം അറിഞ്ഞിരിക്കുമല്ലോ. ഒരു കമ്മിററി നിങ്ങളുടെ പ്രവർത്തനങ്ങളെപ്പററി അന്വേഷിക്കുന്നതായിരിക്കും."

കാനഡായിലെ മറേറതൊരു പൊതുപ്രവർത്തകനെക്കാൾ അദ്ദേഹത്തെ വിശ്വസിക്കുന്നതിൽ അപാകതയില്ലെന്നു് അൽഫോൻസിനു ബോദ്ധ്യപ്പെട്ടു; കാരണം അദ്ദേഹം രാഷ്ട്രീയ അടിയൊഴുക്കുകൾക്കെല്ലാം അതീതനാണ്.

"ഈ പദ്ധതിയെ എതിർക്കുന്ന ചില താല്പര്യങ്ങൾ തലയുയർത്തുകയില്ലേയെന്നു ഞാൻ ഭയപ്പെടുന്നു. തല്പരകക്ഷികൾ എന്നെയൊരു വിഡ്ഢിയാക്കുകയും ചെയ്യും." അൽഫോൻസ് ആശങ്ക പ്രകടിപ്പിച്ചു.

"അപ്പോൾ അവർ എന്നെയും ഒരു വിഡ്ഢിയാക്കുവാൻ മടിക്കുകയില്ല. നമുക്കിരുവർക്കും ഒരുമിച്ചു വിഡ്ഢികളാകാം." ഉത്തേജകമായ ഈമറുപടിക്കുശേഷം അദ്ദേഹം ഒരുകഷണംകടലാസിൽ എന്തോ എഴുതി അൽഫോൻസിനെ ഏല്പിച്ചശേഷം ഹസ്തദാനം ചെയ്തു യാത്രയായി. ഗവർണ്ണർ ജനറലിന്റെ ക്യൂബക്കിലുള്ള ഔദ്യോഗികവസതിയിൽ നടത്തപ്പെടാനിരിക്കുന്ന ഒരു സമ്മേളനത്തിലേക്കുള്ള പ്രത്യേകക്ഷണമായിരുന്നു അതു്.

എല്ലാ സ്ഥലത്തും അൽഫോൻസിന്റെ നിക്ഷേപപദ്ധതി അംഗീകരിക്കപ്പെട്ടുവെന്നു പറയേണ്ടതില്ലല്ലോ. മാസച്ചുസററ്സിലെ ബാങ്ക് കമ്മീഷണരായ പിയേറേ ജേ (Pierre Jay) യും ബോസ്റ്റണിലെ സുപ്രസിദ്ധ ഫിലേൻസ്റ്റോറിന്റെ അധിപൻ എഡ്വേർഡ് എ. ഫിലേനും (Edwgrd A. Filane) ഐക്യനാട്ടിലേക്കു് അൽഫോൻസിനെ ക്ഷണിക്കുകയും അവിടെയും നിക്ഷേപനിധികൾ ജന്മമെടുക്കുകയുംചെയ്തു. റസ്സൽ സേജ് ഫൗണ്ടേഷന്റെ(Ru s lSag Founda-tion) ശ്രമഫലമായി ന്യൂയോക്കിൽ നിക്ഷേപപദ്ധതിക്കു് ഹൃദയംഗമമായ സ്വാഗതം ലഭിച്ചു. അക്കൊല്ലംതന്നെ പ്രസിഡന്റ് ടാഫ്ററ് (Taf ) സ്റ്റേററ് ഗവർണ്ണർമാരുടെയും ദക്ഷിണവ്യാപാരകോൺഗ്രസ്സിന്റെയും സംയുക്തസമ്മേളനത്തിൽ അൽഫോൻസിനെക്കൂടെ ക്ഷണിക്കയുണ്ടായി എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

രാഷ്ട്രം, ഔദ്യോഗികനിലയിൽ, അൽഫോൻസിനു് അത്ര വലിയ ബഹുമതിയൊന്നും നൽകിയില്ല. അദ്ദേഹം ആയുരന്തം ഒരു ചുരുക്കെഴുത്തുകാരനായിരുന്നു. എന്നാൽ അൽഫോൻസിന്റെ പ്രശസ്തസേവനങ്ങളെ പരിഗണിച്ചു് മാർപ്പാപ്പായുടെ മാടമ്പിയായി കത്തോലിക്കാസഭ അദ്ദേഹത്തെ ഉയർത്തി ബഹുമാനിച്ചു. വളരെയധികം താമസിയാതെതന്നെ ലഘുനിക്ഷേപനിധികൾക്കു് ഒരു കേന്ദ്രസമിതിയും രൂപീകരിക്കപ്പെട്ടു.

1920 നവംബർ 1-ാം തീയതിയിലെ ദിനപ്പത്രങ്ങൾ ഒരു സന്താപവാർത്തയുമായാണു പുറത്തുവന്നതു്. വടക്കേ അമേരിക്കയിലെ പാവങ്ങളുടെ ബാങ്കിന്റെ സ്ഥാപകനായ ഷെവലിയർ അൽഫോൻസ് ഡിസ്ജാർഡിൻസ് നിര്യാതനായിരിക്കുന്നു എന്നതായിരുന്നു ആ വർത്തമാനം.

അമേരിക്കയിലെ പാവങ്ങളുടെ ഉദ്ധാരണാർത്ഥം ജീവിതം മുഴുവൻ വ്യയംചെയ്ത അൽഫോൻസ് ഡിസ്ജാർഡിൻസിന്റെ നാമധേയം അവിടത്തെ ജനതതി കൃതജ്ഞതാപൂർവ്വം ഇന്നും സ്മരിക്കുന്നു. ഒരു കാലത്തു പത്തിപിടിച്ചിരുന്ന കമ്മ്യൂണിസം കാനഡായിൽ ഇന്നു് നിശ്ശേഷം പരാജിതമായതിന്റെ പ്രധാനകാരണം അൽഫോൻസ് ഡിസ്ജാർഡിൻസിനാൽ സ്ഥാപിതമായ ലഘുനിക്ഷേപനിധികളല്ലാതെ മറെറാന്നുമല്ല. ഇന്നു് അമേരിക്കയിൽ മൊത്തം 9000-ൽപ്പരം നിക്ഷേപസംഘങ്ങളിലായി 100,0000000 ഡോളർ പാവങ്ങളുടെ നിക്ഷേപമായുണ്ടു്. ഗണ്യമായ ഒരു തുക കടവായ്പയായും അവർക്കു ലഭിക്കുന്നു.

1930-ൽ നോവാസ്കോഷ്യാ

ചെറുകഥ

# രക്തക്കളത്തിൽ

(ജെ. തേവർവേലിൽ)

അധികമാരും അറിഞ്ഞില്ല അന്നത്തെ സംഭവം. അറിഞ്ഞവരാരും അധർമ്മത്തിനെതിരായി അധരങ്ങൾ ചലിപ്പിച്ചുമില്ല. കാരണം, ഭരണകൂടത്തെ വിമർശിക്കുന്നവൻ ഭയങ്കരശിക്ഷയ്ക്കു വിധിക്കപ്പെട്ടുമായിരുന്നു.

റഷ്യൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടിട്ട് നാലഞ്ചുമാസങ്ങൾ കഴിഞ്ഞു. പതിവുപോലെ പകലവൻ പശ്ചിമാംബുധിയിൽ മാഞ്ഞു. പ്രകാശത്തിന്റെ തിരോധാനത്തിൽ പക്ഷികൾ കൂടുകളിലേക്കു പറന്നുപോയി. യാമങ്ങൾ ഇഴഞ്ഞുനീങ്ങിയതോടുകൂടെ ലനിൻഗ്രാഡു നിവാസികളാകമാനം ഗാഢനിദ്രയിൽ ലയിച്ചു. ഒരു ശാന്തത എങ്ങും വ്യാപിച്ചു. നഗരത്തിലുണ്ടായിരുന്ന ഒരു കന്യകാമഠത്തിൽ രാത്ര്യാരാധന നടന്നുകൊണ്ടിരുന്നു. പകലിലെ ക്ലേശഭാരത്താൽ തളർന്നു വീണുറങ്ങിയിരുന്ന ആ നഗരവാസികൾക്കുവേണ്ടി ദിവ്യസക്രാരിയുടെ മുമ്പിൽ ഹൃദയംനൊന്തു പ്രാർത്ഥിക്കുകയായിരുന്നു ത്യാഗിനികളായ ആ കന്യകാരത്നങ്ങൾ. അവരുടെ ആത്മാക്കൾ വാനാരൂപികളുമൊത്ത് അഖിലേശനെ വാഴ്ത്തി. അധികസമയം കഴിഞ്ഞില്ല, വാതിൽ കാവൽക്കാരിയായ ഒരു സ്ത്രീ ഓടിക്കിതച്ചുകൊണ്ടുവന്നു: "അമ്മാ! അമ്മാ! അവർ വരുന്നു, എല്ലാം നശിപ്പിക്കും........." എല്ലാവരും പരിഭ്രമിച്ചു. എങ്കിലും തെല്ലും കുലുങ്ങാതെ മദർ മാഗ്ഗററ് വിശുദ്ധ സക്രാരിയുടെ സമീപത്തേക്കു പാഞ്ഞു. വിശുദ്ധ കുസ്തോദി കരങ്ങളിലെടുത്തുകൊണ്ട് ഇതരസഹോദരികളോടായിപ്പറഞ്ഞു: "നാം മരിക്കുവാൻ പോകുന്നു; ശത്രുക്കൾ കവാടത്തിൽ എത്തിയിട്ടുണ്ട്; നമ്മുടെ വിശ്വാസം നാം പരിത്യജിക്കരുതു്, അവസാനമായി ഈശോയെ നമുക്കു സ്വീകരിക്കാം."

മൂന്നുനാലു നിമിഷങ്ങൾക്കുള്ളിൽ അവരുടെ അന്ത്യകുർബാന കൈക്കൊള്ളൽ നടന്നുകഴിഞ്ഞു. മിനിട്ടുകൾ മുന്നോട്ടുനീങ്ങി. നാരകീയമായ ആരവത്തോടുകൂടെ വൈരികൾ കപ്പേളയിൽ പാഞ്ഞുകയറി. "ജീവനിൽ കൊതിയുണ്ടെങ്കിൽ നിങ്ങളുടെ മൂഢവിശ്വാസം ഉപേക്ഷിക്കുക." സംഘനായകൻ അട്ടഹസിച്ചു. ഒരു മിനിട്ടുനേരത്തേക്ക് ശ്മശാനമൂകത എങ്ങും പരന്നു. "ഞങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നു", സഹോദരികൾ ഒത്തൊരുമിച്ച് വിശ്വാസപ്രഖ്യാപനം നടത്തി. ക്രുദ്ധരായ ശത്രുക്കൾ തോക്കുകളുടെ നിറയൊഴിച്ചു. പലരും മരിച്ചുവീണു. കൂപ്പുകൈകളുമായി, മദർ മാഗ്ഗററ് അപ്പോഴും അൾത്താരസ്സരികിൽ മുട്ടുകുത്തി നിൽക്കുകയായിരുന്നു. സംഘനേതാവു തോക്കുചൂണ്ടിക്കൊണ്ടടുത്തുചെന്നു. "അരുതേ" സഹോദരസ്നേഹം അയാളുടെ ശ്രവണപുടങ്ങളിൽ മന്ത്രിച്ചു. ഒട്ടും കൂട്ടാക്കാതെ അയാൾ കാഞ്ചി വലിച്ചു. വെടിയുണ്ട മദറിന്റെ ഹൃദയത്തിലൂടെ കടന്നുപോയി. അവർ നിലംപതിച്ചു. ഒന്നുരണ്ടു നിമിഷങ്ങൾ കഴിഞ്ഞു. മദർ മാഗ്ഗററ് കണ്ണുകൾ തുറന്നു ഘാതകനെ സൂക്ഷിച്ചുനോക്കി. "ലൂനാട് നീയാണോ ഇതു ചെയ്തതു്.?...ദൈവം ക്ഷമിക്കട്ടെ...." പിന്നെയും എന്തോ പറയുവാനായി അവർ ശ്രമിച്ചു. പക്ഷേ, ആ സ്നേഹഗായികയുടെ സംസാരശക്തി ക്ഷയിച്ചുപോയി. അവരുടെ നാവ് നിശ്ചലമാവുകയും നയനങ്ങൾ അടയുകയുംചെയ്തു. അല്പസമയത്തിനുള്ളിൽ മദർ മാഗ്ഗററിന്റെ നിർമ്മലാത്മാവ് നിത്യതയിലേക്കു പറന്നകന്നു. മഠവും കപ്പേളയും ചുട്ടെരിച്ചതിനുശേഷം ആ നിശാസൈന്യം മാർച്ചുചെയ്തു മറഞ്ഞു.

പ്രതിഫലമായി നേതാവായ "ലൂനാടിനു" വിലപിടിച്ച സമ്മാനങ്ങളും ഉയർന്ന ഉദ്യോഗവും ലനിൻ സമ്മാനിച്ചു. കമ്മ്യൂണിസ്റ്റനുഭാവികളുടെ ഹർഷാരവം അയാളെ കോൾമയിർകൊള്ളിച്ചു

മാസങ്ങൾ കഴിഞ്ഞു. സഖാക്കളുടെ സംഘങ്ങൾ ആയിരമായിരങ്ങളെ അരിഞ്ഞുവീഴ്ത്തി. മനുഷ്യഹൃദയങ്ങളിൽ ധാർമ്മികബോധം അടിച്ചമർത്തപ്പെട്ടു. ചുടുനിണം വഴിയോടകളിലൂടെ ഒഴുകി. കൊലയും കൊള്ളിവയ്പും ലൂനാട് മുൻകൈയെടുത്തു പ്രവർത്തിച്ചു. ലനിൻ അയാളെ ആദരിച്ചു. അഭിനന്ദിച്ചു. പക്ഷേ ലൂനാടിനെ ഒരു തീരാവ്യാധി ബാധിച്ചിരുന്നു; ഉറക്കമില്ലായ്മ. കിടന്നാലുടൻ ചുടുചോരയിൽ മുങ്ങിക്കിടക്കുന്ന മദർ മാഗ്ഗററിന്റെ രൂപം അയാളുടെ സ്മൃതിപഥത്തിൽ വന്നുകഴിയും. നീക്കിയാൽ നീങ്ങാത്ത, മാററിയാൽ മാറാത്ത ആ ഭയങ്കരസ്മരണ അയാളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. തന്റെ സിരകളിലൂടെ പ്രവഹിക്കുന്ന അതേ രക്തത്തോടു താൻ ചെയ്ത ഘോരമായ കൈയേററം ലൂനാടിനു മറക്കുവാൻ സാധിച്ചില്ല.

നിത്യതയുടെ വിരിമാറിൽ പോയി വിശ്രമിക്കുവാൻ മാസങ്ങൾ ഓടിയകന്നു. അന്നു പതിവിലധികം ഇരുട്ടിയാണു് ലൂനാട് സിനിമാശാലയിൽനിന്നു മടങ്ങിവന്നതു്. വന്നയുടനെ അയാൾ കിടക്കയെ അഭയംപ്രാപിച്ചു. ലൈററ് അണഞ്ഞു. മണിക്കൂറുകൾ നിരങ്ങിനീങ്ങി. അസാധാരണമായ ഒരു ഭീതി ലൂനാടിനെ ബാധിച്ചു. താൻ ചെയ്ത ഓരോ കൊടുംപാതകവും ഓരോ ദർഭൂതമായി തന്റെനേരെ പാഞ്ഞടുക്കുന്നതുപോലെ അയാൾക്കുതോന്നി. അവയുടെ ജ്വലിക്കുന്ന നയനങ്ങൾ! കൂർത്തുമൂർത്ത ദംഷ്ട്രകൾ! ഭയാനകങ്ങളായ സ്വരങ്ങൾ! ലൂനാടിന്റെ ഹൃദയം ചുടുപിടിച്ചു; ദേഹം വിയർത്തു; അയാൾ ഭയന്നുവിറച്ചു. റിവാൾവർ കൈയിലെടുക്കുവാൻ ശ്രമിച്ചു; എന്നാൽ, ശരീരം അനങ്ങിയില്ല; ഭൃത്യനെ വിളിക്കുവാൻ ശ്രമിച്ചു; എന്നാൽ ശബ്ദം ഉയർന്നില്ല. അയാൾ തുറിച്ചുനോക്കി; ശുഭ്രവേഷമണിഞ്ഞ ഒരു സ്വർഗ്ഗീയകന്യക; കിരാതനായ തന്റെ കൈത്തോക്കിന്റെ മുമ്പിൽ അഞ്ജലീബദ്ധയായിനിന്നു പ്രാർത്ഥിച്ച ആ കന്യകാമണി.....മദർ മാഗ്ഗററ്....തന്നെ നോക്കിവിങ്ങിവിങ്ങിക്കരയുന്നതുപോലെ അയാൾക്കുതോന്നി. ക്രമേണ, ഭയവും വിറയലും നീങ്ങി. അന്തരീക്ഷം ശാന്തമായി. ഒന്നുരണ്ടു വെൺമുത്തുമണികൾ ലൂനാടിന്റെ കണ്ണുകളിൽനിന്നു അയാളറിയാതെ അടർന്നുവീണു.

അന്നു പ്രഭാതത്തിലും കുളിർക്കാററുവീശി. ആപ്പിൾമരങ്ങളിലിരുന്നു കിളികുലം കളകൂജനങ്ങൾ നടത്തി. ഉദയഗിരിത്തട്ടിൽനിന്നും ആകാശമദ്ധ്യത്തിലേക്കു ആദിത്യൻ പ്രയാണമാരംഭിച്ചു. മേഘക്കിടാക്കൾ പുള്ളിമാൻ കണക്കെ നീലാംബരത്തിൽ തുള്ളിക്കളിച്ചു. വിടർന്ന മട്ടമലരുകളുടെ മനംമയക്കുന്ന സൗരഭ്യം നാലുപാടും വ്യാപിച്ചു. ലൂനാട താമസിച്ചിരുന്ന കെട്ടിടത്തിലേക്കു് അയാളുടെ സഹചാരിയായിരുന്ന ഒരു രഹസ്യപ്പോലീസ് മേധാവിയും അഞ്ചാറു പട്ടാളക്കാരും കയറിച്ചെന്നു. ആഗതരെ ലൂനാട് ഉപചാരപൂർവ്വം ഇരുത്തി.

"പോകാൻ തിടുക്കമില്ലായിരിക്കുമല്ലോ?" ലൂനാട് ചോദിച്ചു.

"ഞങ്ങൾക്കു പെട്ടെന്നു പോകണം," പോലീസ്മേധാവി പറഞ്ഞു.

"ഇന്നിത്ര വേഗം?"

"ലൂനാട്! നിങ്ങളെ അറസ്റ്റു ചെയ്യുവാനാണ് ഞങ്ങൾ വന്നതു്."

"കാരണം?"

"നിങ്ങളെപ്പററി സംശയം തോന്നിയിരിക്കുന്നു."

"ആർക്കു?"

"അധികാരികൾക്കു്."

ലൂനാട് പിന്നെ അധികമൊന്നും സംസാരിച്ചില്ല. ഹൃദയത്തിൽ രണ്ടു മൂന്നു തീക്കനൽക്കട്ടകൾ വന്നുവീണതുപോലെ അയാൾക്കു തോന്നി. അപാരമായ കൃതഘ്നതയ്ക്കെതിരായി അയാളുടെ നയനങ്ങളിൽനിന്നു ബാഷ്പകണങ്ങൾ ചാടിയിറങ്ങി കരകവിഞ്ഞ വികാരങ്ങളെ കാര്യമാക്കാതെ ലൂനാട് കരങ്ങൾ നീട്ടിക്കൊടുത്തു..............

"ഗോയ്സോണി"ലെ ചെങ്കോടതി അന്നും സമ്മേളിച്ചു. നിയമലംഘനം രാജദ്രോഹം ഇങ്ങനെ പലതും പലരുടേയും മേൽ ആരോപിക്കപ്പെട്ടു. അവസാനം ജൂറി എഴുന്നേററു. നീതിയുടെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് നിരപരാധരായ സാധുക്കളെ ആ ന്യായാധിപൻ ശിക്ഷയ്ക്കു വിധിച്ചു. അക്രമത്തിന്റേയും അനീതിയുടേയും മുമ്പിൽ വായുംപൊത്തി നിൽക്കുകമാത്രമേ അവർക്കു സാധിക്കുമായിരുന്നുള്ളു. മരണശിക്ഷയ്ക്കും തടങ്കൽ ശിക്ഷയ്ക്കുമായി അന്നു 38 പേരെ വിധിച്ചു....

പാതിരാവായി. സുഷുപ്തിയെ അവലംബിച്ചിരുന്ന "വ്ളാഡിവസ്റ്റോയിലെ" ഒരു ഊടുവഴിയിൽക്കൂടെ, ആയുധധാരികളായ പട്ടാളക്കാർ അഞ്ചെട്ടു തടവുകാരെ കൊണ്ടുപോയി. ഒന്നു രണ്ടു മൈൽ നടന്നുകാണും, അവർ ഒരു ആററുവക്കത്തു എത്തിച്ചേർന്നു. പട്ടാളക്കാർ തടവുപുള്ളികളെ നിരത്തിനിർത്തി. പാലൊളിപരത്തിയ പൂർണ്ണചന്ദ്രനെ ഒരു കറുത്ത മേഘം യവനികയിട്ടു മറച്ചു. ആകാശത്തിൽ തിങ്ങിത്തിളങ്ങിയിരുന്ന നക്ഷത്രങ്ങൾ പലതും കെട്ടുപോയി. പടർന്നു പന്തലിച്ച ഒരു പാഴ്മരത്തിലിരുന്ന രാക്കിളി ശോകഗാനം പാടി.

"റൈററ്" ഒരാൾ "ഓർഡർ" കൊടുത്തു.

ഠാ...ഠെ...ഠെ...തോക്കുകളുടെ തുറന്ന വക്ത്രങ്ങളിൽനിന്നു മൃത്യുബാണങ്ങൾ ഇരമ്പിപ്പാഞ്ഞു. ഞരക്കങ്ങൾക്കിടയിൽനിന്നു, വേദനാനിർഭരമായ വിങ്ങിപ്പൊട്ടലുകളുടെ തടവിൽനിന്നു, ഇരുണ്ട അന്തരീക്ഷത്തിൽ, ലൂനാടിന്റെ വരണ്ട അധരങ്ങൾ ഉരുവിട്ട ശബ്ദം ഉയർന്നുകേട്ടു: "ഈശോ... ക്ഷമിക്കണെ..... മാഗ്ഗററ്...എന്റെ...സഹോദരി..ക്ഷമിക്ക...."

---

യിലെ സെൻറ് ഫ്രാൻസിസ് സേവ്യർ സർവ്വകലാശാല, സാമൂഹ്യപ്രവർത്തനങ്ങൾക്കായുള്ള അവരുടെ വിദ്യാഭ്യാസപദ്ധതിയിൽ അൽഫോൺസിന്റെ ലഘുനിക്ഷേപപദ്ധതിയും ഉൾപ്പെടുത്തിയിരുന്നു. ഇന്നു് കരീബിയനിലും, തെക്കേ അമേരിക്കയിലും, ന്യൂഫൗണ്ട്ലണ്ടിലും ലോകത്തിന്റെ മററു പല ഭാഗങ്ങളിലും ലഘുനിക്ഷേപസംഘങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ലഘുനിക്ഷേപസംഘങ്ങളുടെ ആവശ്യം മനസ്സിലാക്കുവാൻ കഴിയുന്നവരും, തങ്ങളുടെ സമ്പത്തു് സമുദായത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കുവാൻ തല്പരരുമായ എല്ലാവരുംതന്നെ ഈ നല്ല പ്രസ്ഥാനത്തിനു്, അതർഹിക്കുന്ന സ്വാഗതം നൽകാതിരിക്കയില്ലെന്നുള്ളതു് തീർച്ചയാണു്.

(ഇംഗ്ലീഷിൽനിന്നു്)

---

## സന്ന്യാസാർത്ഥികളോട്

കേരളസുറിയാനി കർമ്മലീത്താസഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന സ്കൂൾഫൈനൽ പരീക്ഷ പാസായിട്ടുള്ള യുവാക്കന്മാർ, മേയ് 30-ാം തീയതിക്കു മുമ്പായി തങ്ങൾക്കു് സമീപമുള്ള ആശ്രമാധിപനെ നേരിട്ടുകണ്ടു അപേക്ഷിക്കേണ്ടതാണു്.

എന്നു്

ക. നി. മൂ. സ. പ്രിയോർ ജനറാൾ

---

## വീട്ടുപകടങ്ങൾ

(ശിവറാം)

"തേങ്ങാപ്പീര ചേർത്ത പലഹാരം കഴിക്കുകയാൽ ഒരു കുടുംബത്തിലെ 7 അംഗങ്ങൾ മൃതിയടഞ്ഞിരിക്കുന്നു. ഒരു വയസ്സുള്ള മുലകുടിക്കുന്ന കുട്ടി മാത്രം കഷ്ടിച്ചു രക്ഷപ്രാപിച്ചു." ഒരു ദിവസത്തെ പത്രം കൊണ്ടുവന്ന വിശേഷവാർത്തയാണു് മേൽ കുറിച്ചിരിക്കുന്നതു്. നമ്മുടെ കുട്ടിക്കെങ്ങാനൊരു ചെറിയ ജലദോഷം വന്നാൽ നമുക്കു് പരിഭ്രമമായി. മനശ്ശല്യമായി. എന്തോ ഒരു പന്തികേടായി. "പട്ടാളത്തിലഞ്ഞൂറുപേരൊരുമിച്ചൊടുങ്ങി!" "കൽക്കരിഖനിയിലെ ചുവരിടിഞ്ഞെഴുപതുപേർ ശ്വാസംമുട്ടി മരിച്ചു!" "റെയിൽപ്പാളം തെററി മെയിൽവണ്ടി മറിഞ്ഞിരുപത്തഞ്ചുപേരാശുപത്രിയിലായി!" ഇതൊക്കെ വായിച്ചാലും വലിയ തലപെരുപ്പൊന്നും സാധാരണയൊരാൾക്കുണ്ടാകുന്നില്ല. എന്നാലീസംഭവം നമ്മുടെ സ്വന്തമാൾക്കാർക്കു് നാശമുണ്ടാക്കിയെന്നുവന്നാൽആവലാതിയായി. കരച്ചിലും പിഴിച്ചിലും നെഞ്ചത്തടിയുമൊക്കെയായി. ആ അപകടത്തെക്കുറിച്ചന്വേഷിച്ചറിയാൻ മെനക്കെട്ടു നടക്കുകയും ചെയ്യും. അകലത്തിൽ അന്യർക്കെന്തുവന്നാലുംവേണ്ടില്ല എന്ന ഭാവമാണു് അധികം ആളുകളിലും കാണുന്നതു്. ഈയൊരു ഭാവം മാറണം. മനുഷ്യരാശിയുടെ ജീവൻ വളരെ വിലയേറിയതാണെന്ന ബോധം നമ്മിലുണ്ടാവണം. അങ്ങനെ ജീവനോടുള്ള സ്ഥായി വർദ്ധിക്കുമ്പോൾ അതു യാതൊരു കാരണവശാലും നശിക്കാതിരിക്കാനുള്ള വഴികൾ ഓരോരുത്തരും അവലംബിച്ചുതുടങ്ങും.

തേങ്ങാപ്പീര എങ്ങനെയാണു് ഏഴു ജീവൻ നശിപ്പിച്ചതെന്നു് സ്പഷ്ടമാണു്. ചീഞ്ഞ തേങ്ങാപ്പീര സ്വതവേ വിഷമുള്ളതാണു്. അല്ലെങ്കിൽ അരണവിഷമോ എട്ടുകാലിവിഷമോ മറേറതെങ്കിലും ക്ഷുദ്രജീവികളുടെ വിഷാംശമോ അതിൽ കലർന്നിരിക്കും. ആ വിഷമായിരിക്കാം പലഹാരത്തിന്റെ സ്വാദിൽക്കൂടി കുടുംബാംഗങ്ങളുടെ ഉള്ളിൽ കടന്നതു്.

ഇതാലോചിക്കുമ്പോൾ, ഇപ്പോൾ ജീവിച്ചിരിക്കുന്ന നമ്മളൊക്കെ ഒരുകണക്കിനു ഭാഗ്യവാന്മാരാണു്. നാമെത്ര പലഹാരം തിന്നിരിക്കുന്നു! തേങ്ങാപ്പീര ചേർത്തതും ചേർക്കാത്തതും! അടച്ചുവെക്കാതെ മലർത്തിവെച്ചിരുന്ന കൽച്ചട്ടികളിലെ കറികൾ നാമെത്ര കൂട്ടിയിരിക്കുന്നു! അറിയാതെ അഴുക്കുകലർന്ന വെള്ളമെത്ര നാം കുടിച്ചിരിക്കുന്നു! നാം കഴിച്ചുകഴിഞ്ഞ അനേകം പറ അരിയുടെ ചോറെല്ലാം ഭദ്രമായി അടച്ചുവെച്ചിരുന്ന കലങ്ങളിൽ നിന്നാണോ വിളമ്പിയുണ്ടിട്ടുള്ളതു്? അല്ലായിരിക്കാം. എന്നിട്ടും നമ്മളെല്ലാം മരിച്ചില്ലല്ലോ. അതുകൊണ്ടിനിയും അടച്ചുവയ്ക്കാത്ത കറിയും അണുക്കൾ കലർന്ന വെള്ളവും കുടിച്ചുകളയാമെന്നാണോ വിചാരിക്കുന്നതു്? ഒരുപക്ഷെ നാമെല്ലാം ഒരു കണക്കിനു് തെററിവഴുതി രക്ഷപെട്ടതായിരിക്കാം. ഇനിയും അങ്ങനെ വഴുതി രക്ഷപെടാൻ മാർഗ്ഗവും ഇല്ലായിരിക്കാം. അതുകൊണ്ടു് സൂക്ഷിക്കുക. നമ്മുടെ ആഹാരസാധനങ്ങൾ അടച്ചുവെക്കാനും അടുക്കള വൃത്തിയാക്കാനും വീട്ടുകാരികൾ ശ്രദ്ധിക്കുക. എട്ടുകാലിക്കൂട്ടം പഴുതാരയുടെ മാളവും അരണയുടെ ഉദ്യാനവുമൊക്കെ നമ്മുടെ അടുക്കളയിൽ വേണ്ട. അവ നമ്മുടെ അടുക്കളയിൽ കടക്കാൻ ലജ്ജിക്കണം. വൃത്തിയായി സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ ഈ ക്ഷുദ്രജീവികൾ നാണിച്ചിട്ടു വരുകയില്ല. മൂഷികൻ വെളിച്ചത്തു വരാൻ നാണിക്കുംപോലെ.

ആഹാരങ്ങളിൽ വിഷാംശം ചേർത്തതറിയാതെ അകത്താക്കിയവരിൽ എല്ലാവരും മരിച്ചുപോ



ആഹാരസാധനങ്ങളടച്ചുവയ്ക്കാനും അടുക്കള വൃത്തിയാക്കാനും വീട്ടുകാരികൾ ശ്രദ്ധിക്കുക.

# ഒരു പുരാതന രേഖ*

## കരിയാട്ടിൽ മല്ലാന്റെ ഡി. ഡി. സർട്ടിഫിക്കറ്റ്

ആലങ്ങാട്ടു ഇടവക പുതുശ്ശേരി ഔസേപ്പമെത്രാപ്പോലീത്താ ത്തൂൻ അവർകൾക്കു മല്പാൻസ്ഥാനത്തിനു റോമയിൽ ഉർബ്ബാൻ സിമ്മനാരിയിൽനിന്നു ക്രിസ്ത്വാബ്ദം 1766 ചിങ്ങം 2-ാംനു- 13-ാം ക്ലെമിൻസ്സു പാപ്പായുടെ വാഴ്ചയുടെ എട്ടാം വത്സരത്തിൽ- കൊടുത്ത സർട്ടിഫിക്കാറു.

മലയാളതർജ്ജിമ

സൂചകം:

ആലങ്ങാട്ടു സിമ്മനാരിയിൽ പഠിപ്പിച്ചിരുന്ന കർമ്മലീത്താ മിഷനറിമാരിൽ ചിലർ റോമക്കു പോയപ്പോൾ നമ്മുടെ കഥാനായകനായ ബാലനേയും കൊണ്ടുപോയി. മിഷ്യനറിമാർ താവാട്ടുപേരിനു പകരം പറമ്പുപേരായിരുന്ന കരിയാട്ടി എന്നും, ഔസേപ്പു എന്ന പേരിനു പകരം ഓമനപ്പേരായിരുന്ന കുഴ്യെപ്പ് എന്ന പേരും ആകുന്നു സാക്ഷാലുള്ള വീട്ടുപേരും, പേരും എന്നു വിശ്വസിച്ചിരുന്നതിനാൽ ആ തെററിദ്ധാരണകൊണ്ടാകുന്നു സർട്ടിഫിക്കററിൽ ഇപ്രകാരം വന്നിരിക്കുന്നതു്. എന്നാൽ മെത്രാപ്പോലീത്താക്കുള്ള ബൂളയിൽ തെറുതീർത്തു പുതുശ്ശേരി എന്നും ഔസേപ്പു എന്നും എഴുതിയിരിക്കുന്നതു കാണാം.

ദൈവകൃപയാലെ ശ്രു. റോമകത്തോലിക്കാ പള്ളിയുടെ ഗുരുപ്പട്ടകട്ടിനാൾ സ്ഥാനക്കാരനും വിശ്വാസപരമ്പുതൻ സഭയുടെ പ്രധാന ശ്രേഷ്ഠനുമായ ഔസേപ്പു കസ്തേല്ലി.

നമ്മുടെ ഈ ലേഖനം നോക്കുകയോ കാണുകയോ വായിക്കുകയോ ചെയ്യുന്ന എല്ലാവർക്കും ഓരോരുത്തർക്കും നമ്മുടെ കർത്താവിൽ സ്വസ്തം.

അപ്പസ്തോലന്മാരുടെ പ്രഭുവായ ഭാഗ്യപ്പെട്ട മാർ പത്രോസും, പുറജാതികളുടെ ഗുരുവായ ഭാഗ്യപ്പെട്ട മാർ പൌലോസ്സും തങ്ങളുടെ രക്തകരുതികളാൽ അതിനെ സ്ഥാപിക്കുകയും മിശിഹാകർത്താവിന്റെ സഹായത്താലും ദിവ്യ ഉപദേശത്താലും അതിനെ പഠിപ്പിക്കുകയും ചെയ്തു. എത്രയും ശ്രു. റോമാപ്പള്ളിമിശിഹായുടെവിശ്വാസം കൈക്കൊണ്ട ആദ്യംമുതൽ തന്റെ സ്കൂൾകളിൽനിന്നു നല്ല ജീവിതവും പള്ളിക്കടുത്ത അറിവുകളും എന്നുതന്നെയുമല്ല ദൈവബോധജ്ഞാനത്താൽ അലങ്കരിക്കപ്പെട്ടവരുമായ ആളുകളെ ലോകത്തിന്റെ നാനാഭാഗങ്ങളിലും ദൈവവചനം വിതയ്ക്കുന്നതിനായിട്ടു് യാത്രയാക്കുന്നതു പതിവുള്ള ഒരു കാര്യമാകുന്നു. ആയതു ഏവൻഗേലിക്കടുത്ത വാക്യങ്ങളാൽ അതായതു്: "എന്റെ കുഞ്ഞാടുകളേയും പള്ളാടുകളേയും നീ മേയ്ക്കു" എന്നതിനാലും ശ്രു. പത്രോസിന്റെ ഉത്തമദൃഷ്ടാന്തത്താലും പഠിപ്പിക്കപ്പെട്ടവരായ ശ്രു. മാർപ്പാപ്പമാർ ഇത്രകാലമായിട്ടും, ദൈവകൃപയാൽ രക്ഷാകരമായിട്ടും തങ്ങളുടെ ഇടയന്നടുത്ത തൊഴിലിന്നു തക്കവണ്ണവും അവിശ്വാസികൾ ദിവ്യവിശ്വാസത്തിനു ആകർഷിക്കപ്പെടുന്നതിന്നും, ഈ ദൈവികവിശ്വാസത്തിൽനിന്നു തെററിപ്പോകുന്ന ജനങ്ങളെ അതിൽ തിരിച്ചു മിശിഹായുടെ ജ്ഞാനതൊഴുത്തിൽ വീണ്ടും ചേർക്കുന്നതിനുമുള്ള തങ്ങളുടെ ചുമതലയെ ശുഭമായിട്ടു നടത്തിപ്പോന്നു. അപ്പോഴാ ഈ ന്യായങ്ങൾനിമിത്തമായിട്ടു തന്നെ ഭാഗ്യപ്പെട്ട ഓർമ്മയുടെ എട്ടാമത്തെ ഉർബാനോസ്സു മാർപ്പാപ്പാ (ഇയാളുടെ ഓർമ്മ എപ്പോഴും ഭാഗ്യപ്പെട്ടതാകട്ടെ) ഭൂമിയുടെ നാനാഭാഗത്തിലുമുള്ള നാനാജാതികൾക്കു സത്യവിശ്വാസം പരക്കുന്നതിനായിട്ടു നാനാജാതി പൈതങ്ങൾക്കു പഠിപ്പാൻ തക്കതായിട്ടു ഒരു പാഠകശാല ഏർപ്പെടുത്തി തന്റെ നാമധേയത്തിൽ "ഉർബാൻ പാഠകശാല" എന്നു ആയതിനു പേരിടുകയും, അതിലെ ഉപാദ്ധ്യായന്മാർക്കും ശ്രേഷ്ഠന്മാർക്കും, ശ്ലീഹാക്കടുത്ത അധികാരത്താൽ മേൽപറഞ്ഞ പാഠകശാലയുടെ അടിസ്ഥാനത്തിങ്കലും, നിയമങ്ങളിലും, സ്ഥാപനങ്ങളിലും ഈ മാർപ്പാപ്പാതന്നെ മിശിഹാക്കാലം 1628 ഇടവമാസം 1-ാംനു- യിൽ തന്റെ വാഴ്ചയുടെ മൂന്നാം വർഷത്തിൽ റോമാപ്പുരിയിൽ "മരിയമജോരെന്ന" അരമനയിൽവെച്ചു കല്പിച്ചുകൊടുത്ത തിരുവെഴുത്താൽ പല അധികാരങ്ങളും സ്വാതന്ത്ര്യങ്ങളും കല്പിച്ചുകൊടുക്കുകയും ചെയ്തു. എന്നുതന്നെയുമല്ല, തക്ക കാലംവരേയും അതിൽ ശാസ്ത്രവിദ്യകളെ പഠിച്ചു അറിവിലും നല്ല ജീവിതത്തിലും, അഭിവൃദ്ധിയുള്ളവരും മതിമാന്മാരുമായി കണ്ടെത്തപ്പെടുന്നവർക്കു ഉപദേഷ്ടാക്കന്മാരുടേയും ശാസ്ത്രികളുടേയും പതവികൾ അനുവദിക്കപ്പെട്ടവയായിരുന്നാലും, "വിയന്നേൻസീസ്" സംഘത്തിന്റെയും പ്രത്യേകം, ടി പ്രധാനപ്പെട്ട പട്ടണത്തിലെ സർവ്വകലാശാലയുടേയും അഭിപ്രായത്തിനു തക്കവണ്ണം അതാതു് പതവിക്കു തക്ക മുദ്രകൾ നൽകപ്പെട്ടു, ഇതിൽ ഓരോ തരത്തിൽ ജയിക്കുന്നവർക്കു് ഓരോ തരം സ്വാതന്ത്ര്യങ്ങളും വിശേഷാനുവാദങ്ങളും മുദ്രകളും നൽകപ്പെട്ടു. ഇതിനാൽ മലയാളരാജ്യത്തിൽ മങ്ങാട്ടു എന്നു പറയുന്ന ദിക്കുകാരനായ മലയാളക്കാരനു ഈ പാഠകശാലയുടെ ശിഷ്യനും മിശിഹായിൽ നമുക്കു എത്രെയും പ്രിയപ്പെട്ടവനുമായ കയ്യാട്ടി കുഴ്യെപ്പ് എന്നയാൾ ഈ പാഠകശാലയിൽ വെച്ചു ഫിലസോഫിയ എന്നു പറയുന്ന ശാസ്ത്രം മുഴുവനും തെയോളജിയ എന്നു പറയുന്ന ദൊഗ്മാത്തിക്കാ. അതായതു് ദൈവികശാസ്ത്രവും സന്മാർഗ്ഗസമ്മന്തമായിട്ടുള്ള ആ ഭാഗങ്ങളും വിശേഷമായിട്ടും, അസാമാന്യമായിട്ടും പഠിക്കുകയും, അയാളുടെ ജീവിതവും, വ്യാപാരവും, ക്രിസ്ത്യാനിക്കടുത്ത പഠിനത്തിന്നും, ഉപദേശത്തിന്നും തക്കതു അതിൽ അഭ്യാസവും, മതിപ്പുമുള്ളതുമായിക്കണ്ടെത്തപ്പെടുകയും ചെയ്തു. ആകയാൽ മേൽപറഞ്ഞ ശ്രു. മാർപ്പാപ്പയുടെ കല്പനക്കും അഭിപ്രായത്തിനും, തക്കവണ്ണം ചെയ്യുന്നതിന്നു മനസ്സായി ഇയ്യാളുടെ അറിവിനെ പരിശോധിക്കുന്നതിനു മൂന്നു സംഗതികളെ ചോദിപ്പാൻ നിശ്ചയിച്ചു. ആയതിൽ ഒന്നാമത്തേതിൽ പൂർവ്വിക അജ്ഞാനശാസ്ത്രിയായ അരിസ്തോത്തിയെസ് എന്നയാളുടെ മെതാപീസക്കാ, ഗൂഢതത്ഥശാസ്ത്രവും, മൂന്നാം പുസ്തകം രണ്ടാം അദ്ധ്യായംതന്നെ അതായതു സൃഷ്ടിപ്പുകളുടെ ചയനാചയനങ്ങളോടു ദൈവത്തിനുള്ള സന്ധിപ്പു.

2-ാമതു. തോമ്മാമല്പാന്റെ ദൈവികപുസ്തകം 1-ാം ഭാഗം മുപ്പത്തിമൂന്നാം ചോദ്യം, ഒന്നാം നിത്തു. അതായതു ദൈവാളുകൾ മൂന്നായിരുന്നാലും ദൈവം ഒരുത്തൻ മാത്രമായിരിക്കുന്നു എന്നുള്ളതു ന്യായംകൊണ്ടു കണ്ടുപിടിപ്പാൻ പാടുള്ളതല്ല.

3-ാമതു. മേൽപറഞ്ഞ പുസ്തകം പ്രഥമഭാഗം ഒന്നാംചോദ്യം ഒന്നാം നിത്തു, അതായതു ശ്രു വേദപുസ്തകം കുറഞ്ഞാൽ ചില ഭാഗങ്ങളും ചില അദ്ധ്യായങ്ങളും തെളിവായിട്ടുള്ളതല്ലാ എന്നുള്ളതുതന്നെ.

ഈ ചോദ്യങ്ങൾക്കു ഇന്നേ ദിവസം മേൽപറഞ്ഞ ഉർബാൻ പാഠകശാലയുടെ പ്രധാന ഗുരുഭൂതനായ ബ. ഇൻറഫൊർൻസു അസാന്ത് കാർളൊ എന്ന പട്ടക്കാരന്റെയും ദൈവശാസ്ത്രം, തക്കശാസ്ത്രം മുതലായവകളുടെ കീത്തിപെട്ട മല്പാന്മാരുടേയുംമററും പല കീർത്തിപെട്ട ആളുകളുടേയും മുമ്പാകെവെച്ചു പരസ്യമായി ശാസ്ത്രോക്തിയോടും, വാക്കു് സാമത്ഥ്യത്തോടും, അതിശയിപ്പാൻ തക്ക വിധത്തിലും, എത്രെയും ചേലുള്ള ക്രമത്തോടുംകൂടെ ഉത്തരിക്കയും തെളിയിക്കുകയും പ്രത്യക്ഷീകരിക്കുകയും മേൽപറഞ്ഞ എല്ലാ സംഗതികളേയും ന്യായങ്ങളാൽ സ്ഥിരീകരിക്കുകയും, വിഭാഗിക്കുകയും, ചോദിക്കുകയും, നിണ്ണയിക്കുകയും ചെയ്തു. ഇതിനാൽ ഒന്നാമതു മേൽപറഞ്ഞ പാഠകശാലയിലെപ്പോലെ മിക്ക ദിവ്യശാസ്ത്രത്തിന്റെ ഗുരുവായ ബ: സന്യാസ് ക്ലേരി പീലിപ്പോളോപ്പസ്സ് എജമാനൻ അവർകളുടേയും. പിന്നീടു മേൽപറഞ്ഞ പാഠകശാലയുടെ തെവൂളോജിയ മൊരാൾ എന്ന ധമ്മശാസ്ത്രത്തിന്റെ മല്പാനായ പ്രസംഗക്കാരുടെ അതായതു ദൊമ്മനീക്കാസ് എന്ന സഭക്കാരനായ തോമ്മാ മരിയ കർബോനിഎന്ന പട്ടക്കാരന്റെയും ഇപ്രകാരംതന്നെ മേൽപറഞ്ഞ പാഠകശാലയിൽ "ഫിലസോഫിയ" അതായതു തക്കശാസ്ത്രത്തിന്റെ ഗുരുവും, കമയദ്രേൻസു സഭക്കാരനുമായ ഏ: ബ: "അവരേലിയൂസ് ലെവോൻ" എജമാനൻ അവർകളുടേയും മററു തേവളോജിയ മല്പാന്മാരുടേയും മുമ്പാകെവെച്ചു അവരുടെ മനപ്പൂർവ്വമായ സമ്മതവും, മതിപ്പും ലഭിക്കുകയും കനവാനായി എണ്ണപ്പെടുകയുംചെയ്തു. ഇതിനാൽ മേല്പറഞ്ഞവരെല്ലാവരുടേയും ഏക സമ്മതത്തോടും, യാതൊരുത്തനും എതിരുപറയാതെ ഏകോപിച്ചു ഉയന്ന സ്വരത്തോടെ തെവളോജിയ മല്പാന്മാരുടെ പതവിക്കു യോഗ്യതയുള്ളവനാകുന്നു എന്നും സ്ഥിരപ്പെടുത്തി പറഞ്ഞു. ഇതിനാൽ മേൽപറഞ്ഞ പാഠകശാലയുടെ മേലധികാരിയായ ബ: ഇൻറഫോൻസു് അസാന്തകാർളോസു എന്ന ദേഹം മേൽപറഞ്ഞ കരിയാട്ടി കുഴ്യെപ്പ് എന്ന ആളെവിശ്വാസസംബന്ധമായും, വേദസംബന്ധമായുമുള്ള കാര്യങ്ങളെക്കുറിച്ചു മാഗ്യപ്പെട്ട ഓർമ്മയുടെ നാലാംപീയൂസ്സു മാർപ്പാപ്പയാൽ നിയമിക്കപ്പെട്ട ക്രമത്തിനു തക്കവണ്ണം മേൽപറഞ്ഞ ശ്രേഷ്ഠന്റെ മുമ്പാകെവെച്ചു ദൈവഏവൻഗേലിയോൻ കൈകൊണ്ടു തൊട്ടുകൊണ്ടും, സത്യംചെയ്തുകൊണ്ടും, വിശ്വാസസത്യംചെയ്തു. എന്നാൽ ഉന്നതനായിരിക്കുന്ന ദൈവം മേൽപറഞ്ഞ കരിയാട്ടി കുഴ്യെപ്പ് എന്നയാൾക്കു മേൽപറഞ്ഞ അറിവുകളും, നല്ല ജീവിതവും കൊടുത്തു എന്നുള്ളതു ശ്ലീഹാക്കടുത്ത അധികാരത്താൽ കൂടെയും മഹിമപ്പെടുത്തുവാൻ തിരുമനസ്സായി. ഇതിനാൽ ബ: കരിയാട്ടികുഴ്യെപ്പിനെ തേവളോജിയ, ഫിലസ്സോഫിയ എന്ന ശാസ്ത്രങ്ങളിൽ തനിക്കു യോഗ്യതകളെ സമ്പാദിച്ചവനും, യോഗ്യനും, ഇതിന്നു മതിയാവുന്നവനും, സമത്ഥനും ആകുന്നു എന്നു നിശ്ചയിക്കുകയും മേൽപറഞ്ഞ രണ്ടു ശാസ്ത്രങ്ങളുടേയും മല്പാനെന്നു ആഘോഷമായി പ്രസിദ്ധം ചെയ്യപ്പെടുകയും, സ്ഥാപിക്കപ്പെടുകയും, ഇതിനാൽ മേലിലേക്കു ഇങ്ങിനെയുള്ള സ്ഥാനമാനങ്ങൾ ലഭിച്ചിരിക്കുന്നവർക്കു ഉണ്ടായിരിക്കുന്ന പൊതുവായിട്ടുള്ളതും, പ്രത്യേകിച്ചിട്ടുള്ളതുമായ സകല സ്വാതന്ത്ര്യങ്ങളും സ്ഥാനമാനങ്ങളും, ഉദ്യോഗങ്ങളും, ബഹുമതികളും ഉണ്ടായിരിക്കുന്നു. ആയതു അന്യപട്ടണങ്ങളിൽ തന്നെയല്ല. തലപ്പട്ടണമായ ഈ നഗരത്തിലും ഉണ്ടു എന്നുതന്നെയുമല്ല ലോകത്തിൽ എവിടെയെങ്കിലുമുള്ള തെവൂളോജിയ മല്പാന്മാർക്കുള്ള സകല സ്വാതന്ത്ര്യങ്ങളും ഉണ്ടായിരിക്കണമെന്നു നാം മനസ്സായിരിക്കുന്നു. വിശേഷിച്ചു, വായിക്കുന്നതിന്നും, പഠിപ്പിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിന്നും, മല്പാനടുത്ത സിംഹാസനത്തിൽ ഇരിക്കുന്നതിനും അപ്രകാരംതന്നെ മല്പാന്മാർക്കടുത്ത പൊതുവായിട്ടുള്ളതും, തനിച്ചായിട്ടുമുള്ള സകല പ്രവൃത്തികളേയും, പൊതുവിലും തനിച്ചും ഇയാൾക്കു ഇഷ്ടമാകുന്നപോലേയും കൊള്ളാമെന്നു തോന്നുന്നപോലേയും നടക്കുന്നതിനുള്ള അനുവാദവും, സ്വാതന്ത്ര്യവുമുള്ള അധികാരവും, മുഷ്കരത്വവും കൊടുക്കുന്നു. കടശി മേൽപറഞ്ഞ കാര്യങ്ങളുടെ തീർച്ചക്കു ഇങ്ങിനെ ശാസ്ത്രജ്ഞന്മാരായുള്ളവർക്കു കൊടുക്കമാറാകുന്ന മുദ്രകളെ മേൽപറഞ്ഞ കാരിയാട്ടിക്കു കൊടുത്തതുമെന്യേ അയാളുടെ മോതിരവിരൽക്കു ഒരു മോതിരവും, മുടിക്കു പകരം തലയിൽ ബിരെത്തി എന്നു പറയുന്ന തൊപ്പിയും, വെച്ചു് എന്ന ഉടനെ ചില പുസ്തകങ്ങളെ തുറന്നതായിട്ടും, ചിലതു അടച്ചതായിട്ടും അയാളുടെ കൈകളിൽ കൊടുത്തു കടശി ഇയ്യാളെ തെവളോജിയ മല്പാന്മാരുടെ കൂട്ടത്തിൽ ചേർത്തു എന്നും, അതിൽ ഒരുവനായി എണ്ണപ്പെട്ടവെന്നും, ഉള്ള അറിവിന്നായി ഇയ്യാളെ മല്പാനടുത്ത സിംഹാസനത്തിൽ ഇരുത്തി എന്നും, തന്നെയുമല്ല അവിടെ കൂടിയിട്ടുണ്ടായിരുന്ന മല്പാന്മാരും ശാസ്ത്രികളും, ഇയ്യാളെ തങ്ങളിൽ ഒരുവനായി എണ്ണപ്പെട്ട എന്നതു സന്തോഷത്തോടെ സമ്മതിച്ചു എന്നുള്ള അടയാളത്തിന്നായി എല്ലാവരും ഇയ്യാളെ സഹോദരചുംബനം തഴുകിക്കൊണ്ടു ചേർക്കുകയുംചെയ്തു. എന്നാൽ ഇതൊക്കെ സർവ്വവല്ലഭനായിരിക്കുന്ന ദൈവത്തിന്റെയും നമ്മുടെ കർത്താവീശോമിശിഹായുടേയും സ്തുതിക്കും ബഹുമാനത്തിനും ആയിരിക്കട്ടെ. ആമ്മേൻ.

ഇവകളുടെ ഏററം വലിയ ഉറപ്പിനും, സാക്ഷിക്കുമായിട്ടു മേൽപറഞ്ഞ മഹാന്മാരുടെ മുമ്പാകെ കൈവെച്ചു തന്ന ഈ സാധനം നമ്മുടെ കൈകൊപ്പാൽ സ്ഥിരപ്പെടുത്തി. ഇങ്ങിനെയുള്ള സംഗതിയിൽ പതിവായിരിക്കുന്നതുപോലെ നമ്മുടെ മുദ്രകൂടേയും പതിച്ചുകൊടുപ്പാൻ നാം കല്പിച്ചു.

ഇതു റോമ്മാപുരിയിൽ വിശ്വാസപരമ്പുതൻ സഭയുടെ ഉർബാൻ സിമ്മനാരിയിൽവെച്ചു കൊടുക്കപ്പെട്ടതു. ഇതു ക്രിസ്താബ്ദം 1766 ചിങ്ങമാസം 2ാംനു-. 13ാം ക്ലെമിൻസ്സു പാപ്പായുടെ വാഴ്ചയുടെ എട്ടാംവത്സരം വിശ്വാസപരമ്പുതൻ സഭയുടെ പ്രധാനശ്രേഷ്ഠനായ ഔസേപ്പു കസ്തേല്ലി കർദ്ദിനാൾ. ഒപ്പു.

എം. മരെസുസ്സുസു.
സെക്രട്ടറി.

* കരിയാട്ടിൽ മല്പാൻവേദശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടിയതിന്റെ ലത്തീനിലുള്ള സർട്ടിഫിക്കററ് മലയാളത്തിലേക്കു തർജ്ജിമചെയ്തു മാന്നാനാശ്രമത്തിൽ സൂക്ഷിച്ചിരുന്നതു അതേപടി പകത്തിയതാണു് ഈ രേഖ. ഇപ്പോഴത്തെ ഡി. ഡി. സർട്ടിഫിക്കററുകൾ രണ്ടുമൂന്നു വാചകത്തിൽ കൂടുതലില്ല. പഴയ സർട്ടിഫിക്കററുകളുടെ രീതി കാണുവാനും കേരളീയക്രിസ്തീയസഭയുടെ ഒരഭിമാനസ്തംഭമായ കരിയാട്ടിൽ മല്പാനെപ്പററി കൂടുതലായി അറിവാനും ഈ രേഖ ഉപകരിക്കുന്നു.

---

# പള്ളിപ്പാട്ട്

(ജേക്കബ് ജോസ് ബി. എ.)

പരമപ്രധാനവും എന്നാൽ ത്യാജ്യകോടിയിൽ തള്ളിയിരിക്കുന്നതുമായ ഒരു വിഷയമാണു് പള്ളിയിലെ പാട്ടു്. പള്ളിയിലെ പാട്ടു് എന്നതുകൊണ്ടു വിവക്ഷിക്കുന്നതു് സാധാരണമായി അച്ചന്മാരോ, പാട്ടുകാരോ പള്ളിയിൽ പാടുന്ന പാട്ടല്ല, പ്രത്യുത, തിരുനാളുകൾക്കും മററും ഉച്ചഭാഷിണിമൂലം പാടുന്ന സംഗീതങ്ങളെക്കുറിച്ചാണു്. എന്നാൽ ഇതിനുമുൻപും ഇതേക്കുറിച്ചു സത്യദീപത്തിൽത്തന്നെ ലേഖനങ്ങൾ വായിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നു. എങ്കിലും ആരും അത്ര ഗൗരവതരമായ വിഷയമായി കരുതിയിട്ടില്ലായെന്നാണു് തുടർന്നുള്ള അനുഭവങ്ങളിൽനിന്നു മനസ്സിലാകുന്നതു്. ചില പള്ളികളിൽ സിനിമാപ്പാട്ടുകൾവച്ചു പാടിക്കാൻ വൈദികർപോലും അനുവദിക്കുന്നതുകൊണ്ടല്ലേ ഇന്നും ഇതേ അനുഭവംതന്നെ തുടരുന്നതു്. എന്തുകൊണ്ടു് ഇതിന്റെ ഗൗരവം ഇവർ മനസ്സിലാക്കുന്നില്ലായെന്നാണു് ഈ എളിയലേഖകന്റെ വിനീതചോദ്യം. പരിപാവനമായ പള്ളിപ്പരിസരങ്ങളിൽ, അഥവാ, സാക്ഷാൽ ദൈവംതന്നെ എഴുന്നള്ളി വസിക്കുന്ന ആ സ്ഥലത്തു്—"നീയെൻ ചന്ദ്രനെ ഞാൻ നിൻ ചന്ദ്രിക", "തു മേരാ ചാന്ദിനി", "എൻ മനമേ കവരും നാഥനെ", "തങ്കക്കിനാക്കൾ ഹൃദയേ വീശും വാനാന്തചന്ദ്രികയാരോ നീ" എന്നു തുടങ്ങിയുള്ള പാട്ടുകൾ എത്ര ഹൃദയവേദനയോടുകൂടിയാണു് ഒരു വിശ്വാസി കേൾക്കുന്നതു്. നമ്മുടെ പള്ളിത്തിരുനാളുകൾ വൈക്കത്തഷ്ടമിയോ, മല്ലുക്കൽ

യെന്നു വരില്ല. പക്ഷെ അവർ മരിക്കാതെ പതുക്കെ പതുക്കെ വേദനിച്ചു് വിറച്ചു് കരഞ്ഞു് കണ്ണീരൊലിപ്പിച്ചു് ക്ഷീണിച്ചു രോഗികളായി ജീവിക്കേണ്ടിവരുന്നു.

ചൊറിപിടിച്ചും ചടഞ്ഞു തൂങ്ങിയും ചിലർ നടക്കുന്നതു കാണാറില്ലേ? ആഹാരദൂഷ്യം ചില്ലറവിപ്പവമൊന്നുമല്ല നമ്മുടെ വയാറിനകത്തു വരുത്തുന്നതു്. അവിടം മുഴുവനൊരു ഐ. മൂ. പ്രചരണംപോലെ കിരാതവേട്ട നടത്താനാ ചീരു ഭക്ഷണം മടിക്കയില്ല.

"രക്ഷാബോധം" സുഖമായി ജീവിക്കണമെന്നാഗ്രഹിക്കുന്നവനു് ഒരൊന്നാന്തരം ആയുധമാണു്. നിങ്ങളുടെ രക്ഷാബോധം നിങ്ങളേയും നിങ്ങളുടെ ചുററുപാട്ടുമുള്ളവരേയും ആപത്തുകളിൽനിന്നും രക്ഷിക്കുന്നു. ഒരപകടം നിങ്ങളെ ഒരിക്കലും അകപ്പെടുത്താനിടയാകാതെ "രക്ഷാബോധം" നിങ്ങളെ സഹായിക്കുന്നു.

വളരെ വിലയേറിയ നിങ്ങളുടേയും മററുള്ളവരുടേയും ജീവൻ രക്ഷിക്കാൻ "രക്ഷാബോധം" സ്വയം നിങ്ങളിൽ വളർത്തുക.

പ്രഭാഷണം

## "നമ്മുടെ പ്രതിയോഗി നമ്മുടെ സഹായകനാണു്"

എൻെറ പിതാവിൻെറ അടുക്കൽനിന്നു നിങ്ങൾക്കു ഞാൻ അയക്കുന്ന പാരഖ്ലേത്താ—എൻെറ പിതാവിൻെറ അടുക്കൽ നിന്നു പുറപ്പെടുന്ന ആ സത്യാത്മാവു്—വരുമ്പോഴാ അവൻ എന്നെക്കുറിച്ചു് സാക്ഷിപ്പെടുത്തും. നിങ്ങൾ ആദിമുതൽ എന്നോടു കൂടി ഇരിക്കകൊണ്ടു നിങ്ങളും സാക്ഷിപ്പെടുത്തും. നിങ്ങൾ ഇടറൽപ്പെടാതിരിക്കേണ്ടതിനായി ഇവ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ സംഘങ്ങളിൽ നിന്നു് നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിസമർപ്പിക്കുന്നുവെന്നു് വിചാരിക്കുന്ന നാഴിക വരികയുംചെയ്യും. എന്നാൽ അവർ എൻെറ പിതാവിനെയാകട്ടെ എന്നെയാകട്ടെ അറിയായ്കകൊണ്ടു് ഇങ്ങനെ ചെയ്യും. അവയുടെ നാഴികവരുമ്പോൾ ഞാൻ അവ നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു നിങ്ങൾ ഓർക്കേണ്ടതിനു് ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോടുകൂടിയുണ്ടായിരുന്നതുകൊണ്ടു് നിങ്ങളോടു് ഇവ മുമ്പേ ഞാൻ പറഞ്ഞിട്ടില്ല. (സ്വർഗ്ഗാരോഹണം ഇടഞായർ. യോഹ. 15, 26—16, 4)

ശോകമൂകമായ ഒരു പ്രാർത്ഥനാജാഥ കൊല്ലംതോറും ലണ്ടൻ നഗരത്തിൽ നടക്കുന്നുണ്ടു്. 40 വർഷമായി ആ പതിവു് ആരംഭിച്ചിട്ടു്. ഉദ്ദേശം മുന്നൂറുകൊല്ലങ്ങൾക്കുമുമ്പു് 100 കത്തോലിക്കരെ ന്യൂഗയിററ് ജയിലിൽനിന്നും ടൈബൺ കഴുമരത്തിലേക്കു അണിനിരത്തിക്കൊണ്ടുപോയതിനെ അനുസ്മരിക്കുന്നതിനായിട്ടാണു 3 മൈൽ നീളം വരുന്ന പരസ്യവീഥിയിലൂടെ ലണ്ടൻ കത്തോലിക്കർ ഈ തീർത്ഥയാത്ര നടത്തുന്നതു്. ഇക്കഴിഞ്ഞ വർഷത്തിൽ നടത്തിയ തീർത്ഥയാത്രയിൽ 4000-ഓളം ആളുകൾ സംബന്ധിക്കുകയുണ്ടായി. 3 മെത്രാന്മാർ സ്ഥാനവസ്ത്രങ്ങളണിഞ്ഞു മുന്നണിയിൽ നടന്നു. തൊട്ടുപുറകിലായി വൈദികർ. പിന്നാലെ ജനക്കൂട്ടം. കരങ്ങളിൽ ജപമാലയുമേന്തി നിശ്ശബ്ദമായി പ്രാർത്ഥിച്ചുകൊണ്ടു് അവർ നടത്തിയ വിശ്വാസപ്രകടനം കാണികളുടെ ശ്രദ്ധയെ ഹഠാദാകർഷിച്ചു. വിശ്വാസസംരക്ഷണാർത്ഥം ജീവൻ അർപ്പിക്കുന്നവർക്കു് ഭക്തരായ കത്തോലിക്കരുടെ സ്മരണാവേദിയിൽ സമുന്നതമായ സ്ഥാനമാണു എക്കാലത്തും ഉണ്ടായിരുന്നിട്ടുള്ളതു്.

ചിലപ്പോൾ പോലീസുകാർ നിർദ്ദോഷരായ വ്യക്തികളെ ഭേമിച്ചു് കുററം സമ്മതിപ്പിക്കുവാൻ ശ്രമിക്കാറുണ്ടു്. ഏതാണ്ടതുപോലെ കഴിഞ്ഞ 20 നൂററാണ്ടുകാലമായി, കത്തോലിക്കാസഭയെ മർദ്ദിച്ചുകൊണ്ടു്, "കുററം ഏററുപറയാൻ" ലോകമതിനെ നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സഭയുടെ നിരപരാധിത്വം ഉത്തരോത്തരം വെളിപ്പെടുന്നതിനുമാത്രമാണു് ഈദൃശങ്ങളായ അഗ്നിപരീക്ഷണങ്ങൾ ഉപകരിച്ചിട്ടുള്ളതു്. "നമ്മളുമായി ഗുസ്തിപിടിക്കുന്നവൻ നമ്മുടെ ഞരമ്പുകളെ ശക്തിപ്പെടുത്തുകയും നമ്മുടെ സാമർത്ഥ്യത്തിനു മൂർച്ചകൂട്ടുകയും ചെയ്യുന്നു. നമ്മുടെ പ്രതിയോഗി യഥാർത്ഥത്തിൽ നമ്മുടെ സഹായകനാണു" എന്നു ഒരാംഗ്ലേയഗ്രന്ഥകാരനായ ബർക്ക എഴുതിയിരിക്കുന്നതു് കത്തോലിക്കാസഭയുടെ കാര്യത്തിൽ ഏററം അന്വർത്ഥമായിരിക്കുന്നു. ഏതാണ്ടു് 68-നോടടുത്ത കാലഘട്ടത്തിൽ നീറോ ചക്രവർത്തിയാൽ ഉദ്ഘാടനം ചെയ്യപ്പെട്ട മതപീഡനം 313-ൽ കോൺസ്റ്റൻറൈൻ ചക്രവർത്തി ക്രിസ്ത്യാനികൾക്കു സ്വാതന്ത്ര്യം പ്രദാനം ചെയ്തുവരെ ഒന്നിനുപുറകെ ഒന്നായി അലയടിച്ചുകൊണ്ടിരുന്നു. ആയിരക്കണക്കിനാണു് അക്കാലത്തു ക്രിസ്ത്യാനികൾ തങ്ങളുടെ ചുടുരുധിരം ചിന്താൻ ഇടവന്നതു്. ഏതത്സംബന്ധമായി ലക്ററാൻഷിയസ് എന്ന ചരിത്രകാരൻ എഴുതിയിരിക്കുന്നു, കിഴക്കുമുതൽ പടിഞ്ഞാറുവരെ ഒരു രക്തക്കളമായി തീർന്നെന്നു്. വി. സെബസ്ത്യാനോസ്, ഗീവറുഗീസ്, ആഗ്നസ്, ഫിലോമിന, തർസീസൂസ്, സിസീലിയ, അഗത, യൂലേലിയ, സിമയോൺ, പോളിക്കാർപ്പ്, ലൗറന്തിയോസ്, പങ്ക്റേഷ്യസ്, യുസ്തീനൂസ്, ഇറേനേവൂസ്, ഇഗ്നേഷ്യസ്, സിപ്രിയാനൂസ് തുടങ്ങിയവർ, ഇക്കാലഘട്ടത്തിൽ സ്വരക്തംചിന്തി, ക്രിസ്തുമതത്തിൻെറ ദൈവികത്വത്തിനു സാക്ഷ്യം വഹിച്ചവരിൽ ചിലർ മാത്രമാണു്.

അനന്തരകാലങ്ങളിലും വിവിധദേശങ്ങളിൽ മതപീഡനങ്ങൾപൊട്ടിപ്പുറപ്പെട്ടിട്ടുണ്ടു്. ഇംഗ്ലണ്ടിൽഹെന്റി എട്ടാമൻെറയും എലിസബത്തു മഹാരാജ്ഞിയുടെയും കാലത്തുതോമസ്സ്മോറിൻെറയുംബിഷപ്പ്ഫിഷറിൻെറയുംധീരനേതൃത്വം പതിച്ച പാദമുദ്രകളെ പിഞ്ചെന്നുകൊണ്ടു് ജീവാർപ്പണം ചെയ്ത വീരാത്മാക്കൾ എത്രയെത്ര! അധുനാതനകാലത്തു മെക്സിക്കോയിൽ നടന്ന മതപീഡനത്തിൻെറ ചരിത്രം കണ്ണുനീരോടുകൂടിയല്ലാതെ ആർക്കാണു വായിക്കുവാൻ സാധിക്കുക. അവിടത്തെ രക്തസാക്ഷികളുടെ നട്ടുനായകമായി പരിലസിക്കുന്നതു് ഫാദർ പ്രൊ എന്ന വൈദികനാണു്. 1927-ൽ അന്നത്തെ മെക്സിക്കൻ സ്വേച്ഛാധിപതിയായിരുന്ന കാലസിൻെറ പടയാളികളുടെ വെടിയുണ്ടയേററു് അദ്ദേഹം നിലംപതിച്ചപ്പോൾ അദ്ദേഹത്തിനു 34 വയസ്സുമാത്രമാണു പ്രായമുണ്ടായിരുന്നതു്. പട്ടമേററിട്ടു് രണ്ടുവർഷമേ ആയിരുന്നുള്ളു. കത്തോലിക്കർക്കു് ഫാദർ പ്രോയുടെ മരണം "ഒരു പാഠ"മാകാൻവേണ്ടി, അദ്ദേഹം കൈകൾ കുരിശാകൃതിയിൽ വിരിച്ചുപിടിച്ചു്, ജപമാലയുമേന്തി, വെടിയുണ്ട പ്രതീക്ഷിച്ചു നില്ക്കുന്നതിൻെറയും, വെടിയേററശേഷം രക്തത്തിൽ കുളിച്ചു നിപതിച്ചുകിടക്കുന്നതിൻെറയും ചിത്രങ്ങൾ കാലസിൻെറ ആജ്ഞപ്രകാരം ജനതാമദ്ധ്യത്തിൽ ആയിരക്കണക്കിനു വിതരണം ചെയ്യപ്പെട്ടു. ആ രക്തസാക്ഷിപ്രവരൻെറ മരണം യഥാർത്ഥത്തിൽ കത്തോലിക്കർക്കെല്ലാം പാഠമായി ഭവിച്ചു. കാലസ് പ്രതീക്ഷിച്ച വിധത്തിലല്ലെന്നുമാത്രം. ആ ചിത്രങ്ങൾ സത്യവിശ്വാസത്തെ പ്രതി ജീവൻ അർപ്പിക്കാനുള്ള നിശ്ശബ്ദമായ ഒരാഹ്വാനമായിട്ടാണു കത്തോലിക്കർ കണക്കാക്കിയതു്. അവസാനം കാലസ് പരാജിതനാകയും ദേവാലയങ്ങൾ തുറക്കപ്പെടുകയും മണികളുടെ കളകളാരവം അന്തരീക്ഷത്തിൽ മാറെറാലിക്കൊള്ളുകയും ചെയ്തു. മാത്രമല്ല, ഫാദർ പ്രോയുടെ അന്തിമനിമിഷങ്ങളുടെ മൂകസാക്ഷികളായ ആ ചിത്രങ്ങൾ ഇന്നു, മെക്സിക്കോയിലെ കത്തോലിക്കരുടെ കണ്ണും കരളും കുളിർപ്പിച്ചുകൊണ്ടു് അവരുടെ കൊച്ചുഭവനങ്ങളുടെ ചുമരുകളിൽ തൂങ്ങിക്കിടക്കുകയും ചെയ്യുന്നു. ഫാദർ പ്രോയെ സിദ്ധൻ എന്നു പേരുവിളിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടു്.

ഈ സമയത്തുതന്നെ, ചൈനയിലും റഷ്യയിലും പോളണ്ടിലും ഹംഗറിയിലും കമ്മ്യൂണിസത്തിൻെറ കരാളദംഷ്ട്രകളിലമർന്നിരിക്കുന്ന മററോരോ രാജ്യങ്ങളിലും എത്രയോ പേരാണു തടങ്കൽപ്പാളയങ്ങളിൽക്കിടന്നു ദുരന്തദുരിതമനുഭവിക്കുന്നതു്. എത്രയോ പേരാണു ഇതിനകം മർദ്ദകരുടെ വാളിനിരയായി ഭവിച്ചിട്ടുള്ളതു്. വാസ്തവത്തിൽ, കത്തോലിക്കാസഭയുടെ ജന്മാവകാശമാണു് ഈ മർദ്ദനങ്ങളും പീഡനങ്ങളുമെന്നു നിസ്സംശയം പറയാം. "നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിസമർപ്പിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരികയുംചെയ്യും" എന്നാണല്ലോ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. ആദിമശതകങ്ങളിൽ റോമാചക്രവർത്തിമാർ കത്തോലിക്കരെ പീഡിപ്പിച്ചതു ദേവന്മാരുടെ നാമത്തിലാണു്. അനന്തരശതകങ്ങളിലും, അവരെ നാമാവശേഷമാക്കുന്നതു പൊതുജനനന്മയ്ക്കു് ഉപകാരപ്രദമാണെന്നും തദ്വാരാ ഈശ്വരപ്രസാദകമാണെന്നുമുള്ള മിഥ്യാബോധം ഭരണധുരന്ധരന്മാർക്കുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റുകാർ ഈശ്വരവിശ്വാസികളല്ലെങ്കിലും, കമ്മ്യൂണിസദേവൻെറ പൂജയ്ക്കു കത്തോലിക്കാ മെത്രാന്മാരും വൈദികരും കന്യാസ്ത്രീകളും ഭക്തരായ അത്മേനികളും ആഹുതിചെയ്യപ്പെടേണ്ടതു അനുപേക്ഷണീയമാണെന്നു വിശ്വസിക്കുന്നു. സാധുക്കളുടെ കഷ്ടതകളിൽ മുതലക്കണ്ണുനീർ പൊഴിച്ചുകൊണ്ടു് അവർ ഈ നരവേട്ട നടത്തുകയും ചെയ്യുന്നു. ഓരോരോ പേരിൽ എല്ലായിടത്തും അടികിട്ടുന്നതു കത്തോലിക്കാസഭയ്ക്കുമാത്രം.

എന്നിട്ടും കത്തോലിക്കാസഭ ഒരു ചെറുവിത്തിൽനിന്നു മുളയെടുത്ത വൻവൃക്ഷംപോലെ തഴച്ചു വളരുകയും പടർന്നു പന്തലിക്കുകയും ചെയ്തുവരുന്നതു ഈ സഭ ദൈവസ്ഥാപിതമായിരിക്കുന്നുവെന്നതിനു് അനിഷേധ്യമായ തെളിവാണു്. ശ്ലീഹന്മാർ കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ യഹൂദരിലെ ഒരു പണ്ഡിതനേതാവായ ഗമാലിയേൽ പറഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധാർഹങ്ങളാണു്: "ഇതു മനുഷ്യൻെറ ആലോചനയുടെയും പ്രവൃത്തിയുടെയും ഫലമാണെങ്കിൽ താനേ നശിച്ചുകൊള്ളും. അല്ലാത്തപക്ഷം അതിനെ നശിപ്പിക്കുവാൻ നിങ്ങളെക്കൊണ്ടു് സാധിക്കുകയുമില്ല" (നടപടി 5,38-39) കത്തോലിക്കാസഭയെ ഭൂമുഖത്തുനിന്നു തുടച്ചുമാററുവാൻ പ്രതിയോഗികൾക്കു കഴിയാതെ പോയതു സഭ മനുഷ്യനിർമ്മിതമല്ലാത്തതുകൊണ്ടാണു്. ആ സഭയുടെ അംഗങ്ങളാണെന്ന വസ്തുത നമ്മുടെ അഭിമാനത്തെ തട്ടിയുണർത്തേണ്ടതാണു്; നമ്മുടെ വിശ്വാസത്തെ ഉത്തേജിപ്പിക്കേണ്ടതാണു്; ആ വിശ്വാസം അഭംഗം പാലിക്കുവാനുള്ള അഭിനിവേശം നമ്മുടെ ഹൃത്തടങ്ങളിൽ അങ്കുരിപ്പിക്കേണ്ടതാണു്. ഐറിഷുകാരുടെ ദേശീയഗാനത്തിൽ "കാരാഗൃഹത്തെയും അഗ്നിയേയും വാളിനേയും വെല്ലുവിളിച്ചിട്ടുള്ള തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസം തങ്ങൾ പരിത്യജിക്കയില്ലെന്നു്" ആവർത്തിച്ചാവർത്തിച്ചു അവർ പ്രഖ്യാപനം ചെയ്യുന്നുണ്ടു്. അതു നമുക്കു മാതൃകയായിരിക്കട്ടെ.

ഫാദർ മൈക്കൾ കിർവൻ എന്ന ഐറിഷു ജസ്യൂട്ട വൈദികൻ, ഒരു രക്തസാക്ഷിയായി മരിക്കുവാനുള്ള അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി അനുദിനം ദൈവത്തോടു പ്രാർത്ഥിച്ചുവന്നുവെന്നു തൻെറ സ്നേഹിതനു വെളിപ്പെടുത്തുകയുണ്ടായി. ആ പ്രാർത്ഥന പ്രത്യക്ഷത്തിൽ സഫലമായില്ലെങ്കിലും, അദ്ദേഹത്തിൻെറ ജീവിതസായാഹ്നത്തിലെ ദീർഘമായ സുഖക്കേടിൽ അദ്ദേഹം പ്രദർശിപ്പിച്ച ധീരോദാത്തമായ ക്ഷമ ഒരു രക്തസാക്ഷിയുടെ വീരോചിതമായ സഹനസന്നദ്ധതയോടു് കിടനില്ക്കുന്നതായിരുന്നു. രക്തസാക്ഷികളാകാൻ ആഗ്രഹിക്കുന്നവർ നമ്മിലും പലരുണ്ടായേക്കും. അതിനുള്ള ഭാഗ്യം നമുക്കു ലഭിച്ചെന്നു വരികയില്ല. എന്നാൽ അനുദിനം നമുക്കനുഭവപ്പെടുന്നജീവിതക്ലേശങ്ങൾ—രോഗത്തിൻെറ വിഷമതകൾ, കാലപ്പകർച്ചകൊണ്ടുണ്ടാകുന്ന അസുഖങ്ങൾ, അപവാദങ്ങൾ, പരിഹാസങ്ങൾ, മററുള്ളവരുടെ നിർദ്ദയമായ പെരുമാററങ്ങൾ, അവജ്ഞാദ്യോതകങ്ങളായവീക്ഷണങ്ങൾ, മുള്ളുവാക്കുകൾ, വിമർശനങ്ങൾ, നീതിരഹിതമായ ദൂഷണങ്ങൾ, ഓരോരോ അനിഷ്ടസംഭവങ്ങൾ, അത്യാഹിതങ്ങൾ ഇഷ്ടമിത്രങ്ങളുടെ അപ്രതീക്ഷിതമായ വേർപാടുകൾ, അദ്ധ്വാനം_നിറഞ്ഞ ജോലികൾ, ജീവസന്ധാരണത്തിനുള്ള പ്രയാസങ്ങൾ, പരിഹരിക്കപ്പെടാത്ത അവശതകൾ, നേർവഴിക്കു നയിക്കാൻ പ്രയാസമുള്ള ആവേശങ്ങൾ, ഇങ്ങനെ നൂറായിരം കൂട്ടങ്ങൾ—നമ്മെ അലട്ടുകയും നമ്മുടെ വിശ്വാസസ്ഥൈര്യത്തെ ചോദ്യംചെയ്യുകയും ചെയ്യുമ്പോൾ ആയുധംവച്ചുകീഴടങ്ങാതെ അവയെ ധൈര്യസമേതം ചെറുത്തുനില്ക്കുകയാണെങ്കിൽ നാം യഥാർത്ഥത്തിൽ രക്തസാക്ഷികളാണു്. അത്തരം രക്തസാക്ഷിത്വം വരിക്കുവാൻ നാമോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. ആ "ദൈവവിളി" സ്വീകരിക്കുവാൻ നമുക്കു സന്നദ്ധതയില്ലെങ്കിൽ രക്തസാക്ഷികളുടെ അനന്തരഗാമികളെന്ന മഹനീയസ്ഥാനത്തിനു നാം അർഹരല്ല. രക്തസാക്ഷികളാകാൻ നാം ആഗ്രഹിക്കുന്നെങ്കിൽ, ആ ആഗ്രഹം നിരർത്ഥകവുമാണു്.

P. I. J.

---

ചിറപ്പോ, ഓച്ചിറ ഉത്സവമോ ആയിത്തീരുന്നതിൽ കവിഞ്ഞു് സഭ അധഃപതിക്കുവാനില്ല.

അടുത്തകാലത്തു്, ധാരാളം മതാത്മകമായ സംഗീതങ്ങൾ റിക്കാർഡ്ചെയ്തിട്ടുണ്ടു്. എന്നുകൊണ്ടു് അവ നമുക്കു പള്ളിയിൽ ഉപയോഗിച്ചുകൂടാ? അഥവാ അത്തരം റിക്കാർഡുകൾ ഇല്ലായെങ്കിൽ ഉള്ള റിക്കാർഡുകൾതന്നെ ശരിയായ ഒരു അപഗ്രഥനത്തിനുശേഷം മാത്രമേ പള്ളിയിൽ ഉപയോഗിക്കാവൂ. നിവൃത്തിയുണ്ടെങ്കിൽ സിനിമാപാട്ടുകൾ ദേവാലയത്തിൽ വർജ്ജിക്കുകയാണുത്തമം. സംഗീതം ഒരുപക്ഷേ ശൃംഗാരമയമല്ലാത്തതാണെങ്കിലും അതു പള്ളികൾ പാടിക്കുകമൂലം, പള്ളിക്കു് സിനിമാതീയേററിൻെറ ഒരു പ്രതീതിയാണു് ഉണ്ടാകുന്നതു്. അതുമൂലം, നമ്മുടെ പാവനമതത്തിൻെറ പരിശുദ്ധിയും, ഭദ്രതയും ഇല്ലാതാകുകയല്ലേ ചെയ്യുന്നതു്, എന്നു് നമുക്കു് ആലോചിച്ചാൽമനസ്സിലാകുന്നതാണു്.

മുൻപറഞ്ഞതരത്തിലുള്ള സിനിമാപാട്ടുകൾ പള്ളികളിൽ കേട്ട മനസ്സു മടുത്തതിൻെറ ഫലമായിട്ടാണു് ഞാനിതു് എഴുതുന്നതു്. വിശ്വാസത്തെ ശിഥിലീകരിക്കുന്ന പ്രസ്തുത നടപടി ഇനിയെങ്കിലും തുടരരുതെന്നു് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

---


# രോഗവിവരക്കത്തുകൾ

അത്യാവശ്യമുള്ളവരെപ്പോലെതന്നെ ആവശ്യം കുറവുള്ളവരും രോഗവിവരങ്ങളെഴുതി അയക്കുന്നതുകൊണ്ടു് മറുപടികൾ യഥാസമയം അയച്ചുകൊടുപ്പാൻ സാധിക്കാത്ത ഒരു പരിതസ്ഥിതിയാണു് ഇപ്പോൾ വന്നുകൂടീട്ടുള്ളതെന്നു മാത്രമല്ല മറുപടികളയക്കുന്നതിനുള്ള ചിലവുകളും വളരെ വർദ്ധിച്ചിരിക്കുന്നു. ഈ കാരണങ്ങളാൽ രോഗവിവരക്കത്തുകളെ നിയന്ത്രിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിട്ടുള്ളതുകൊണ്ടു് 1953 മേയ് 15-ാംനു മുതൽ രോഗവിവരങ്ങൾ വിശദമായി എഴുതി അയക്കുമ്പോൾ മണിഓർഡറായോ പോസ്റ്റൽ ഓർഡറായോ സ്റ്റാമ്പു് ആയോ രണ്ടു് ക. കൂടി അയക്കുന്നവർക്കു മാത്രമേ മറുപടികൾ യഥാസമയം ലഭിക്കയുള്ളു എന്നും, ഓരോരുത്തരും ആദ്യമായി അയക്കുന്ന കത്തുകൾക്കു മാത്രമേ ഈ വ്യവസ്ഥ ബാധകമാവുകയുള്ളു എന്നും വ്യക്തമാക്കിക്കൊള്ളുന്നു.

N. B. 500 പേജും ക. 2—0—0 വിലയുള്ളതുമായ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൽ 130-ൽപ്പരം രോഗങ്ങളുടെ ഉത്ഭവകാരണങ്ങളും പ്രതിവിധികളും സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു് ടി പുസ്തകത്തിലെ വിഷയങ്ങളിൽ ശ്രദ്ധപതിക്കുന്നവർക്കു് മേൽപ്പറഞ്ഞപ്രകാരം രോഗവിവരങ്ങൾ എഴുതിഅയച്ചും മററും ബുദ്ധിമുട്ടേണ്ട ആവശ്യം നേരിടുന്നതല്ല.

എന്നു്.

മാനേജർ, **കാളൻ**, നെല്ലായി


---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉണ്ടായ അനുഗ്രഹങ്ങൾക്കു് നന്ദി.

Mr. & Mrs. മുക്കത്തു് ഇസ്സഹാക്കു് ഇസ്സഹാക്കു്, കോതമംഗലം

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. ഏ., ഡി. ഡി.

Vol. 26 | ERNAKULAM MAY 13 1953 | No. 37


## അമേരിക്കൻ വ്യവസ്ഥിതിയിൽ തൊഴിലാളികൾക്കു ക്ഷേമം

അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ ഏററവും വലിയ തൊഴിലാളിസംഘടനയാണ് അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ (A. F. L.). ഏകദേശം 100 ലക്ഷത്തിൽ താഴെ അംഗങ്ങൾ അതിലുണ്ട്. അതിന്റെ സിക്രട്ടറി—ട്രഷാറും എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗവുമാണ് മിസ്റ്റർ ജോർജ്ജ് മീനി (Meany). അമേരിക്കയിലെ സാമ്പത്തിക വ്യവസ്ഥിതിയുടെ സ്വഭാവത്തേയും അതിന്റെ കീഴിൽ തൊഴിലാളിക്ഷേമത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയേയും വിശദീകരിച്ചു ഈ തൊഴിലാളിനേതാവ് 1952 ജനുവരി 24-ാംനു ഒരു പ്രസ്താവന പുറപ്പെടുവിച്ചു. അതിലെ ഉള്ളടക്കമാണ് താഴെ ചേർക്കുന്നത്.

### ക്യാപ്പിററലിസമല്ല, സ്വതന്ത്രവ്യവസായമാണ്

അമേരിക്കൻ തൊഴിലാളികൾ ക്യാപ്പിററലിസത്തെ പിൻതാങ്ങുന്നതെന്തുകൊണ്ട്? യു. എസ്സ്. എ. സന്ദർശിക്കുന്ന ട്രേഡ്‌യൂണിയൻകാർ ഉന്നയിക്കുന്ന ചോദ്യങ്ങളിൽ ഒന്നാണിത്. ഇതിനുള്ള ഒന്നാമത്തെ മറുപടി, അമേരിക്കയിലെ സാമ്പത്തിക വ്യവസ്ഥിതിയെ ക്യാപ്പിററലിസം എന്നു വിളിക്കുന്നതു ശരിയല്ലെന്നാണ്. അമേരിക്കൻ സമുദായത്തിൽ സമൂലവും നിഷ്കൃഷ്ടവുമായ വലിയ മാററങ്ങൾ വന്നിട്ടുണ്ട്. തന്മൂലം ക്യാപ്പിററലിസത്തെപ്പററി കാൾമാക്സ് നൽകിയതും ഇന്നത്തെ സ്റ്റാലിനിസ്റ്റുകൾ ആവർത്തിക്കുന്നതുമായ നിർവ്വചനങ്ങൾക്കും വിശദീകരണങ്ങൾക്കും യാഥാർത്ഥ്യത്തോടു യാതൊരു ബന്ധവുമില്ല. അനേകം ദശവർഷങ്ങളായി, പ്രത്യേകിച്ചും 1932-നുശേഷം അമേരിക്കൻ സമുദായത്തിൽ നടന്നിട്ടുള്ള ഭീമമായ പരിഷ്ക്കാരങ്ങൾ അമേരിക്കൻ വിപ്ലവത്തിന്റെ തുടർച്ചയും പരിണാമപ്രാപ്തിയുമാണ്. പ്രസിഡൻറന്മാരായ ജഫർസൻ മുതൽ റൂസ്‌വെൽട്ട്‌വരെയുള്ള പ്രമുഖന്മാരായ അമേരിക്കൻ സ്വാതന്ത്ര്യവാദികളുടെ ആദർശങ്ങളെ അവ യഥാർത്ഥീകരിച്ചിരിക്കുന്നു. സൗജന്യമായ പബ്ളിക് വിദ്യാഭ്യാസവും സാർവ്വത്രികമായ വോട്ടവകാശവും മുതൽ സാമുദായിക രക്ഷാവ്യവസ്ഥകളും കുത്തകസമ്പ്രദായത്തിനെതിരായ നിയമനിർമ്മാണങ്ങളും വരെ ഉണ്ടായിട്ടുള്ള ഈ പരിഷ്ക്കാരങ്ങളിൽ അമേരിക്കൻ തൊഴിലാളിപ്രസ്ഥാനം മുന്നണിയിൽ നില്ക്കുകയും പൊതുഗുണത്തിനുവേണ്ടി സമരം നടത്തുകയും ചെയ്തിട്ടുണ്ട്. അമേരിക്കയിലെ സാമ്പത്തിക വ്യവസ്ഥിതിയെ സ്വതന്ത്രവ്യവസായവ്യവസ്ഥിതി എന്നു വിളിക്കുവാനാണ് അമേരിക്കൻ തൊഴിലാളികൾ ഇഷ്ടപ്പെടുന്നത്. അവർ ആ വ്യവസ്ഥിതിയെ പിൻതാങ്ങുന്നതിന്റെ പ്രധാനകാരണം, അതു അവർക്കു വളരെ മികച്ച ജീവിതത്തോതും സ്വാതന്ത്ര്യവും പ്രജായത്തഭരണരീതിയും പ്രദാനം ചെയ്തിരിക്കുന്നുവെന്നതാണ്.

### അമേരിക്കൻ തൊഴിലാളികളുടെ സാമ്പത്തികാഭിവൃദ്ധി

അമേരിക്കൻ തൊഴിലാളികൾക്കു കൈവന്നിട്ടുള്ള സാമ്പത്തികാഭിവൃദ്ധി യഥാർത്ഥത്തിൽ ആശ്ചര്യകരമാകുന്നു. 1890-മുതൽ 1950-വരെ ഉള്ള കാലഘട്ടത്തിൽ ഫാക്ടറിതൊഴിലാളികൾക്കു ലഭിച്ച സാക്ഷാൽ കൂലിയുടെ ക്രയശക്തി മൂന്നിരട്ടിയായി വർദ്ധിച്ചു. ആഴ്ചയിലെ വേലസമയം 60 മണിക്കൂറിൽനിന്നു 40-ആയി കുറഞ്ഞു. ഈ ശതാബ്ദത്തിന്റെ ആരംഭത്തിൽ ഒരു വേലക്കാരനും അവന്റെ കുടുംബത്തിനും ലഭിച്ചിരുന്ന വരുമാനത്തിന്റെ 17 ശതമാനം മാത്രമേ ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും വേണ്ട ചിലവു കഴിച്ചാൽ, ബാക്കിയുള്ള ആവശ്യങ്ങൾക്കായി മിച്ചമുണ്ടായിരുന്നുള്ളു. ഇന്നാകട്ടെ അവന്റെ വരുമാനംതന്നെ വളരെ വർദ്ധിച്ചിരിക്കുന്നു. അതിന്റെ ഏകദേശം 40 ശതമാനം, ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും ഉള്ള ചെലവുകൾ കഴിച്ചാൽ, വിദ്യാഭ്യാസം, ചികിത്സ, ഉല്ലാസം, ദേശസഞ്ചാരം ഗൃഹസാമാനങ്ങൾ, സമ്പാദ്യം എന്നീ പ്രധാനകാര്യങ്ങൾക്കായി ചിലവു ചെയ്യുവാൻ ഒരു സാധാരണ തൊഴിലാളിയുടെ കുടുംബത്തിനു സാധിക്കുന്നു. അതിനും പുറമെ തൊഴിലാളിക്കു പണ്ടത്തെക്കാൾ കൂടുതൽ ഒഴിവുസമയം ലഭിക്കുന്നു. തന്റെ യൂണിയന്റേയും തന്റെ മതസഭയുടേയും കാര്യങ്ങളിലും ജീവകാരുണ്യപരവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിലും പങ്കെടുക്കുവാൻ ആ സമയം അവൻ വിനിയോഗിക്കുന്നു. അങ്ങനെ അവൻ സമുദായത്തിലെ പൂർണ്ണവളർച്ച പ്രാപിച്ച അംഗമായിത്തീരുകയും ചെയ്തിരിക്കുന്നു.

### ജീവിതം സുഖകരം

1900-ത്തിൽ 5 അമേരിക്കൻ തൊഴിലാളികുടുംബങ്ങളിൽ ഒന്നിനു മാത്രമേ സ്വന്തം ഗൃഹം ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ അമേരിക്കൻ തൊഴിലാളികുടുംബങ്ങളിൽ പകുതിയിലധികവും സ്വന്തം ഗൃഹങ്ങൾ ഉള്ളവയാണ്. 1900-ത്തിൽ ഇലക്ട്രിസിററി, ടെലഫോൺ, ബാത്തുറൂം, റെഫ്രിജെറേറർ മുതലായി സുഖജീവിതത്തിനുവേണ്ട ഘടകങ്ങൾ ചുരുക്കംപേർക്കുമാത്രമേ സ്വാധീനപ്പെട്ടിരുന്നുള്ളു. ഇന്നാകട്ടെ അവ സർവ്വസാധാരണയായിരിക്കുന്നു; ആഡംബരവസ്തുക്കളായി ഗണിക്കപ്പെടുന്നേയില്ല. ഇതെല്ലാം സാധിക്കുവാൻ ഇടയായതു ദേശീയവരുമാനം വളരെയധികം വർദ്ധിച്ചതുകൊണ്ടാണെന്നുള്ളതിനു സംശയമില്ല.

വർദ്ധമാനമായ ദേശീയവരുമാനത്തിന്റെ വിതരണത്തിൽ തൊഴിലാളികൾക്കു നീതിയുക്തമായ വീതം ലഭിക്കുന്നുണ്ട്. അതിനിടവരുത്തിയ പരിവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ആദായത്തിന്മേലും കുടുംബസ്വത്തിലുള്ള അവകാശത്തിന്മേലും ചുമത്തിയിട്ടുള്ള നികുതികളേയും, പണസംബന്ധവും സാമുദായികവുമായ മററു പരിഷ്ക്കാരങ്ങളേയും തൊഴിലാളികൾ പിൻതാങ്ങിക്കൊണ്ടിരുന്നു. തൽഫലമായി അമേരിക്കയിലെ ധനവിതരണത്തിൽ സമൂലമായ മാററം വന്നിരിക്കുകയാണ്. ദേശീയവരുമാനത്തിന്റെ വീതത്തിൽ 50-ഓ 20-ഓ വർഷങ്ങൾക്കുമുൻപു കൂടുതൽ ഓഹരി ലഭിച്ചിരുന്ന ഗണങ്ങൾക്കു ഇന്നു അതിനെക്കാൾ വളരെ കുറവായ ഓഹരിയാണു ലഭിക്കുന്നതു; നേരെമറിച്ചു തൊഴിലാളികൾക്കു അന്നു ലഭിച്ചിരുന്നതിൽ വളരെ കൂടുതൽ ഓഹരി ലഭിക്കുന്നു.

### ഉല്പാദനവർദ്ധനത്തിന് ഉത്തേജനം

അമേരിക്കാക്കാർക്കു പൊതുവിൽ കൈവന്നിരിക്കുന്ന ഉയർന്ന ജീവിതത്തോതിനു കാരണം സ്വതന്ത്രസമുദായവ്യവസ്ഥിതി പ്രദാനം ചെയ്തിരിക്കുന്ന ഉത്തേജനങ്ങളാണ്. യഥാർത്ഥസ്വാതന്ത്ര്യവും വ്യക്തിപരമായ അവകാശങ്ങളോടുള്ള ബഹുമാനവും മനുഷ്യരുടെ സൃഷ്ടിപരമായ കഴിവുകൾക്കു ഉത്തേജനം നൽകുന്നു. പ്രകൃതി പ്രദാനംചെയ്തിട്ടുള്ള വിപുലവും സമ്പന്നവുമായ വിഭവങ്ങളെ കാര്യക്ഷമമായും പൊതുഗുണത്തിനുവേണ്ടിയും ഉപയോഗപ്പെടുത്തുവാൻ ആ ഉത്തേജനം കഴിവുണ്ടാക്കുന്നു. ഇതിന്റെ ഫലമാണ് വ്യവസായപ്രവർത്തനങ്ങൾസംബന്ധിച്ചു അമേരിക്കയിലുണ്ടായിട്ടുള്ള ആശ്ചര്യകരങ്ങളായ വികസനങ്ങൾ. അവ ഉല്പാദനത്തോതു 50 വർഷങ്ങൾക്കു മുൻപു ഊഹിക്കുകപോലും സാദ്ധ്യമല്ലാതിരുന്ന ലവലിലേക്കു ഉയർത്തിവച്ചിരിക്കുന്നു. ഇന്നു യു. എസ്സ്. ഏ. യിലെ ആളോഹരി ഉല്പാദനം റഷ്യയിലെക്കാൾ ആറോ ഏഴോ ഇരട്ടി ഉയർന്നിരിക്കുകയാണ്.

അമേരിക്കാക്കാരുടെ ഉയർന്ന ജീവിതത്തോതിന്റെ വേറൊരു കാരണം അവിടത്തെ സ്വതന്ത്രവ്യവസായം കൂട്ടുകമ്പനിവിരുദ്ധങ്ങളായ നിയമങ്ങളാൽ (Anti-Trust Laws) ക്രമീകരിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. ഈ നിയമങ്ങൾ സ്വതന്ത്രവ്യവസായങ്ങളെ നിയന്ത്രിക്കുകയും രാജ്യത്തിനു പൊതുവിൽ ദോഷകരമാകാത്തവിധം പരിധികൾക്കുള്ളിൽ ഒതുക്കിനിർത്തുകയും ചെയ്യുന്നു. തന്മൂലം രാജ്യത്തിലെ വ്യവസായക്കമ്പനികൾക്കു ഒന്നിച്ചുനിന്നു കുത്തകയേർപ്പാടുകൾവഴി രാജ്യത്തിലെ സാമ്പത്തികജീവിതത്തെ ശ്വാസംമുട്ടിക്കുവാൻ കഴിയാതാകുന്നു. ഇവയ്ക്കെല്ലാം പിൻബലമായി ട്രെയിഡുയൂണിയനുകൾ അവയുടെ ബൃഹത്തായ ശക്തിയോടുകൂടി നിലകൊള്ളുകയും ചെയ്യുന്നു.

വിലകയററുവാൻവേണ്ടി ഉല്പാദനം കുറയ്ക്കുകയെന്ന സൂത്രം പ്രയോഗിക്കുന്നതിനു യു. എസ്സ്. ഏ. യിൽ സ്വാതന്ത്ര്യമില്ല. അതിനുവേണ്ടി ഒരു കോർപ്പറേഷൻ മററു കോർപ്പറേഷനുമായി ഗൂഢാലോചനകൾ നടത്തരുതെന്നു അവിടെ വിലക്കിയിട്ടുമുണ്ട്. ഈ നിരോധനങ്ങൾനിമിത്തം യഥാർത്ഥമായ കിടമത്സരത്തിനു സൗകര്യങ്ങളുണ്ടാകുന്നു. അമേരിക്കൻ വ്യവസായികളുടെ സാമാന്യമായ നയം മൊത്തം മൊത്തമായ വിലയോല്പാദനമാണ്. നേരിയ ലാഭം ചുമത്തി 1500 ലക്ഷം ജനങ്ങളടങ്ങിയ മാക്കററിൽ അവ വിററഴിക്കുവാൻ അവർ സന്നദ്ധരുമാണ്.

### സ്വതന്ത്രവ്യവസായ സമ്പ്രദായം

ഇങ്ങനെ സ്വതന്ത്രവും കിടമത്സരത്തോടു കൂടിയതുമായ സാമ്പത്തികവ്യവസ്ഥിതി ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഏററവും വലിയ ഉത്തേജനം നൽകുന്നു. വ്യവസായികളും തൊഴിലാളികളും ഒരുപോലെ പുരോഗമിക്കുവാനും, അവരവരുടെ സാമ്പത്തികവും സാമുദായികവുമായ നില മെച്ചമാക്കുവാനും ഉള്ള സ്വാതന്ത്ര്യം പരിരക്ഷിക്കപ്പെടുന്നു.

### ഇനിയും അന്യൂനമല്ല

യു. എസ്സ്. ഏ. യിൽ നിലവിലിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതിയെപ്പററി ഇത്രയും വിവരങ്ങൾ നൽകിക്കൊണ്ടു പ്രസ്തുത തൊഴിലാളിനേതാവു ഇങ്ങനെ ഉപസംഹരിക്കുന്നു:

"ഈ സ്വതന്ത്രവ്യവസായസമ്പ്രദായം അന്യൂനമായി പ്രവർത്തിക്കുന്നുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. തൊഴിലാളിഭാഗത്തുനിന്നു അതിന്റെ കുററംകുറവുകളെ സദാപി വിമർശിച്ചുകൊണ്ടാണിരിക്കുന്നതു. എങ്കിലും ഇതിനെക്കാൾ ഗുണകരമായ മറെറാരു വ്യവസ്ഥിതി എനിക്കറിഞ്ഞുകൂടാ. സാമുദായികദൂഷ്യങ്ങൾ ഇനിയും നിലവിലുണ്ടെന്നു എനിക്കോർമ്മയില്ലാതില്ല. എന്നാൽ ഇനിയും ശേഷിച്ചിരിക്കുന്ന ന്യൂനതകൾ അവയെ ദൂരീകരിക്കുവാൻ നിശ്ചയിച്ചുറച്ചുകൊണ്ടു സ്വതന്ത്രരായ തൊഴിലാളികൾ ചെലുത്തുന്ന ശക്തികളുടെ മുമ്പിൽ ക്രമേണ മാറിമാറിക്കൊണ്ടിരിക്കുകയാണ്.

"അമേരിക്കൻ തൊഴിലാളികൾ സ്വതന്ത്രവ്യവസായത്തെ പിൻതാങ്ങുന്നതിന്റെ മൗലികകാരണങ്ങളിൽ ചിലതാണ് ഇപ്പറഞ്ഞവ. സാമ്പത്തികരംഗത്തിലെന്നപോലെ രാഷ്ട്രീയവും സാംസ്കാരികവുമായ രംഗങ്ങളിലും ഞങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യങ്ങൾ എടുത്തുകളയുവാൻ ശ്രമിക്കുന്ന ഏതൊരു സർവ്വാധിപത്യശക്തിയും അമേരിക്കൻ തൊഴിലാളികളോടു സമരം ചെയ്യേണ്ടിവരും.

"ഞങ്ങളുടെ സാമ്പത്തികവ്യവസ്ഥിതിയോ ആദർശസംഹിതയോ മറെറതൊരു ജനതയുടെമേലും കെട്ടിവയ്ക്കണമെന്ന ആഗ്രഹം അമേരിക്കാക്കാർക്കില്ലെന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മററു രാജ്യങ്ങൾ ഡെമൊക്രാററിക് സോഷ്യലിസത്തിന്റേയോ അവർക്കിഷ്ടമുള്ള ഏതെങ്കിലും വ്യവസ്ഥിതിയുടേയോ പന്ഥാവു തിരഞ്ഞെടുത്തുകൊള്ളട്ടെ. സാമ്രാജ്യപരമായ ആക്രമണം വഴിയായി ലോകസമാധാനത്തേയും ഇതരരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തേയും അവർ ഭീഷണിപ്പെടുത്തരുതെന്നേയുള്ളു. അമേരിക്കൻ തൊഴിലാളികൾക്കും പൊതുവിൽ അമേരിക്കാക്കാർക്കും ഉള്ള ഏക ആഗ്രഹം ഇതരരാജ്യങ്ങളിലെ ജനങ്ങൾക്കു അവരുടെ ജീവിതത്തോതു ഉയർത്തുവാനും തദ്വാരാ സ്വതന്ത്രവേലയുടെ ഫലങ്ങൾ സമാധാനത്തിലും സ്വാതന്ത്ര്യത്തിലും അനുഭവിക്കുവാനും വേണ്ട സഹായങ്ങൾ നൽകണമെന്നാണ്."

യു. എസ്സ്. ഏ. യിലെ സാമ്പത്തികവ്യവസ്ഥിതി ഏററവും ദുഷിച്ച മുതലാളിത്തമാണെന്നും അതിന്റെ ഭയങ്കരമായ ചൂഷണങ്ങൾക്കു അവിടത്തെ തൊഴിലാളികളും സാധാരണക്കാരും അടിപെട്ടു കഷ്ടപ്പെടുകയാണെന്നും കമ്മ്യൂണിസ്റ്റുകാരും, സോഷ്യലിസ്റ്റുകാരും, അവരുടെ അനുഭാവികളും മററു രാജ്യങ്ങളിലെന്നപോലെ ഇന്നാട്ടിലും ഇടവിടാതെ മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണല്ലോ. ഈ ദുസ്ഥിതിക്കു ശരിയായ പരിഹാരമുണ്ടായി തൊഴിലാളികളുടേയും സാധാരണക്കാരുടേയും ജീവിതത്തോതു ഉയരുവാനും അങ്ങനെ അവർക്കു സുഖസൗകര്യങ്ങളോടുകൂടി കാലംകഴിക്കുവാനുമുള്ള ഏകമാർഗ്ഗം കമ്മ്യൂണിസമോ, കുറഞ്ഞപക്ഷം സോഷ്യലിസമോ നടപ്പിൽ വരുത്തുകയാണെന്നു അവർ വാദകോലാഹലം മുഴക്കിക്കൊണ്ടിരിക്കുന്നു. അവ നടപ്പിൽ വരുത്തുവാൻവേണ്ടി നിലവിലുള്ള കോൺഗ്രസ്സ് ഗവർമ്മെൻറിനെ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തകിടംമറിക്കുവാൻ തൊഴിലാളികളെ രാജ്യമാസകലം കൂട്ടുപിടിച്ചു ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സാഹചര്യങ്ങളിൽ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലേക്കു ദൃഷ്ടികൾതിരിച്ചു അവിടത്തെ സാമ്പത്തികസ്ഥിതിയെന്തെന്നു സൂക്ഷ്മമായറിയേണ്ടതു ഏതൊരു സത്യാന്വേഷിയുടേയും സ്വരാജ്യക്ഷേമകാംക്ഷിയുടേയും ഒഴിച്ചുകൂടാത്ത കർത്തവ്യമാകുന്നു. അതിന്റെ നിർവ്വഹണത്തിനു അമേരിക്കയിലെ ഏററവും വലിയ തൊഴിലാളിസംഘടനയിൽ ഏററവും ഉത്തരവാദപ്പെട്ട സ്ഥാനംവഹിക്കുന്ന മി: ജോർജ്ജ് മീനിയുടെ മുകളിലുദ്ധരിച്ച പരസ്യപ്രസ്താവന ഏററവുമധികം സഹായകമായിരിക്കും. സ്വതന്ത്രവ്യവസായത്തെ മുഴുവനായോ മിക്കവാറുമോ നിരോധിക്കുന്നതും സർക്കാരിൽനിന്നുതന്നെ സകല വ്യവസായങ്ങളുടേയും ഉടമയും നടത്തിപ്പും ഏറെറടുക്കുന്നതുമായ കമ്മ്യൂണിസ്റ്റോ സോഷ്യലിസ്റ്റോ വ്യവസ്ഥിതികളിലല്ല, പ്രത്യുത സർക്കാരിന്റെ ന്യായമായ നിയന്ത്രണത്തോടുകൂടിയ സ്വകാര്യവ്യവസായവ്യവസ്ഥിതിയിലാണ്, രാജ്യത്തിന്റെ പൊതുവിലും തൊഴിലാളികളുടേയും സാധാരണക്കാരന്റേയും പ്രത്യേകിച്ചും ക്ഷേമം സ്ഥിതിചെയ്യുന്നതെന്നു യു. എസ്സ്. ഏ. യിലെ അനുഭവം വിളിച്ചുപറയുന്നു.

## പ്രസാധക കുറിപ്പുകൾ

### പബ്ളിക് സർവീസും കത്തോലിക്കരുടെ അവശതകളും

ഇരിഞ്ഞാലക്കുടെ സമ്മേളിച്ച അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് വാർഷികത്തിലെ പൗരാവകാശസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച ഷെവലിയർ തര്യതു കുഞ്ഞിത്തൊമ്മൻ, തിരു-കൊച്ചിയിലെ പബ്ളിക്സർവീസിൽ, കോൺഗ്രസ്സ്ഭരണം ആരംഭിച്ചതിനു ശേഷവും, കത്തോലിക്കർക്കുള്ള പരിതാപകരമായ പിന്നോക്കനിലയെ വെളിപ്പെടുത്തി ചില വസ്തുതകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി:

ഉദ്യോഗങ്ങളുള്ള ജനവിഭാഗത്തിനു പ്രാബല്യവും സ്വാധീനവും കൂടുമെന്നുള്ളതിനു സംശയമില്ല. ഈ നിലയിൽ നോക്കുമ്പോൾ ഈ രാജ്യത്തെ വലിയ ജനവിഭാഗമായ കത്തോലിക്കരുടെ നില ഏററം പരിതാപകരം തന്നെ. 6 കോടിയോളം രൂപാ ശമ്പളവും പടിയുമായി പോകുന്നതിൽ 5-ൽ ഒന്നു ഈ ജനവിഭാഗത്തിനു കിട്ടുവാനർഹതയുണ്ട്. എന്നാൽ 15-ൽ ഒന്നുപോലും ഇപ്പോൾ കിട്ടുന്നില്ലെന്നു ഞാൻ ഖണ്ഡിച്ചു പറയുന്നു.

ഹങ്ഗേർ വകുപ്പാണല്ലോ ഭരണകേന്ദ്രം. എത്ര കത്തോലിക്കാക്രിസ്ത്യാനികൾ ഹങ്ഗേറിലെ ഉയർന്ന ഗ്രേഡുകളിലുണ്ടെന്നു് ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ? 30-ഓളം വകുപ്പദ്ധ്യക്ഷന്മാരുള്ളതിൽ രണ്ടോ മൂന്നോ പേരാണു് കത്തോലിക്കരുള്ളതു്. അതിൽ ഒന്നേ സ്ഥിരപ്പെട്ടതുള്ളൂ. റവന്യൂ ബോർഡിലോ ഡിസ്ട്രിക്ടു് കളക്ടർമാരുടെയിടയിലോ കത്തോലിക്കരാരുമില്ല. ഓരോ വകുപ്പും പ്രത്യേകം പരിശോധിച്ചാലും അതിലൊക്കെ കത്തോലിക്കരുടെ സംഖ്യ വളരെ വിരളമാണെന്നു കാണാം. മെഡിക്കൽ, എഞ്ചിനിയറിംഗ് മുതലായ വകുപ്പുകളിൽ കത്തോലിക്കരിപ്പോൾ തീരെ കുറവാണു്. എന്നു മാത്രമല്ല മേലിലുണ്ടാകാനും ഇടയില്ലാത്തവിധം, കോളെജുകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ അവരെ ശരിയായി പരിഗണിക്കുന്നുമില്ല. ഭരിക്കുന്ന പാർട്ടിയുടെ പ്രധാന സ്ഥാനങ്ങളിലും കത്തോലിക്കർ തീരെ ഇല്ലെന്നുതന്നെ പറയാം. 4 ഡിസ്ട്രിക്ടു് കോൺഗ്രസ്സ് കമ്മിറ്റികളുള്ളതിൽ കോട്ടയത്തുമാത്രം പ്രസിഡൻറും വൈസ്പ്രസിഡൻറും സിക്രട്ടറിയും ക്രിസ്ത്യാനികളാണു്. എന്നാൽ ഒരു ഡിസ്ട്രിക്ടിലും പ്രസിഡൻേറാ വൈസ്പ്രസിഡൻേറാ സിക്രട്ടറിയോ ആയി കത്തോലിക്കരാരുമില്ല. പി. സി. സി. പ്രസിഡൻറിനു് 4 സിക്രട്ടറിമാരുണ്ടെങ്കിലും അതിലും കത്തോലിക്കരാരുമില്ല. 4 ഡിസ്ട്രിക്ടുകളിലേയും ഉദ്യോഗഭാരവാഹികളും പി. സി. സി. പ്രസിഡൻറും സിക്രട്ടറിമാരും ചേർന്നതാണല്ലോ തിരു-കൊച്ചി സംസ്ഥാനത്തെ കോൺഗ്രസ്സ് ഹൈക്കമാൻറു്. ഡി. സി. സി. കളാണു് പഞ്ചായത്തുകളിലെ ഓരോ വാർഡിലേയും സ്ഥാനാർത്ഥികളുടെ പേരുകൾ സംബന്ധിച്ചു് അവസാനതീരുമാനം ചെയ്യേണ്ടതു്. നിയമസഭകളിലേക്കുള്ള കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ എടുക്കേണ്ടതും ഓരോ ഡിസ്ട്രിക്ടിലുമുള്ള ഹൈക്കമാൻറിൻെറ നിർദ്ദേശങ്ങളെ പ്രധാനമായി പരിഗണിച്ചായിരിക്കും.

കത്തോലിക്കരുടെ സ്ഥിതി പബ്ളിക് സർവീസിലും ഭരിക്കുന്ന പാർട്ടിയിലും ഇത്ര പരിതാപകരമാണെങ്കിലും, തിരു-കൊച്ചി കോൺഗ്രസ്സ് ഗവമ്മെൻറു് കത്തോലിക്കരുടെ കൈയിലാണെന്നു് ചില സാമുദായികപത്രങ്ങൾക്കു് മുറവിളികൂട്ടാൻ യാതൊരു സങ്കോചവുമില്ല.

## കമ്മ്യൂണിസപ്രചാരകനെ ഒരു പത്രം ഉത്തരംമുട്ടിക്കുന്നു

ഇക്കൊല്ലമാദ്യത്തിൽ റഷ്യ സന്ദർശിച്ച "സമാധാന" കമ്മിറ്റി പ്രസിഡൻറു് ഡോക്ടർ കിച്ച്ലൂ ലാഹോറിൽ പ്രസംഗിച്ചു, റഷ്യൻ മുസ്ലിമങ്ങൾക്കു് പരിപൂർണ്ണ മതസ്വാതന്ത്ര്യമുണ്ടെന്നു്. ഈ പ്രസ്താവനയെ പരാമർശിച്ചു് "സിവിൽ ആൻറു് മിലിററി ഗസററ്" എന്ന പത്രം എഴുതിയ മുഖപ്രസംഗത്തിൽ ചില ചോദ്യങ്ങൾ ഉന്നയിച്ചു:

പൊതു വിദ്യാലയങ്ങളിലോ സ്വകാര്യവിദ്യാലയങ്ങളിലോ തങ്ങളുടെ കുട്ടികൾക്കു് മതവിദ്യാഭ്യാസം നൽകാൻ റഷ്യൻ മുസ്ലിമങ്ങൾക്കു് സ്വാതന്ത്ര്യമുണ്ടോ? അവക്കു സ്വതന്ത്രമായി മതം പ്രസംഗിക്കാമോ? ഇസ്ലാമിൻേറയും കമ്മ്യൂണിസത്തിൻേറയും മെച്ചങ്ങൾ താരതമ്യപ്പെടുത്തിക്കൊണ്ടു് പൊതുചർച്ചകൾ നടത്താമോ? ഒരു കമ്മ്യൂണിസ്റ്റിനു് സൈബീരിയായിലേക്കു നാടുകടത്തപ്പെടാതെ തൻെറ വിശ്വാസപ്രമാണങ്ങൾ ത്യജിച്ചു് മുസ്ലിം ആകാമോ? ഹജ്ജിനുപോകാൻ മുസ്ലിമങ്ങൾക്കു സ്വാതന്ത്ര്യമുണ്ടോ? അവക്കതിനു എളുപ്പത്തിൽ പാസുപോർട്ടു കിട്ടുമോ? ദൈവവും മതവും മനുഷ്യരെ മയക്കുന്നുവെന്നു് മാക്ക്സ് പറഞ്ഞതു് പരസ്യമായി പറയാമോ? ഈ ചോദ്യങ്ങൾക്കൊക്കെ "ഇല്ല" എന്നാണു് മറുപടിയെങ്കിൽ "മതസ്വാതന്ത്ര്യം" എന്നു പറയാവുന്ന അവസ്ഥയല്ല അതു്. കമ്മ്യൂണിസ്റ്റാദർശങ്ങളനുസരിച്ചു്—ദൈവത്തേയും മതമൂല്യങ്ങളേയും പരിഹസിച്ചുകൊണ്ടു്—ഇന്നത്തെ തലമുറ വളർത്തപ്പെടുന്നു. ഒരുപക്ഷെ ഡോക്ടർ കിച്ച്ലുവിനു് ന്യായമായി പറയുവാൻ കഴിയുക ബാക്കിയുള്ള വയസ്സൻ "മൂരാച്ചി" മുസ്ലിമുകളെ പള്ളിയിൽ പോകാൻ അനുവദിക്കുന്നുവെന്നുമാത്രമായിരിക്കും. ഇതു തീർച്ചയായും മതസ്വാതന്ത്ര്യമല്ല.

പ്രസ്തുത ചോദ്യങ്ങൾക്കു് ശരിയായ മറുപടി പറയുവാൻ ഒരു കമ്മ്യൂണിസ്റ്റുകാരനും കമ്മ്യൂണിസ്റ്റനുഭാവിക്കും സാദ്ധ്യമല്ലതന്നെ. കാരണം, അവയ്ക്കു ശരിയായ മറുപടി നിഷേധരൂപത്തിലായിരിക്കുമെന്നു് സ്റ്റാലിൻെറ ഭരണഘടനതന്നെ വിളിച്ചുപറയുന്നുണ്ടു്. ആ ഭരണഘടനയിൽ മതസ്വാതന്ത്ര്യത്തെപ്പററി കൊളളിച്ചിട്ടുള്ള വ്യവസ്ഥ ഇങ്ങനെയാണു്:

"പൗരന്മാർക്കു് മനസ്സാക്ഷിസ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നു് ഉറപ്പുകൊടുക്കുവാനായി യു. എസ്സ്. എസ്സ്. ആറിൽ മതസഭ രാഷ്ട്രത്തിൽനിന്നും സ്കൂൾ മതസഭയിൽനിന്നും വേർപെടുത്തപ്പെട്ടിരിക്കുന്നു. മതപരമായ ആരാധനാസ്വാതന്ത്ര്യവും മതവിരുദ്ധപ്രചരണത്തിനുള്ള സ്വാതന്ത്ര്യവും എല്ലാ പൗരന്മാർക്കുമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു." മതപരമായ ആരാധന നടത്തുവാനല്ലാതെ മതപരമായ പ്രചരണത്തിനുള്ള സ്വാതന്ത്ര്യം ഈ വ്യവസ്ഥ അംഗീകരിക്കുന്നില്ല. നേരെമറിച്ചു് മതവിരുദ്ധമായ പ്രചരണത്തിനുള്ള സ്വാതന്ത്ര്യം അംഗീകരിക്കുന്നുമുണ്ടു്.

## ഐസനോവരുടെ ആഹ്വാനത്തിനു് സോവ്യററു് പത്രങ്ങളുടെ മറുപടി

പുതിയ റഷ്യൻ അധികാരികളുടെ സമാധാനസംബന്ധമായ പ്രസ്താവങ്ങളെ അവസരമാക്കി, അമേരിക്കൻ പ്രസിഡൻറു് ഐസനോവർ റഷ്യയോടായി ചെയ്ത വിശദവും ഖണ്ഡിതവുമായ ആഹ്വാനത്തിനു് പ്രവ്ദാ, ഇസ്‌വെസ്റ്റിയാ മുതലായ റഷ്യൻ കമ്മ്യൂണിസ്റ്റു് പത്രങ്ങൾ പ്രചാരം നൽകി. അതേലക്കത്തിൽതന്നെ റഷ്യയുടെ ഭാഗത്തുനിന്നുള്ള മറുപടിയും അവ പ്രസിദ്ധീകരിച്ചു. മറുപടിയിൽ കാണുന്ന ഒരു പ്രത്യേകത, ഇതുവരെ ചെയ്തിരുന്നപോലെ യു. എസ്. എ. യേയും മററു സ്വതന്ത്രപാശ്ചാത്യരാജ്യങ്ങളേയും ചീത്ത പറഞ്ഞിട്ടില്ലെന്നതാണു്. അതൊരു നല്ലലക്ഷണമായി പരിഗണിക്കാൻ വിരോധമില്ല. ഐസനോവർ തൻെറ ആഹ്വാനത്തിൽ പ്രസ്താവിച്ചതുപോലെ ഈ സോവ്യററു് മറുപടിയിലും വാക്കുകളെക്കാൾ പ്രവൃത്തികളാണു് കാര്യമായിട്ടുള്ളതെന്നു് പറയുന്നുണ്ടു്. പ്രസിഡൻറിൻെറ ആഹ്വാനത്തിലെ പ്രസ്താവങ്ങൾ പ്രവൃത്തികളാൽ പിൻതാങ്ങപ്പെടുന്നില്ലെന്നു് കുററപ്പെടുത്തുകയും ചെയ്യുന്നു. 'സമാധാനത്തിനായി ആഹ്വാനം ചെയ്യുന്ന പ്രസിഡൻറു് ആ പ്രസംഗത്തിൽ അണുശക്തിയുദ്ധത്തെപ്പററി ഭീഷണിപ്പെടുത്തുന്നതു് എന്തിനെന്നു്" ചോദിക്കുകയും, "അത്തരം ഭീഷണികൾ ഒരിക്കലും വിജയത്തിലെത്തിക്കുകയില്ലെന്നു്" ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. എതിരാളിയുടെ ഉപരിയായ ശക്തിയെ മാത്രമേ റഷ്യ പരിഗണിക്കുകയുള്ളുവെന്നും, ആ ശക്തി സംഭരിക്കുവാൻ എതിരാളി എപ്പോഴും സന്നദ്ധമായില്ലെങ്കിൽ റഷ്യയെ വിശ്വസിക്കുവാൻ പാടില്ലെന്നും ഉള്ള ബോധമാണു് ഐസനോവറിൻെറ മനസ്സിലുള്ളതെന്നു സ്പഷ്ടമാണല്ലോ. ചൈനയേയും ജർമ്മനിയുമായുള്ള സമാധാന ഉടമ്പടിയേയും ആസ്ത്രീയൻ കാര്യങ്ങളേയും കിഴക്കേ യൂറോപ്പ്യൻ രാജ്യങ്ങളേയും പരാമർശിക്കുന്ന പ്രശ്നങ്ങൾ പ്രസിഡൻറിൻെറ ആഹ്വാനത്തിൽ ഉന്നയിച്ചപോലെ സോവ്യററു് പത്രങ്ങളുടെ മറുപടിയിലും ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ പ്രസിഡൻറു് പ്രതീക്ഷിക്കുന്നതും ആവശ്യപ്പെട്ടതുമായ നിലയിലുള്ള പരിഹാരങ്ങൾ ആ പ്രശ്നങ്ങൾക്കു് ഉണ്ടാകുമെന്ന ലക്ഷണം സോവ്യററു് പത്രങ്ങളുടെ മറുപടിയിൽ കാണുന്നില്ല. മാത്രമല്ല കൊറിയായിലെ സമാധാനസംഭാഷണങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്തംഭനാവസ്ഥയും ഇൻഡോചൈനായിൽ സോവ്യററു് നിയന്ത്രണത്തിലുള്ള കമ്മ്യൂണിസ്റ്റു് സൈന്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളും റഷ്യയുടെ പുതിയ സമാധാന സംരംഭങ്ങളുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്നവയാണു്.

## ഇൻഡ്യൻ സാംസ്കാരികകമ്മിററിയുടെ അഭിപ്രായം

"സാംസ്കാരികസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള" ഇന്ത്യൻ കമ്മിററിയുടെ നാവായി ബോംബെയിൽനിന്നും പുറപ്പെടുന്ന "ഫ്റീഡം ഫസ്റ്റ്" എന്നപത്രം മോസ്കോയുടെ പുതിയ സമാധാനസംരംഭങ്ങളെ വിമർശിക്കുന്നതിങ്ങനെയാണു്:—

സോവ്യററുകാർ നടത്തിയിട്ടുള്ള വലിയ സമാധാനതന്ത്രങ്ങളിൽ 4-ാമത്തേതാണിതു്. 1921, 1935, 1941, ഈ വർഷങ്ങളിലായിരുന്നു മുമ്പിലത്തേതു്. മുമ്പിലത്തെ തന്ത്രങ്ങളാൽ വഞ്ചിക്കപ്പെട്ടവർ വീണ്ടും വഞ്ചിക്കപ്പെടുവാൻ ഒരുങ്ങിയിരിക്കുന്നതാണു് ആശ്ചര്യകരം. മുമ്പിലത്തെ ഓരോ അവസരത്തിലും സോവ്യററു് സ്വേച്ഛാധിപതികൾക്കു് 'ശ്വാസം വിടാൻ സമയം" ആവശ്യകമായിരുന്നു: സമരത്തിനു് അവർ ഇനിയും തയ്യാറാകാതിരുന്നതുകൊണ്ടു് അതൊഴിച്ചുവയ്ക്കുവാൻ അവർ ശ്രമിക്കുകയാണുണ്ടായതു്. "ഒരടി പിന്നോട്ടെങ്കിൽ, രണ്ടടി മുന്നോട്ടു്" എന്നായിരുന്നു അവരുടെ മുദ്രാവാക്യം. ആ ഓരോ അവസരത്തിലും, സംഗതികൾ ശരിക്കറിയേണ്ടിയിരുന്നവരുടെ വിഡ്ഢിത്തത്താൽ അവക്കു് ഒരുങ്ങാൻ സമയം നൽകി. ഓരോഅവസരത്തിലും സ്വേച്ഛാധിപത്യം പൂർവ്വാധികം ശക്തിപ്പെട്ടു, സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. ഈ അബദ്ധം ഇനിയും ആവർത്തിക്കുവാൻ പോകയാണോ?

മുൻവിധികൊണ്ടാണു് ഞങ്ങൾ ഈ പറയുന്നതെന്നു് കുററപ്പെടുത്താതിരിക്കുവാൻ നമുക്കു രേഖകൾ പരിശോധിക്കാം. "സമാധാന"ത്തെപ്പററിയുള്ള ഈ ഒച്ചപ്പാടുകളുടെയെല്ലാം പൊരുൾ എന്താണു്? ഓസ്ട്രിയായിൽനിന്നും കിഴക്കേ ജമ്മനിയിൽനിന്നും സോവ്യററുകാർ അവരുടെ പട്ടാളങ്ങളെ പിൻവലിച്ചിട്ടുണ്ടോ? ടിബററിൻെറ നേരെ നടത്തിയ ആക്രമണത്തിൽനിന്നു പിന്മാറുവാൻ മാവോ സെതുംഗ് തയ്യാറാകുന്നുണ്ടോ? കീഴടക്കപ്പെട്ട കിഴക്കേ യൂറോപ്യൻ രാജ്യങ്ങളിൽ സമാധാന ഉടമ്പടികളനുസരിച്ചു സ്വതന്ത്രമായ തിരഞ്ഞെടുപ്പുകൾ അനുവദിക്കുവാൻ പോകുന്നുണ്ടോ? ആററംബോംബു നിർമ്മാണസ്ഥാപനങ്ങളെ സവ്വരാജ്യസഖ്യത്തിൻെറ പരിശോധനയ്ക്കു് കീഴ്പ്പെടുത്തുവാൻ യു. എസ്സ്. എസ്സ്. ആറിനു് സമ്മതമാണോ? ഈ ചോദ്യങ്ങൾക്കൊന്നിനും സമ്മതം നൽകുന്ന മറുപടി ഉണ്ടായിട്ടില്ല. അവ ഉണ്ടാകാതെ ലോകസമാധാനമോ സ്വാതന്ത്ര്യമോ നീതിയോ ഉണ്ടാകുന്നതുമല്ല.

മലങ്കോവിൻെറ വൃത്തികെട്ട ചരിത്രം അറിയാവുന്നവരും ക്രംലിൻെറ ഹൃദയത്തിനു് മാററംവന്നെന്നു് വിശ്വസിക്കാത്തവരുമായ ആളുകൾപോലും, ക്രംലിനിലെ പുതിയ ഭരണാധികാരികൾ ലോകത്തിനു് സമാധാനം നൽകാൻ ഒരുപക്ഷെ തീരുമാനിച്ചിരിക്കുകയാണെന്നുള്ള ആശയത്താൽ വഞ്ചിതരാകാൻ പോകയാണു്.

കള്ളം കാണാൻ എന്തും ചെയ്യാമെന്ന അധാർമ്മികതത്വം പ്രമാണമായി സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസത്തിൻെറ സിദ്ധാന്തങ്ങളനുസരിച്ചു് ഭരണം നടത്തുന്ന ആളുകളുടെ സമാധാനസംരംഭങ്ങളെ, അവയുടെ പരമാർത്ഥതയെ തെളിയിക്കുന്ന പ്രവൃത്തികൾ കാണാത്തകാലത്തോളം, സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കുന്നതിൽ ആശ്ചര്യമെന്തുള്ളൂ? ഏകദേശം ഒരു നൂററാണ്ടിനുമുമ്പു്, 1867-ൽ, കാൾമാക്സു് നൽകിയ മുന്നറിവു് ഈ പ്രകൃതത്തിൽ ശ്രദ്ധേയമാണു്:- "റഷ്യയുടെ നയം മാററമില്ലാത്തതാകുന്നു ......അതിൻെറ സമ്പ്രദായങ്ങൾക്കും തന്ത്രങ്ങൾക്കും സൂത്രനടപടികൾക്കും മാററമുണ്ടായേക്കാം. എന്നാൽ ആ നയത്തിൻെറ ധ്രുവനക്ഷത്രം —ലോകാധിപത്യം —നിശ്ചലമായ നക്ഷത്രമാകുന്നു."

## കർദ്ദിനാൾ ഗ്രേഷ്യസ്സ് ഓസ്ട്രേലിയായിൽ ചെയ്ത സേവനം

ബോംബെ ആർച്ചുബിഷപ്പായ അത്യുന്നതകർദ്ദിനാൾ ഗ്രേഷ്യസ്സ് തിരുമനസ്സുകൊണ്ടു് ഓസ്ട്രേലിയായിലെ ദേശീയദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിക്കുവാൻ പോയിരിക്കുകയായിരുന്നുവല്ലോ. ഈ അവസരം പ്രമാണിച്ചു് ഓസ്ട്രേലിയായിലെത്തിയ പല പ്രശസ്തസന്ദർശകന്മാരിൽതിരുമേനിയാണു് ആ രാജ്യക്കാരുടെ ഹൃദയങ്ങളെ ഏററവുംകൂടുതൽ ആകർഷിച്ചതെന്നു കാണുന്നു. അവിടുന്നു നടത്തിയ ഓരോ പരസ്യപ്രസംഗവും സദസ്യരുടെ ഹർഷാരവങ്ങൾക്കു് പാത്രമായി. കോൺഗ്രസ്സിൽ പേപ്പൽ സ്ഥാനപതിയായിരുന്ന കർദ്ദിനാൾ ഗിൽറോയി തിരുമനസ്സിലെ വാക്കുകൾ ശ്രദ്ധേയങ്ങളാണു്. 'ഇൻഡ്യ ഈ രാജ്യത്തേക്കു് ഇതുവരെ അയച്ചിട്ടുള്ള പ്രശസ്ത സന്ദേശവാഹകന്മാരിൽ ഏററവും പ്രശസ്തൻ ബോംബെയിലെ കർദ്ദിനാൾ ആർച്ചുബിഷപ്പാകുന്നു. തിരുമേനിയുടെ സന്ദർശനമാണു്, കഴിഞ്ഞ 50 വർഷത്തിനുള്ളിൽ നടന്നിട്ടുള്ള ഏതു സംഭവത്തേയുംകാൾ, രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ അഭേദ്യമായുറപ്പിക്കുവാൻ സഹായിച്ചിട്ടുള്ളതു." ഓസ്ട്രേലിയായിലെ പ്രധാനമന്ത്രി ഔദ്യോഗികമായ ഒരു വിരുന്നിൽ പ്രസ്താവിച്ചു, "തിരുമേനി ഓസ്ട്രേലിയാക്കാരുടെ അഭിനന്ദനങ്ങൾ സമാർജ്ജിച്ചുകഴിഞ്ഞു" എന്നു്. സിഡ്നിയിലെ "കാത്തലിക് വീക്കിലി"യുടെ പത്രാധിപർ ഇങ്ങനെ എഴുതി: "കോൺഗ്രസ്സ് തുടങ്ങുന്നതിൻെറ തലേദിവസം പ്ലെയിനിൽ ആഗതനായ കർദ്ദിനാൾ ഗ്രേഷ്യസ്സ് ഓസ്ട്രേലിയായിൽ മിക്കവാറും അജ്ഞാതനായിരുന്നു. രണ്ടുദിവസം കഴിഞ്ഞപ്പോൾ തിരുമേനി ആ രാജ്യക്കാരുടെ ദൃഷ്ടിയിൽ ഒരു മഹാപുരുഷനായിത്തീന്നു."


വിമാനത്താവളത്തിൽവച്ചു് പത്രക്കാക്കു നൽകിയ ആദ്യത്തെ സന്ദർശനത്തിൽ, ഇൻഡ്യയും ഓസ്ട്രേലിയായും തമ്മിൽ സൗഹൃദബന്ധങ്ങൾ ഉണ്ടാകേണ്ടതിൻെറ ആവശ്യകതയെപ്പററി തിരുമേനി സംസാരിച്ചു. താൻ വ്യാപാരസംബന്ധമായ സ്ഥാനപതിയായിട്ടല്ല വന്നിരിക്കുന്നതെങ്കിലും, ഇൻഡ്യയുടെ വികസനശ്രമങ്ങളെ വിദഗ്ദ്ധോപദേശത്താലും മററും സഹായിക്കുവാൻ ഓസ്ട്രേലിയാക്കു് വളരെ കഴിവുണ്ടെന്നു് തിരുമേനി ഉറപ്പിച്ചുപറഞ്ഞു. താൻ സന്നിഹിതനായിരുന്ന മിക്കവാറും എല്ലാ ചടങ്ങുകളിലും, ഒരു ദിവസം 7 പ്രാവശ്യംതന്നെയും, തിരുമേനി പ്രസംഗിച്ചു. അനൗപചാരികമായ വിരുന്നിൽവച്ചാകട്ടെ പണ്ഡിതന്മാരുടെ സമ്മേളനത്തിലാകട്ടെ തിരുമേനി പറഞ്ഞ വാക്കുകൾ ഹർഷാരവത്തോടുകൂടിയാണു സ്വീകരിക്കപ്പെട്ടതു്. തന്നിമിത്തം മററു പ്രശസ്താതിഥികൾചെയ്ത പല പ്രസംഗങ്ങളിലും ഇൻഡ്യയുടെ പ്രതീക്ഷകളേയും ആകാംക്ഷകളേയുംപററി ഏററവും അനുഭാവത്തോടുകൂടി പരാമർശിക്കപ്പെടുകയുണ്ടായി.

"ഹൊട്ടേൽ ഓസ്ട്രേലിയാ" യിൽവച്ചു് നൽകപ്പെട്ട കോൺഗ്രസ്സിൻെറ ഔദ്യോഗികമായ വിരുന്നിൽവച്ചു്, ആ രാജ്യത്തിലെ രാഷ്ട്രീയവും സാമ്പത്തികവും വ്യാപാരപരവുമായ രംഗങ്ങളിലെ നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ തിരുമേനി ധൈര്യപൂർവ്വം പ്രസ്താവിച്ചു:- "ഈ മഹനീയ കോൺഗ്രസ്സിനെറ അവിതർക്കിതമായ ഒരു ഫലം ഓസ്ട്രേലിയായും ഏഷ്യായും തമ്മിലുള്ള ബന്ധങ്ങൾ അഭേദ്യമായി ഉറപ്പിക്കപ്പെട്ടുവെന്നതായിരിക്കും." തിരുമേനിക്കു നൽകിയ ഔപചാരികവും അനൗപചാരികവുമായ സൽക്കാരസ്വീകരണങ്ങളിൽ ഒന്നു് ഇൻഡ്യാലീഗ് സംവിധാനം ചെയ്തതായിരുന്നു. ഇൻഡ്യയുടെ ഹൈക്കമ്മീഷണറും മററനേകം പ്രശസ്താതിഥികളും അതിൽ സംബന്ധിച്ചു. ഇൻഡ്യയുടെ ഒന്നാമത്തെ കർദ്ദിനാളിൻെറ ഈ സന്ദർശനവും സേവനവും ദൗത്യവും ഇൻഡ്യൻ കത്തോലിക്കാസഭയ്ക്കെന്നപോലെ ഇൻഡ്യായൂണിയനും അഭിമാനകരമാകുന്നു. തിരുമേനിയുടെ ഏററവും ശ്രമകരമായ ഈ സേവനചടങ്ങുകൾനിമിത്തമായിട്ടായിരിക്കും തിരുമേനി വാതസംബന്ധമായ അസുഖം പിടിപെട്ടു് അവിടത്തെ ഒരാശുപത്രിയിൽ ചികിത്സയിലിരിക്കേണ്ടിവന്നുവെന്നു് പത്രറിപ്പോർട്ടുകളിൽ കണ്ടതു്. അസുഖം മാറി പൂർണ്ണാരോഗ്യവാനായി തിരുമേനി നമ്മുടെയിടയിലേക്കു മടങ്ങിവരുവാൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

സത്യദീപം വരിസംഖ്യ
പ്രതിവഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |


**For Foreign Papers & Magazines**
APPLY TO:
Kenrick Remailing Service
Kenrick Seminary
7800 Kenrick Road
St. Louis 19, Missouri
U. S. A.




ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാലും വിശുദ്ധ ഫിലോമിനയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.


T. R. George

# വിനോദവീഥി



ശെ്ടിനാശമെ! എൻെറ വച്ചപല്ല് ചക്കപ്പഴത്തിൻെറകൂടെ അകത്തുപോയെടി!!!

* * *



"എൻെറ മകനെ അറിയില്ലെ, അവൻ ജയിച്ചു് ഒരു പാക്കർ പെൻ സമ്മാനവും വാങ്ങിച്ചിരിക്കയാണു്."

"അങ്ഹാ! മിടുക്കൻ. ഏതു ക്ലാസിൽ?"

"മൂന്നാം ക്ലാസിലേക്കു്!"

* * *

കാശുവച്ചു ചീട്ടുകളിച്ചിരുന്ന നാലുപേരെ പോലീസ് പെട്ടെന്നു പിടികൂടി. ഓരോരുത്തരോടും പോലീസു മുറയ്ക്കു ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി.

ഒന്നാമൻ പറഞ്ഞു: "എൻെറ ഏമാനേ, ഞാൻ ചീട്ടുകളിക്കയല്ലായിരുന്നു. ഞാൻ കാളമേടിക്കാൻ പോയതാ. വെയിലായതുകൊണ്ടു് ഞാൻ ഇവിടെ കയറി ഇരുന്നുവെന്നുമാത്രം."

രണ്ടാമൻ: "എൻെറ ഏമാനേ, എനിക്കു ചീട്ടുകളിതന്നെ അറിഞ്ഞുകൂടാ. ഇവനെ കണ്ടിട്ടു ഇങ്ങോട്ടു കയറിയതാ."

മൂന്നാമൻ: "ഏമാനേ, ഞാനീ നാട്ടുകാരനല്ല. ഇവരെ ഞാനറികയുമില്ല."

ഇത്രയുമായപ്പോഴേക്കും ചീട്ടു കൈയിൽ വച്ചുകൊണ്ടിരുന്ന നാലാമൻെറ നേരെ പോലീസു് അലറിക്കൊണ്ടു ചോദിച്ചു: "നീയെങ്കിലും ചീട്ടുകളിക്കയായിരുന്നെന്നു സമ്മതിക്കില്ലേ?"

നാലാമൻ: "ഞാൻ ചീട്ടുകളിക്കയായിരുന്നെന്നോ ഏമാനേ? ആരുടെ കൂടെയാ?"

* * *

ക്ലാസ്സിലെ ഒരു കുട്ടി മരിച്ചതിനാൽ ശവകുടീരത്തിൽ പുഷ്പങ്ങൾ ചാർത്തുന്നതിനായി മുമ്മൂന്നുപൈ എല്ലാവരും കൊണ്ടുവരണമെന്നു അദ്ധ്യാപിക നിർദ്ദേശിച്ചിരുന്നു. ഒരു ബാലിക അതവരെ ഏല്പിച്ചപ്പോൾ വിനയപൂർവ്വം പറകയാണു: "ഇതാ എൻെറ കാശു്. ടീച്ചറാണു മരിച്ചതെങ്കിൽ ഞാൻ അപ്പൻെറടുക്കൽനിന്നു ഒരണ വാങ്ങിക്കൊണ്ടു വന്നേനെ."

## കാർമ്മൽ അപ്പസ്തോലിക്ക് സ്കൂൾ എറണാകുളം

കർമ്മലീത്താ ഒന്നാംസഭയിൽ ചേർന്നു വൈദികനായി പ്രാർത്ഥനാപരവും ത്യാഗസമ്പൂർണ്ണവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ടു് കേരളത്തിനകത്തും പുറത്തും മതസേവനങ്ങൾ ചെയ്യുന്നതിനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ വിദ്യാർത്ഥികൾ കഴിയുന്നതും വേഗത്തിൽ അപേക്ഷിക്കുവിൻ.

The Rev. Fr. Director,
Carmel Apostolic School,
St. Teresas monastery,
Banerji-Road, Ernakulam.

## ക്രൂശിതനായ കർത്താവ് ... സത്യം

(By ഫാദർ തോമസ് വടക്കേൽ എൽ. ഡി.)

യാക്കോബായക്കാരുടെ ഇടയിൽ വിതരണം ചെയ്യാൻ പാറിയ വിജ്ഞാനപ്രദമായ ലഘുലേഖ.

100-നു 3 രു.

മാർ ലൂയിസ മെമ്മോറിയൽ പ്രസ്സ്, എറണാകുളം

## തിരുക്കൊച്ചിവാർത്തകൾ

### ഡിലിമിറ്റേഷൻ കമ്മീഷൻെറ ശുപാർശകൾ

ഡിലിമിറ്റേഷൻ കമ്മീഷൻ തിരുകൊച്ചി സംസ്ഥാനത്തിനു് കേന്ദ്ര ജനസഭയിൽ 13-ം സ്റ്റേറ്റു് അസംബ്ലിയിൽ 104-ം സീററുകൾ ശുപാർശചെയ്തിരിക്കുന്നു. അസംബ്ലിയിൽ 10 സീററുകളും ജനസഭയിൽ ഒരു സീററും പട്ടികജാതികൾക്കു് സംവരണം ചെയ്യപ്പെട്ടു. 89,000 പേർക്കു് ഒരു സീററു് എന്നഅടിസ്ഥാനത്തിലാണത്രെ സീററുവിഭജനം നടത്തിയിരിക്കുന്നതു്. ഇതനുസരിച്ചു് തിരുവനന്തപുരം ഡിസ്ട്രിക്റ്റിനു് ഇപ്പോഴുള്ള 24 സീററും ഉണ്ടായിരിക്കും. കൊല്ലം ഡിസ്ട്രിക്റ്റിനു് ഇപ്പോഴുള്ള 36 സീററു് 34 ആയും കോട്ടയം ഡിസ്ട്രിക്റ്റിനു് 21 എന്നതു് 20 ആയും തൃശ്ശൂർ ഡിസ്ട്രിക്റ്റിനു് 27 എന്നതു് 26 ആയും കുറവു ചെയ്യുന്നതാണു്. ഇതു സംബന്ധിച്ചു് സംസ്ഥാനത്തെ പൊതുജനങ്ങൾക്കു് അഭിപ്രായം പറയുവാൻ സന്ദർഭം നൽകപ്പെടുന്നതാണെന്നറിയുന്നു.

### കോളേജ് പ്രവേശനം

യാതൊരു സ്കൂളിലും ചേർന്നു പഠിക്കാതെ സ്കൂൾ ഫൈനൽ പരീക്ഷ പാസായിട്ടുള്ളവർക്കു് കോളെജിൽ പ്രവേശനം നൽകാവുന്നതാണെന്നു് തിരുവിതാംകൂർ സർവ്വകലാശാല തീരുമാനിച്ചിരിക്കുന്നു.

### സ്റ്റീവൻസൻ തിരുകൊച്ചിയിൽ

അമേരിക്കയിലെ ഡെമോക്രാററിക് പാർട്ടി നേതാവായ മി. അഡലെസ്റ്റീവൻസൺ തിരുകൊച്ചിയിൽ പര്യടനം നടത്തിവരുന്നു.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

T. J. Francis, Allepp y



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

T. J. Mary, Alleppey

## Religious Instruction in Schools

An experienced Trained lay graduate Teacher desires to give model classes for teaching Religion in schools on pedagogic lines.

Those interested are requested to write to:—

E. J. Antony B. A., L. T.
Chathiath, Ernakulam

## ഇൻഡ്യാ വാർത്തകൾ

### വിമാനാപകടം

പതിന്നാലുയാത്രക്കാരെയുംനാലു ജോലിക്കാരെയുംകൊണ്ടു് മേയ് 9-ാംനു- ഡൽഹി, പാലം വിമാനത്താവളത്തിൽനിന്നും പുറപ്പെട്ട വിമാനം മൂന്നുമൈൽ ദൂരത്തെത്തിയപ്പോഴേക്കും തീപിടിച്ചു് തകരുകയാൽ അതിലുണ്ടായിരുന്നവരെല്ലാം മൃതിയടഞ്ഞിരിക്കുന്നു. അപകടകാരണങ്ങളെപ്പററി അന്വേഷിക്കുവാൻ ഇൻഡ്യാഗവർമ്മെൻറു് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടു്.

### ഡോക്ടർ ഷൺമുഖം നിര്യാതനായി

ഇൻഡ്യാ ഗവർമ്മെൻറിൻെറ ധനകാര്യമന്ത്രിയായിരുന്ന ഡോക്ടർ ആർ. കെ. ഷൺമുഖംചെട്ടി മേയ് 5-ാംനു- കോയമ്പത്തൂർവച്ചു് നിര്യാതനായിരിക്കുന്നു. സ്വതന്ത്ര ഇൻഡ്യയുടെ ഒന്നാമത്തെ ധനകാര്യമന്ത്രിയായിരുന്ന ഇദ്ദേഹം പ്രസ്തുതോദ്യോഗം രാജിവച്ചശേഷം അണ്ണാമല സർവ്വകലാശാലയുടെ വൈസ്ചാൻസലരായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം അദ്ദേഹം മദ്രാസ് ഉപരിമണ്ഡലത്തിലെ ഒരു സാമാജികനമായിരുന്നു.

### വിമാനസർവ്വീസ് ദേശവൽക്കരിക്കുന്നു

ഇൻഡ്യയിലെ വിമാനസർവ്വീസുകൾ ദേശവൽക്കരിക്കുന്നതിനുള്ള എയർ കോർപറേഷൻസ് ബിൽ ജനസഭയിൽ എതിരില്ലാതെ പാസായിരിക്കുന്നു.

### വൈ ഡി. ഗുണ്ടേവിയ

ഇൻഡ്യയുടെ സ്വിററ്സർലണ്ടിലെ സ്ഥാനപതിയായ മി. വൈ. ഡി. ഗുണ്ടേവിയ വത്തിക്കാനിലെ ഇൻഡ്യൻ സ്ഥാനപതികൂടിയായിരിക്കുന്നതാണെന്നു് ഇൻഡ്യൻ വിദേശകാര്യാലയത്തിൽനിന്നും പ്രഖ്യാപിതമായിരിക്കുന്നു.

——

## ക. വിമോചനമുന്നണി

### വാർഷിക കൺവെൻഷൻ

അഖിലകേരള കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ പ്രഥമ വാർഷിക കൺവെൻഷൻ മേയ് 17 മുതൽ 24 വരെ തീയതികളിൽ സ്ഥലം കണ്ണൻ വക്കീ പാലത്തിനു വടക്കുവശമുള്ള ആസഫ് ആലി നഗറിൽവച്ചു നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

——


# NIRMALA COLLEGE, MUVATTUPUZHA

**The College starts work in June, 1953**

Applications are invited for admission to the Junior Intermediate class in the following groups:

I Mathematics, Physics, chemistry
II Natural Science, Physics, Chemistry
III (a) Modern History, Indian History, Logic.
(b) Modern History, Indian History, Ancient History.

Application forms and prospectus will be sent on receipt of the Registration fee of Rs 2/- after the 20th of May. Hostel accommodation is available.

## CANDIDATES FOR RELIGIOUS LIFE

Candidates desiring to embrace religious life in the Sacred Heart Province of the Syro-malabar Carmelite Congregation, may apply for the same before the 1st of June 1953 to :-

The Very Rev. Fr. Provincial,
St. Antony's Monastery, Alwaye

## സെൻറ് അലോഷ്യസ് ഹൈസ്കൂൾ ബോർഡിംഗ് ഹൗസ്

എൽത്തുരുത്തു P. O., Via തൃശ്ശൂർ.

ബോർഡിംഗ്ഫീസ് ആണ്ടിൽ 225 ക. മാത്രം

കർമ്മലീത്താ വൈദികന്മാരാൽ അതി പുരാതനമായി സ്തുത്യർഹമാംവണ്ണം നടത്തിപ്പോരുന്ന ഈ സ്ഥാപനം പതിവുപോലെ ഈ സ്കൂൾവർഷാരംഭത്തിൽ തുറക്കുന്നതാണു്. ടി ബോർഡിങ്ങിൽ തങ്ങളുടെ കുട്ടികളെ ചേർത്തു പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ മേയ് 20-ാംനു-ക്കകം ഇവിടെ കിട്ടത്തക്കവണ്ണം അപേക്ഷകൾ അയയ്ക്കേണ്ടതാകുന്നു. കൂടുതൽ വിവരങ്ങൾക്കു് ബ. റക്ടരച്ചനോടു് ആവശ്യപ്പെടുക.


## വിവരം അറിയാവുന്നവർ ഉണ്ടോ?

എൻെറ ഭാര്യ കോതനല്ലൂർപള്ളി ഇടവക മങ്ങര വക്കിയുടെ മകൾ ഏലി എന്ന സ്ത്രീ 16 വർഷം മുമ്പു് കാണാതെപോയിട്ടു് തിരക്കിയതിൽ യാതൊരു വിവരവും കിട്ടിയിട്ടില്ല. ഞാൻ പുനർവിവാഹത്തിനു് ഉദ്ദേശിക്കുന്നതിനാൽ ഏതെങ്കിലും അറിവു് കിട്ടുന്നവർ പതിനഞ്ചുദിവസത്തിനകം ദയവായി എന്നെയോ കുറവിലങ്ങാട്ടു് ഫൊ. പള്ളി വികാരിയേയോ വിവരം അറിയിക്കണമെന്നപേക്ഷ.

എന്നു്,

കുറവിലങ്ങാട്ടു്
29—4—1953

ജോസഫ് ജോസഫ്,
കുററിക്കാട്ടിൽവീട്ടു്, കാളികാവു്കര,
കുറവിലങ്ങാട് P. O.

# ആ തിരഞ്ഞെടുപ്പ്

(ഇല്ലിക്കൽ വറുഗീസ്)

(കത്തോലിക്കാ തിരുസ്സഭയിൽ മെത്രാന്മാരെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ മുതലായി തിരുസ്സഭയുടെ പ്രവർത്തനങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന ഒരു പുസ്തകം ("Holy See at Work") സുപ്രസിദ്ധ പണ്ഡിതനായ ഫാ. ഹെസ്സൻ സി. എസ്. സി. എഴുതിയിട്ടുണ്ട്. അതിൽനിന്നു് മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതു് സംബന്ധിച്ച ഭാഗം "കാത്തലിക്ക് ഡൈജസ്റ്റ്" എന്ന മാസിക ഉദ്ധരിച്ചിരുന്നു. നമ്മുടെ കേരളത്തിലും ഇൻഡ്യയിലുമായി ഈയിടെ ഒഴിവുവന്നതും പുതിയതുമായ സ്ഥാനങ്ങളിൽ മെത്രാന്മാരെ തിരഞ്ഞെടുക്കയും വാഴിക്കയും ചെയ്തുവല്ലോ. ഈ പശ്ചാത്തലത്തിൽ ആ തിരഞ്ഞെടുപ്പു സമ്പ്രദായത്തെക്കുറിച്ചു് അറിയുന്നതു് വിജ്ഞാനപ്രദമായിരിക്കുമെന്നു് വിശ്വസിക്കുന്നു.)

പരിശുദ്ധ സിംഹാസനത്തിന്റെ പരമാധികാരത്തിനു് വിധേയമായി മെത്രാന്മാരെ തിരഞ്ഞെടുത്തിരുന്നതു് അതതു് രൂപതകളിലെ ജനങ്ങളാലോ വൈദികരാലോ ചില നിയമങ്ങളനുസരിച്ചായിരുന്നു. നിഷ്കൃഷ്ടമായ ഒരു നടപടിക്രമം മുമ്പില്ലാതിരുന്നതിനാൽ മാർപ്പാപ്പാമാരുടെ അംഗീകരണത്തോടുകൂടി മെത്രാന്മാരുടെ തിരഞ്ഞെടുപ്പുസമ്പ്രദായം മാറിമാറിക്കൊണ്ടാണിരുന്നതു്. എന്നാൽ ഇപ്പോൾ കാനോനിക നിയമനടപടിക്രമമാണു് മറ്റെല്ലാററിനുമെന്നപോലെ മെത്രാന്മാരുടെ തിരഞ്ഞെടുപ്പിനും മാർഗ്ഗദർശകമായിരിക്കുന്നതു. തിരുസ്സഭാചരിത്രത്തിലെ മഹനീയമായ ഒരദ്ധ്യായമാണതെന്നു് നിസ്സംശയംപറയാം. ചില പ്രത്യേകാനുകൂല്യങ്ങൾക്കു് വിധേയമായി അമേരിക്കയിലെ ബാൾട്ടിമോർ രൂപതയിലെ പ്രഥമമെത്രാനെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി വൈററ്മാർഷ് എന്ന സ്ഥലത്തുവച്ചു് 1783-1784 എന്നീ വർഷങ്ങളിൽക്കൂടിയ രൂപതയിലെ വൈദികാംഗത്തെ സമ്മേളനത്തീരുമാനങ്ങൾ പരി: സിംഹാസനം അവസാനമായി അംഗീകരിച്ചതു് മെത്രാൻ പട്ടാഭിഷേകം നടന്നതും 1789 ലായിരുന്നുവത്രെ. ദീർഘതയ്ക്കും പ്രത്യേകതയ്ക്കും ഇതൊരുദാഹരണമാണു്. 1908 വരെ മെത്രാന്മാരുടെ ഒഴിവുണ്ടാകുന്ന രൂപതകളിൽ പ്രത്യേകം പ്രത്യേകമായി ആലോചനാ ബോർഡുകൾ രൂപീകരിച്ചിരുന്നു. മെത്രാനായി അഭിഷേകം ചെയ്യാൻ യോഗ്യതയുള്ള മൂന്നുപേരുടെ ഒരു ലിസ്റ്റു് തയാറാക്കി ഈ ബോർഡു് ആ പ്രോവിൻസിലെ വൈദികമേലദ്ധ്യക്ഷനു് (Arch Bishop) അയച്ചുകൊടുക്കണം. ഈ ലിസ്റ്റു് അംഗീകരിക്കയോ നിരാകരിക്കയോ ചെയ്തുകൊണ്ടുള്ള ആ പ്രോവിൻസിലെ മെത്രാന്മാരുടെ ശുപാർശ വിശദവിവരങ്ങളോടുകൂടി റോമിലേക്കയയ്ക്കും. ഇതിന്മേലുള്ള അവസാനതീരുമാനം ചെയ്യാനുള്ള പരമാധികാരം പരിശുദ്ധ സിംഹാസനത്തിനുള്ളതാണു്. ചിലപ്പോഴെല്ലാം ഈ പ്രശ്നത്തെക്കുറിച്ചു് സുദീർഘമായ കൂടിയാലോചനകൾ നടക്കേണ്ടിവരുമായിരുന്നതുമൂലം വളരെക്കാലത്തേക്കു് നിയമനം നടക്കുകയില്ല. ഏതായാലും ഈ രീതി വളരെ ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു. അമേരിക്കയ്ക്കു് പ്രത്യേകമായിരുന്ന മേൽവിവരിച്ച രീതി പരിപൂർണ്ണമായി നിരുത്തലാക്കിയിട്ടു് 1916 ലെ സൂനഹദോസു് തീരുമാനങ്ങളനുസരിച്ചാണു് കാര്യങ്ങൾ നിർവ്വഹിക്കുന്നതു്.

ഇതനുസരിച്ചു് ഒരു പ്രോവിൻസിലെ മെത്രാന്മാർ വലിയ നോമ്പിന്റെ ആദ്യവാരങ്ങളിൽ അവിടത്തെ ആർച്ച്ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുന്നതാണു്. രണ്ടു കൊല്ലത്തിലൊരിക്കലാണു് ഈ സമ്മേളനം നടക്കുന്നതു്. പത്രക്കാരുടേയോ തല്പരരായ മററു വ്യക്തികളുടേയോ അറിവിൽ പെടാതിരിക്കത്തക്കവണ്ണം പരമരഹസ്യമായിട്ടാണു് ഈ സമ്മേളനം നടക്കുന്നതു്. എന്തുകൊണ്ടെന്നാൽ അങ്ങനെ ചെയ്താൽ മുൻവിധി ഉണ്ടാകാതിരിക്കുമല്ലോ. ആർച്ച്ബിഷപ്പു് സമ്മേളനത്തീയതി പ്രഖ്യാപിച്ചുകഴിഞ്ഞാലുടനെ ഒരോ രൂപതയിലേയും മെത്രാന്മാർ ആരെയാണോ മെത്രാൻ സ്ഥാനത്തേക്കു് നിർദ്ദേശിക്കുന്നതു് അവരുടെ പേരുകൾ അയച്ചുകൊടുക്കുന്നു. ആരെ നിർദ്ദേശിക്കുന്നതിലും നിർദ്ദേശകർ സ്വതന്ത്രരാണു്. നിർദ്ദേശിക്കപ്പെടുന്നവർ സ്വന്തം രൂപതയിലുള്ളവരായിരിക്കണമെന്നു് നിർബന്ധമില്ല. പക്ഷെ അവരുടെ ആത്മീയജീവിതക്രമം, ബുദ്ധിശക്തി, ഭരണപരമായ പരിജ്ഞാനം, വേദശാസ്ത്രജ്ഞാനം മുതലായവയെക്കുറിച്ചു് വ്യക്തമായ തെളിവുകൾ നിർദ്ദേശകർ നൽകിയിരിക്കേണ്ടതാണു്. എല്ലാ മെത്രാന്മാരുടെ പക്കൽനിന്നും സ്ഥാനാർത്ഥികളുടെ ലിസ്റ്റു് കിട്ടിക്കഴിഞ്ഞാലുടനെ എല്ലാ പേരുകളും വിവരങ്ങളുമടങ്ങിയ മറെറാരു ലിസ്റ്റുണ്ടാക്കി ഓരോ മെത്രാന്മാർക്കുമയച്ചുകൊടുക്കും. നേരിട്ടു പരിചയപ്പെടാതെതന്നെ സ്ഥാനാർത്ഥികളെ സംബന്ധിച്ചു് ഓരോ മെത്രാനും സൂക്ഷ്മ പരിശോധന നടത്താൻ ഇതു് സഹായകമാണു്. പിന്നീടു് നിർദ്ദിഷ്ട സമ്മേളനത്തിൽ ഹാജരായി ചർച്ചകൾ നടത്തി വോട്ടെടുപ്പുമൂലം തീരുമാനമെടുക്കുന്നു. അങ്ങനെ ചെയ്യുന്ന തീരുമാനത്തെ സംബന്ധിച്ച പൂർണ്ണവിവരങ്ങളോടുകൂടി അതു് ഡലഗാടു് അപ്പസ്തോലിക്കായ്ക്കയച്ചുകൊടുക്കുന്നതുമാണു്.

ഇനി ഒരു രൂപതയിൽ ഒഴിവുണ്ടാകുമ്പോൾ എന്താണു് നടക്കുന്നതെന്നു് നോക്കാം. മുൻപു് ലഭിച്ചിട്ടുള്ള ലിസ്റ്റു് ഡലഗാടു് അപ്പസ്തോലിക്കാ തിരുമേനി സ്വയം പഠിക്കുന്നു. സാധാരണയായി അദ്ദേഹം ഒഴിവുണ്ടായിട്ടുള്ള പ്രോവിൻസിലെ ആർച്ച്ബിഷപ്പുമായി നേരിട്ടു ചർച്ചനടത്തി ആ രൂപതയിലെ പ്രത്യേകപരിതസ്ഥിതികളും പ്രശ്നങ്ങളും മനസ്സിലാക്കുകയും ചെയ്തശേഷം ആർച്ച്ബിഷപ്പിൽനിന്നു പ്രത്യേകമായ ഒരഭിപ്രായവും സ്വീകരിക്കുന്നതാണു്. അയൽരൂപതകളിലെ മെത്രാന്മാരോടും ഒരുപക്ഷെ അവരുടെ അഭിപ്രായം ചോദിച്ചേക്കാം. വളരെ വിശദമായ അന്വേഷണങ്ങൾക്കും പഠനത്തിനുംശേഷം ഏററവും യോഗ്യരായ മൂന്നുപേരുടെ പേരുകൾ ഡലഗാടു് അപ്പസ്തോലിക്കാ തിരഞ്ഞെടുത്തു സൂക്ഷിക്കുന്നു. ഈ തീരുമാനത്തിന്മേൽ അന്വേഷണങ്ങൾ പിന്നെയും തുടരുന്നതാണു്. വൈദികാന്തസ്സിനടുത്ത ജീവിതത്തിൽ ആത്മാർത്ഥമായി സഹകരിച്ചുപ്രവർത്തിക്കുന്ന സഹപ്രവർത്തകരുമായി സമ്പർക്കത്തിലേർപ്പെട്ടു അവരിൽനിന്നുമുള്ള അഭിപ്രായങ്ങളും ലഭിക്കാൻ ശ്രമിക്കുന്നതാണു്. അവസാനതീരുമാനമെടുക്കാനുതകുന്ന ഒരഭിപ്രായം സഹപ്രവർത്തകരിൽനിന്നും ഒരുപക്ഷെ ലഭിച്ചിരിക്കും. അന്വേഷണസംബന്ധമായി ചോദ്യചിഹ്നമിട്ടുകൊണ്ടയക്കുന്ന ചോദ്യങ്ങളും അവയ്ക്കു നൽകുന്ന ഉത്തരങ്ങളും തിരുസ്സഭയിലെ കർശനമായ ചട്ടങ്ങളനുസരിച്ചു് ഇരുഭാഗക്കാരും പരമരഹസ്യമായി സൂക്ഷിക്കേണ്ടതാണു്. ഉത്തരങ്ങൾ സത്യസന്ധതയുള്ളതും ഉത്തമവിശ്വാസമുള്ളതും സ്പഷ്ടവുമായിരിക്കണം. വല്ല വിവരങ്ങളും ഒളിച്ചുവയ്ക്കുന്നതും അതുപോലെ ഇല്ലാത്തതു് കൂട്ടിച്ചേർക്കുന്നതും ഘനമായ പാപങ്ങളാണു്. ഇതേസംബന്ധിച്ചു് വല്ല എഴുത്തുകുത്തുകളോ നടപടികളോ നടത്താൻ മാർപ്പാപ്പായ്ക്കു് മാത്രമേ അധികാരമുള്ളൂ.

ചോദ്യങ്ങൾ എല്ലാംതന്നെ സാധാരണഗതിയിൽ മനസ്സിലാവുന്നതായിരിക്കേണ്ടതാണു്. നിർദ്ദിഷ്ടവ്യക്തിയുടെ കുടുംബത്തിന്റെ പൂർവ്വകാലചരിത്രം, മതപരമായ ആചാരാനുഷ്ഠാനങ്ങൾ, ലൗകികജീവിതചര്യകൾ മുതലായവയും സ്ഥാനാർത്ഥിയുടെ മുൻജീവിതം, വിദ്യാഭ്യാസയോഗ്യത, പ്രാർത്ഥനയിലുള്ള ക്രമങ്ങൾ, ദൈവഭക്തി, ആദ്ധ്യാത്മികപ്രവർത്തനങ്ങൾ എന്നിവ കർശനമായും വിശദമായും ചോദ്യംചെയ്യപ്പെടുന്നതാണു്. ചോദ്യങ്ങൾ പിന്നെയും തത്വശാസ്ത്രം, ദൈവികശാസ്ത്രം, ഭൗതികജീവിതക്രമം, വിദേശഭാഷാപരിജ്ഞാനം, ഭരണപരമായ സാമർത്ഥ്യം എന്നിവയെക്കുറിച്ചും തുടരുന്നതാണു്. കൂടാതെ ആരോഗ്യനില, കാഴ്ചയിലുള്ള സൗമ്യത, ശുചിത്വപാലനം, പെരുമാററരീതികൾ എന്നിവയെക്കുറിച്ചും പരിശോധിക്കും. വീണ്ടും നിർദ്ദിഷ്ടവ്യക്തിയുടെ എളിമ, സൗമ്യത, സഹകരിച്ചു പ്രവർത്തിക്കുന്നതിലുള്ള സാമർത്ഥ്യം പരിശുദ്ധ സിംഹാസനത്തോടുള്ള ഭക്തി, വിശ്വാസവും ഭക്തിയും സംരക്ഷിച്ചുകൊണ്ടുപോകുന്നതിനുള്ള ശുഷ്കാന്തി, ഭക്തിപരമായ കർമ്മാനുഷ്ഠാനങ്ങളിലെ ശുഷ്കാന്തി, സാമ്പത്തികകാര്യങ്ങളിലുള്ള സത്യസന്ധത, ജീവകാരുണ്യപ്രവർത്തനങ്ങളിലുള്ള താല്പര്യം മുതലായവയെക്കുറിച്ചും കർശനമായ അന്വേഷണങ്ങൾ നടത്തുന്നതാണു്. ഇത്തരം നിഷ്കൃഷ്ടമായ പരിശോധനമൂലം സ്ഥാനാർത്ഥിയുടെ വ്യക്തമായ ഒരു പടം ലഭിക്കുന്നതാണല്ലോ.

പരിശോധനകൾക്കും പഠനത്തിനുംശേഷം, അന്വേഷണതീരുമാനം റോമിലേക്കയക്കുന്നതിനു് ശരിയാക്കുകയായി. സ്ഥാനാർത്ഥിയുടെ പരസ്യവും രഹസ്യവുമായ പല കാര്യങ്ങളെക്കുറിച്ചും വിവരിക്കുന്ന മുപ്പതോ നാല്പതോ ടൈപ്പുചെയ്ത കടലാസ്സുകൾ ഓരോ സ്ഥാനാർത്ഥിയെ സംബന്ധിക്കുന്ന എല്ലാമാണു്. ഈ മൂന്നു പേരുകളിൽ ഒഴിവുവന്ന രൂപതാമെത്രാനായി ഏററവും അർഹനായ ഒരു വ്യക്തിയെ ഡലഗാടു് അപ്പസ്തോലിക്കായ്ക്കു് അഭിപ്രായം രേഖപ്പെടുത്താവുന്നതാണു്.

ഈ പ്രശ്നത്തിന്മേൽ റോമിലെ ഭരണനിർവ്വഹണസഭ പഠിക്കുന്നതും ആവശ്യമെങ്കിൽ വീണ്ടും ആവശ്യമായ അന്വേഷണങ്ങൾ നടത്തുന്നതുമാണു്. അവസാനതീരുമാനമെടുക്കുന്നതിനു മുമ്പായി അംഗീകരിച്ച സ്ഥാനാർത്ഥിയുടെ പേരു് ഡലഗാഡ് അപ്പസ്തോലിക്കായെ അറിയിക്കുന്നതും അദ്ദേഹത്തോടു് അംഗീകരിക്കപ്പെട്ട പേരുകാരൻ മെത്രാൻ പദവി സ്വീകരിക്കുന്നുവോ എന്നു് ആരായാൻ ആവശ്യപ്പെടുകയും ചെയ്യും. ഈ വിവരങ്ങൾ ആരോടും വെളിപ്പെടുത്താൻ പാടില്ലാത്തതും പരമരഹസ്യമായി സൂക്ഷിക്കേണ്ടതുമാണു്. പരിശുദ്ധ പിതാവു് അംഗീകരിച്ചു് നിയമനം നടത്തിക്കഴിഞ്ഞാൽ അതു നിരസിക്കാൻ പാടില്ലാത്തതുമൂലമാണു് ഇങ്ങനെ സ്ഥാനാർത്ഥിയോടു് മുൻകൂട്ടി അനുവാദം വാങ്ങുന്നതു്. തന്നെ മെത്രാനായി നിയമിക്കാൻ നിശ്ചയിച്ചിരിക്കുന്ന വിവരം അപ്പോൾമാത്രമായിരിക്കും പ്രസ്തുത വ്യക്തി അറിയുന്നതു്. സ്ഥാനാർത്ഥി പ്രസ്തുത സ്ഥാനം സ്വീകരിച്ചാൽ ഡലഗാടു് അപ്പസ്തോലിക്കു് റോമിലേക്കറിയിക്കുന്നതും റോമിലെ ഭരണകാര്യനിർവ്വഹണസഭയുടെ കർദ്ദിനാൾ സെക്രട്ടറി വിവരങ്ങളെല്ലാം മാർപ്പാപ്പാതിരുമേനിയെ ഔദ്യോഗികമായി ധരിപ്പിക്കുന്നതും അവസാനമായി അംഗീകരിച്ച നിയമനം നടത്താൻ തിരുമേനിയോടു് അപേക്ഷിക്കുന്നതുമാണു്. പരി: പിതാവിനു് അംഗീകരിക്കയോ നിരാകരിക്കയോ ചെയ്യാം. മാർപ്പാപ്പാ തിരുമേനി അംഗീകരിച്ച നിയമനം നടത്തിക്കഴിഞ്ഞാലുടനെ അതു് ഒരു നിശ്ചിതദിവസം പ്രഖ്യാപിക്കാൻ (ഒഴിവുവന്നിട്ടുള്ള രൂപതാ തലസ്ഥാനത്തുവച്ചുമാകാം) ഡലഗാഡ് അപ്പസ്തോലിക്കായോടു് നിർദ്ദേശിക്കും. അതോടുകൂടി ഒഴിവുണ്ടായിരുന്ന രൂപതയിലെ പുതിയ മെത്രാനായി ഇന്നാരെ നിയമിച്ചിരിക്കുന്നു എന്നും മററുമടങ്ങിയ പേപ്പൽ ബൂളാ അയച്ചുകൊടുക്കുന്നതും വാഴ്ച നടത്തുന്നതിനു് ഒരുദിവസം നിശ്ചയിക്കുന്നതുമാണു്. ഇതോടുകൂടി മെത്രാൻ തിരഞ്ഞെടുപ്പു സംബന്ധിച്ച സകല ജോലികളും പൂർത്തിയായെന്നു് പറയാം. ലോകത്തിലാകെ 1100-ൽപ്പരം രൂപതകളിൽ മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതു് മേൽവിവരിച്ചവിധത്തിലുള്ള കർശനവും നിഷ്കൃഷ്ടവുമായ പരിശോധനകൾക്കു ശേഷമാണു്. കത്തോലിക്കാ തിരുസഭ എന്തുമാത്രം പ്രാധാന്യമാണു് ഇക്കാര്യത്തിനു് കൊടുക്കുന്നതെന്നു് നാം അത്ഭുതപ്പെട്ടേക്കാം. ലോകത്തിൽ ഒരേയൊരു നായകന്റെ കീഴിൽ അച്ചടക്കത്തോടെ ഇത്ര പ്രശസ്തമായ രീതിയിൽ 40 കോടിയിൽപ്പരം വിശ്വാസികളെ നിയന്ത്രിച്ചു ഭരിച്ചുകൊണ്ടുപോകണമെങ്കിൽ ഇതൊക്കെ കൂടിയേകഴിയൂ.

തൈക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

## ആരോഗ്യപംക്തി

### ജലദോഷം

കാലാവസ്ഥ മാറുമ്പോഴെല്ലാം മിക്കവാറും ആളുകൾക്കു് ജലദോഷം ഉണ്ടാകാറുണ്ടു്. ഇതു് സർവ്വസാധാരണമായതുകൊണ്ടായിരിക്കണം അധികംപേരും ഇതിനെ കാര്യമായി കരുതാത്തതു്. ഇതു സ്വതവേ അപകടകരമല്ലെങ്കിലും, ആപല്ക്കരങ്ങളായ മററു പല രോഗങ്ങൾക്കും വഴിതെളിക്കുന്നുണ്ടു്. ശ്വാസകോശരോഗം (ന്യൂമോണിയാ), ക്ഷയം, വാതപ്പനി, ചെകിടത്തം മുതലായ കടുത്ത രോഗങ്ങൾക്കു ജലദോഷം ഒരു പ്രധാന ഹേതുവാണെന്നതു് ഓർക്കുമ്പോൾ ഈ രോഗത്തിന്റെ കാഠിന്യം ആർക്കും മനസ്സിലാകും. അതുകൊണ്ടു് ജലദോഷബാധയുടെ ആരംഭത്തിൽതന്നെ അതു് ചികിത്സിച്ചു് സൗഖ്യപ്പെടുത്തുകയോ, ജലദോഷം പിടിപെടാതെ സൂക്ഷിക്കുകയോ ചെയ്യുകയാണു് ഏററവും ഉത്തമം. ഇവയിൽ ദീനം പിടിപെടാതെ ശരീരാരോഗ്യം സംരക്ഷിക്കുന്നതു് സർവ്വാദരണീയമായതിനാൽ അതിനുള്ള വിധികൾ ആദ്യമായി ചേർത്തുകൊള്ളുന്നു.

#### ജലദോഷം തടുക്കാനുള്ള മാർഗ്ഗങ്ങൾ

1. ശരിയായി വായുസഞ്ചാരമില്ലാത്ത മുറിയിൽ കിടന്നുറങ്ങാതിരിക്കയും, ജനലുകളില്ലാത്തതും ഇടുങ്ങിയതുമായ മുറികളിൽ അധികനേരം ഇരിക്കാതിരിക്കയും ചെയ്യുക.
2. പോഷണപൂർണ്ണമായ ആഹാരം കഴിക്കുക.
3. സൗകര്യമുള്ളപക്ഷം വെളിമ്പ്രദേശത്തുവച്ചു് ദിവസംതോറും വ്യായാമം ചെയ്യുകയും, ശുദ്ധജലത്തിൽ കുളിക്കുകയും ചെയ്യുക.
4. ദിവസംപ്രതി ശരാശരി എട്ടൊൻപതു് തംബ്ളർ ശുദ്ധജലം കുടിക്കുക.
5. ശരീരത്തിന്റെ ആരോഗ്യാവശ്യം അനുസരിച്ചു് ശരിയായ വിശ്രമവും ഉണ്ടായിരിക്കണം.

ഇത്രയും കാര്യങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതായാൽ ജലദോഷം വരാതെ മിക്കവാറും തടുക്കാൻ സാധിക്കും.

#### ഉണ്ടായിക്കഴിഞ്ഞാൽ ചെയ്യേണ്ട ചികിത്സകൾ

1. രോഗിക്കു് പനി അത്ര കൂടുതലില്ലെങ്കിൽ ആവിപിടിപ്പിച്ചു് ശരീരം നന്നായി വിയർപ്പിക്കണം. വിയർത്തുകഴിഞ്ഞാൽ കാലിൽ തണുത്ത വെള്ളം ഒഴിച്ചു് ഒരു തുവർത്തുകൊണ്ടു് ശരിയായി തുടയ്ക്കണം. പിന്നീടു് രോഗിയെ കിടക്കയിൽ കിടത്തി നല്ലവണ്ണം പുതപ്പിക്കുകയും കൂടുതൽ വിയർക്കുന്നതിനായി ചൂടുവെള്ളം നിറച്ച കുപ്പിയോ, അഥവാ മണല്ക്കിഴിയോ, തവിടുകിഴിയോ മുതുകത്തും കാലിനും പിടിക്കയും വേണം. വിയർത്തു കഴിഞ്ഞാൽ രോഗിക്കു് ഒരു തണുത്ത "സ്പഞ്ചു് ബാത്തു്" വേഗത്തിൽ കൊടുക്കണം. ഇതു ചെയ്യുമ്പോൾ രോഗിക്കു് കുളിർ തോന്നുകയാണെങ്കിൽ ക്ഷണത്തിൽ അതു മതിയാക്കുകയും, ശരീരം നന്നായി തുടച്ചശേഷം പുതപ്പിക്കുകയും ചെയ്യണം.
2. ജലദോഷം മൂലം രോഗിക്കു് തൊണ്ട വേദനയുണ്ടെങ്കിൽ തുണിമടക്കുപയോഗിച്ചു് ചൂടുപിടിക്കുന്നതു് ഫലപ്രദമായിരിക്കും.
3. തൊണ്ടയിൽ ചൊറിച്ചിൽ തുടങ്ങിയുള്ള അസ്വാസ്ഥ്യങ്ങൾ ഉള്ളപക്ഷം ഒരു കപ്പു് ചൂടുവെള്ളത്തിൽ ഒരു കരണ്ടി ഉപ്പോ, അഥവാ അരക്കരണ്ടി സോഡാബെയിക്കാർബൊനയിററും ചേർത്തുണ്ടാക്കുന്ന ദ്രാവകമോ ഉപയോഗിച്ചു് കവിൾകൊള്ളുന്നതാകുന്നു നല്ലതു്.

# St. THOMAS the APOSTLE

പൗരസ്ത്യതിരുസംഘത്തിൽനിന്നും 24-1-1953-ൽ ഇൻഡ്യൻ കാത്തലിക് ട്രൂത്ത് സൊസൈററി സെക്രട്ടറിക്ക് അയച്ച ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നതായി ഇവിടെ അറിയിച്ചിരിക്കുന്നു.

"I inform the Secretary of the above mentioned Society that a pamphlet having the title "St. Thomas the Apostle" written by K. F. Job has reached this Sacred Congregation.

His Eminence (the Cardinal) extends his thanks, and while wishing greater success to the apostolic activity of the society, imparts his blessing.

I too extend my respects.

(Sd.)
Mons. Americo Giovelli
(Sostituto)"

N. B. Copies in fine glazed paper may be had at Rs. 3/- per dozen from the Manager, Assisi Book House, Changanacherry P. O., S. India.

## പുസ്തകാഭിപ്രായം

### വില്ലാർവട്ടം

(എം. ഒ. ജോസഫ്, നെടുങ്കുന്നം. പ്രതിമാസഗ്രന്ഥക്ലബ്, എറണാകുളം. പേജ് 235)

ക്രൈസ്തവമായ പശ്ചാത്തലത്തെ പ്രത്യേകം പരിഗണിച്ചുകൊണ്ട് വിരചിതമായിട്ടുള്ള ഒരു കേരളചരിത്രഗ്രന്ഥമാണിതു. വില്ലാർവട്ടം എന്ന രാജകുടുംബത്തെപ്പററിയാണ് ഇതിൽ പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നതെങ്കിലും പ്രാചീനകേരളത്തിൻെറ വ്യാപാരബന്ധം, ഭരണാധികാരികൾ, ഭരണരീതി, മാർതോമ്മാശ്ലീഹാ വന്ന അവസരത്തിൽ കേരളത്തിലെ പ്രധാനമതം, ശ്ലീഹാ വന്നതിനെപ്പററിയുള്ള സഭാപിതാക്കന്മാരുടെ അഭിപ്രായങ്ങൾ, പ്രാചീനക്രിസ്ത്യാനികളുടെ സാമൂഹ്യശ്രേഷ്ഠത, വാണിജ്യവൈദഗ്ധ്യം, രണശൂരത ഇത്യാദി വിഷയങ്ങളെപ്പററി പ്രാസംഗികമായും പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിൽ ക്രിസ്തുമതം പ്രചരിച്ചതു് ഹിന്ദുക്കളുടെ സഹിഷ്ണുതകൊണ്ടല്ലെന്നും ബുദ്ധമതാനുസാരികളുടെ സഹിഷ്ണുതകൊണ്ടാണെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു.

വില്ലാർവട്ടം രാജകുടുംബത്തിൻെറ ആരംഭവും ആസ്ഥാനവും ചേന്ദമംഗലത്തായിരുന്നുവെന്നും അനന്തരകാലത്തു് ഉദയംപേരൂരേക്ക് മാറിയെന്നും പതിനാറാം നൂററാണ്ടായപ്പോഴേക്കും ഈ രാജകുടുംബം വംശവിച്ഛേദംവന്നു് പെരുമ്പടപ്പിൽ ലയിച്ചുപോയി എന്നും ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

നസ്രാണികളുടെ കുലശ്രേഷ്ഠതയേയും സാമുദായികപദവിയേയും അവരുടെ രാജവംശത്തേയും പററി പ്രതിപാദിക്കുമ്പോൾ പ്രാമാണികങ്ങളായ ഗ്രന്ഥങ്ങളിൽനിന്നും സംഗതമായ ഭാഗങ്ങൾ ഉദ്ധരിക്കയാണ് പണ്ഡിതനായ ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നതു്. ഇതു് ഗ്രന്ഥത്തിൻെറ ഒരു പ്രത്യേകവൈശിഷ്ട്യമാണെന്നു പറയേണ്ടിയിരിക്കുന്നു. വിവിധവർണ്ണത്തിലും ആകാരത്തിലുമുള്ള കുസുമങ്ങൾ യഥാസ്ഥാനം കോർത്തിണക്കി മനോഹരമായ മാല നിർമ്മിക്കുന്നതുപോലെ വിവിധഗ്രന്ഥങ്ങളിൽനിന്നും രേഖകളിൽനിന്നും സന്ദർഭോചിതമായ ഉദ്ധരണികൾ യഥാവശ്യം ചേർത്തു് പ്രതിഭാശാലിയായ ഗ്രന്ഥകാരൻ ഈ വിശിഷ്ടഗ്രന്ഥം നിർമ്മിച്ചിരിക്കുന്നു.

നസ്രാണിസമുദായത്തിൻെറ കുലമഹിമയേയും രാജ്യശ്രേയസ്സിനു് ആ സമുദായം നൽകിയിട്ടുള്ള സംഭാവനകളേയുംപററി ഒരു സാമാന്യജ്ഞാനം ഈ ഗ്രന്ഥത്തിൻെറ പാരായണംമൂലം സമ്പാദിക്കാവുന്നതാണ്. വളർന്നുവരുന്ന പരമ്പരയിൽ സമുദായാഭിമാനം ഉത്തേജിപ്പിക്കുന്നതിനും ഇതിൻെറ പാരായണം ഉപകരിക്കും.

പേജുകളുടെ അടിവശം ചേർത്തിരിക്കുന്ന കുറിപ്പുകളുടെ അച്ചടി കുറെ മോശമാണ്. പലസ്ഥലത്തും അക്ഷരങ്ങൾ ഇല്ലാതെയും അവ്യക്തമായും ഇരിക്കുന്നു. ഇതുമൂലം ഗ്രന്ഥത്തിൻെറ ആകർഷകത്വം കുറഞ്ഞുപോയിട്ടുണ്ട്.

(A. V. T.)

### ചോദ്യോത്തരപംക്തി

ചോ: "എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണ്" എന്ന വാദത്തിനു് എന്തു സമാധാനം പറയുന്നു?

ഉ: 1) "എല്ലാമതങ്ങളും ഒരുപോലെ നല്ലതാണെ"ന്നു് അവയുടെ സ്ഥാപകർക്ക് അഭിപ്രായമില്ലായിരുന്നുവെന്നതുസ്പഷ്ടമാണ്. അല്ലെങ്കിൽ ഓരോരോ പുതിയ മതങ്ങൾസ്ഥാപിക്കേണ്ട ആവശ്യം തന്നെയുണ്ടായിരുന്നോ? സ്ഥലകാലാദിസാഹചര്യങ്ങൾ അനുസരിച്ചുള്ള സൗകര്യം മാത്രം പരിഗണിച്ചാണ്, താത്വികമായ ഭിന്നതകൊണ്ടല്ല പുതിയ മതങ്ങൾ സ്ഥാപിക്കാനിടവന്നതെന്നു ആരെങ്കിലും വാദിക്കുകയാണെങ്കിൽ ആ വാദം സ്വീകാര്യമല്ല. ഹിന്ദുമതം, ജൈനമതം, ബുദ്ധമതം എന്നിവതമ്മിലും, യഹൂദമതം, ക്രിസ്തുമതം, മഹമ്മദുമതം എന്നിവ തമ്മിലും കത്തോലിക്കാമതവും പ്രൊട്ടസ്റ്റൻറു മതവും തമ്മിലും താത്വികമായ ഭിന്നതയുണ്ടെന്നുള്ളതു് അവിതർക്കിതമാണ്.

2) മതപരിവർത്തനത്തോടുള്ള തങ്ങളുടെ എതിർപ്പിനെ സാധൂകരിക്കുവാൻവേണ്ടി ചില നേതാക്കന്മാർ "എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണ്" എന്നു തട്ടിമൂളിക്കുന്നുണ്ടെങ്കിലും അവർ ആത്മാർത്ഥമായി അതു വിശ്വസിക്കുന്നുണ്ടെന്നു തോന്നുന്നില്ല. വിശ്വസിക്കുന്നുണ്ടെങ്കിൽ അവർ മതപരിവർത്തനത്തെ സർവ്വകഴിവുകളുമുപയോഗിച്ച് തടയാൻ ശ്രമിക്കുകയും മിഷനറിമാർക്ക് മതപ്രചാരണസ്വാതന്ത്ര്യം അനുവദിക്കാതിരിക്കയും ചെയ്യേണ്ടതിൻെറ ആവശ്യമെന്താണ്? അവരുടെ ആശയമനുസരിച്ച് ഒരു ഹിന്ദു ക്രിസ്തുമതം സ്വീകരിച്ചാൽ, തുല്യഗുണമെങ്കിലുമുള്ള ഒരു മതത്തിലേക്കാണല്ലോ പരിവർത്തനം പ്രാപിക്കുന്നതു്. അങ്ങനെയെങ്കിൽ, ആ മാർഗ്ഗത്തിൽ എന്തിനു വിലങ്ങുതടികൾ വലിച്ചിടുന്നു? സ്വമനസ്സാക്ഷിയുടെ പ്രചോദനം അനുസരിച്ച് ഹിന്ദുമതം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചവനെ വീണ്ടും ഹിന്ദുമതത്തിലേക്കു പരിവർത്തനം ചെയ്യിക്കുവാൻ എന്തിനു് അശ്രാന്തപരിശ്രമം ചെയ്യുന്നു? എന്നാൽ സ്വമതംമാത്രം സത്യമെന്നു വിശ്വസിക്കുന്ന ഒരു കത്തോലിക്കനെ സംബന്ധിച്ചിടത്തോളം ആ മതത്തിൻെറ ഗുണഫലങ്ങളിൽ മററുള്ളവരുംകൂടി ഭാഗഭാക്കുകളാകുവാൻ വേണ്ടി അതു ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നതു യുക്തിയുക്തമായിരിക്കുന്നുവെന്നു പറയേണ്ടതില്ലല്ലോ.

3) താത്വികമായി വിചിന്തനംചെയ്യുമ്പോൾ, പരസ്പരവിരുദ്ധങ്ങളായ തത്വങ്ങൾ പഠിപ്പിക്കുന്ന മതങ്ങളെല്ലാം ഒരുപോലെ ശരിയെന്നു പറയുന്നതു് യുക്തിവിരുദ്ധവും അബദ്ധജടിലവുമാണ്. ഒന്നുകിൽ ക്രിസ്തു ദൈവമാണ്, അല്ലെങ്കിൽ ദൈവമല്ല. ഈ രണ്ടു സിദ്ധാന്തങ്ങളും ഒരേസമയം ശരിയായിരിക്കുകയില്ല. ആകയാൽ ക്രിസ്തുദൈവമാണെന്നു പഠിപ്പിക്കുന്ന ക്രിസ്തുമതവും ക്രിസ്തുദൈവമല്ലെന്നു പഠിപ്പിക്കുന്ന മഹമ്മദീയമതവും ഒരുപോലെ ശരിയായിരിക്കുന്നതെങ്ങനെ? പരി. കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യമുണ്ടെന്നു കത്തോലിക്കാമതവും ഇല്ലെന്നു പ്രൊട്ടസ്റ്റൻറുമതവും സിദ്ധാന്തിക്കുന്നു. ആ സിദ്ധാന്തങ്ങളിൽ ഒന്നല്ലേ ശരിയായിരിക്കാൻ നിവൃത്തിയുള്ളു?

4) "എല്ലാമതങ്ങളും ഒരുപോലെ നല്ല"തെന്നു വാദിക്കുന്നതു് ഒരുതരം ദൈവദൂഷണമാണ്; കാരണം സത്യവും അസത്യവും, നന്മയും തിന്മയും ഒരുപോലെ ദൈവത്തെ പ്രസാദിപ്പിക്കുന്നുവെന്നു വരും. നരബലി നടത്തിവന്ന മതങ്ങൾ ഉണ്ടായിട്ടുണ്ട്. വിഗ്രഹാരാധന നടത്തുന്ന മതങ്ങൾ ഇപ്പോഴുമുണ്ട്. അവരണ്ടും തെററാണെന്നു ക്രിസ്തുമതം പഠിപ്പിക്കുന്നു. അവയെ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കാവ്യമതങ്ങളും അവയെ നിരോധിക്കുന്ന ക്രിസ്തുമതവും തമ്മിൽ ദൈവത്തിൻെറ ദൃഷ്ടിയിൽ യാതൊരു വ്യത്യാസവുമില്ലെന്നു പറയുന്നവർ പരോക്ഷമായി ദൈവം സത്യസ്വരൂപനാണെന്നും നന്മയുടെ നിദാനമാണെന്നുമുള്ള വസ്തുതയെ നിഷേധിക്കുകയല്ലയോ ചെയ്യുന്നതു?

5) ക്രിസ്തുവിനാൽ സ്ഥാപിതമായ കത്തോലിക്കാമതമാണു സാക്ഷാൽ സത്യമതമെന്നു അതവകാശപ്പെടുന്നു. അതു സാക്ഷാൽ സത്യമതമാണെന്നു തെളിയിക്കപ്പെടുന്നപക്ഷം, അതിൻെറ സിദ്ധാന്തങ്ങൾക്കെതിരായ സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്ന മതങ്ങൾ സത്യമതങ്ങളല്ലെന്നു തെളിയുന്നതാണ്. സത്യമതവും അസത്യമതവും ഒരുപോലെ നല്ലതാണെന്നു പറയാൻ നിവൃത്തിയില്ലല്ലോ. ആകയാൽ "എല്ലാ മതങ്ങളും ഒരുപോലെ നല്ല"താണെന്ന വാദം അർത്ഥശൂന്യമാണെന്നുവരുന്നതാണ്.

കത്തോലിക്കാമതം സാക്ഷാൽ സത്യമതമെന്നു എങ്ങനെ തെളിയിക്കും? അതിനുള്ള തെളിവു് ദൈവശാസ്ത്രഗ്രന്ഥങ്ങളിൽ വിശദമായി കൊടുത്തിട്ടുണ്ട്. അതിൻെറ സംഗ്രഹംമാത്രം ചുവടെ ചേർക്കുന്നു: ക്രിസ്തു ദൈവമാണെന്നു സ്വയംപ്രഖ്യാപിച്ചു. അത്ഭുതങ്ങൾപ്രവർത്തിച്ചുകൊണ്ട്, സർവ്വോപരിയായി മരണാനന്തരം ഉത്ഥാനംചെയ്തുകൊണ്ട്, തൻെറ വാക്കുകൾ സത്യമാണെന്നു് അവിടുന്നു തെളിയിച്ചു. ആകയാൽ അവിടുന്നു പഠിപ്പിച്ച തത്വങ്ങൾ അതേപടി നാം സ്വീകരിക്കണം. ആ തത്വങ്ങൾ അനന്തരതലമുറകളെ പഠിപ്പിക്കുവാനായി അവിടുന്നു ഒരു സഭയെ സ്ഥാപിച്ചിട്ടുണ്ട്. അതു കത്തോലിക്കാതിരുസഭയാണെന്നു ചരിത്രം ഘോഷിക്കുന്നു. ദൈവമായ ക്രിസ്തു സ്ഥാപിച്ചിരിക്കുന്ന ആ സഭയുടെ അംഗമായിരിക്കുന്നവൻ മാത്രമേ രക്ഷപ്രാപിക്കയുള്ളൂ. കാരണം, "നിങ്ങൾപോയി സകല ജാതികളേയും പഠിപ്പിക്കുവിൻ; പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ," എന്നും, "വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷപ്രാപിക്കും, അല്ലാത്തവൻ ശിക്ഷാവിധിക്കധീനനാകും" എന്നും അവിടുന്നു് അരുളിച്ചെയ്തിരിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടുകൂടി, ഒരാൾ സഭയുടെ അംഗമായി ഭവിക്കുന്നതിനാൽ സഭയുടെ അംഗമായി ഭവിച്ചെങ്കിലേ ഒരാൾ രക്ഷപ്രാപിക്കയുള്ളുവെന്നതു് അനുക്തസിദ്ധമാണ്. [ഇതു സംബന്ധിച്ചു വിശദവിവരങ്ങൾ ആവശ്യമുള്ളവർ "The Way That is Life" (by P. J. Sontag S. J. Institute for Home Studies. De Nobili College, Poona-6. Price 1-6-0) വാങ്ങിവായിക്കുക]

— —


മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്

സന്യാസജീവിതം നയിച്ച് ആതുരശുശ്രൂഷചെയ്യാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ പരീക്ഷ പാസ്സായ കത്തോലിക്കായുവതികളെ ആവശ്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്കു് എഴുതുക:—

സിസ്റ്റർ സുപ്പീരിയർ,
ധർമ്മഗിരി, കോതമംഗലം


### വേദശാസ്ത്രപംക്തി

## തിരുപ്പട്ടം

### മെത്രാൻ പദവി

മെത്രാൻ പദവിയെപ്പററി അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിൻെറ ലിഖിതങ്ങളിലുള്ള സാക്ഷ്യംസ്പഷ്ടമാണ്. അപ്പസ്തോലന്മാരോടു് അടുത്തസമ്പർക്കം പുലർത്തിയവരെന്ന അർത്ഥത്തിൽ "അപ്പസ്തോലിക പിതാക്കന്മാർ" എന്നു വിളിക്കപ്പെടുന്ന വിശുദ്ധരിൽ ഒരാളാണ് ഇദ്ദേഹം. 117-ലാണു ഇദ്ദേഹം രക്തസാക്ഷിമകുടം ചൂടിയതു്. അന്ത്യോക്യയിലെ മെത്രാനായിരുന്ന ഇദ്ദേഹം അവിടെ പര്യടനം നടത്തിവന്ന ട്രാജൻ എന്ന റോമാചക്രവർത്തിയുടെ മുമ്പിൽ ആനീതനായി. ചക്രവർത്തി അദ്ദേഹത്തെ ബന്ധനസ്ഥനാക്കി റോമയിലേക്കു് അയച്ചു. യാത്രാമദ്ധ്യേ, ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് പല കത്തുകളും എഴുതുന്നതിനു അദ്ദേഹത്തിനു സാധിച്ചു. ആ കത്തുകൾ ദൈവശാസ്ത്രദൃഷ്ട്യാ വലിയ പ്രാധാന്യം അർഹിക്കുന്നവയാണ്. മഗ്നീസിയക്കാർക്കുള്ള ഒരു കത്തിൽ, മെത്രാൻ, പുരോഹിതൻ, ഡീക്കൻ എന്ന മൂന്നു പദവികളെ അദ്ദേഹം സനിഷ്കർഷം വേർതിരിച്ചിരിക്കുന്നു.— "ഞാൻ നിങ്ങളെ ഉൽബോധിപ്പിക്കുന്നതെന്തെന്നാൽ: ദൈവത്തോടും, ദൈവത്തിനുപകരം അദ്ധ്യക്ഷത വഹിക്കുന്ന മെത്രാനോടും, അപ്പസ്തോലന്മാരുടെ (ആലോചനാ)സംഘത്തിൻെറ സ്ഥാനത്തുള്ള പുരോഹിതന്മാരോടും ഈശോമിശിഹായുടെ ശുശ്രൂഷ ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരും എനിക്കു പ്രിയപ്പെട്ടവരുമായ ഡീക്കന്മാരോടും യോജിച്ചുകൊണ്ടു് എല്ലാകാര്യവും ചെയ്യുന്നതിൽ ഉത്സുകരായിരിപ്പിൻ." "ഓരോ രൂപതയിലും ഓരോ മെത്രാൻ മാത്രമാണുള്ളതു്" എന്ന വസ്തുതയത്രെ മെത്രാൻെറ ഔന്നത്യത്തിനു് ഉപോൽബലകമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു്. അദ്ദേഹം പറയുന്നു: "ഒരു കുർബാനയെ മാത്രം ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധവയ്ക്കുക. കാരണം നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരം ഒന്നുമാത്രമാണ്. അവിടുത്തെ തിരുരക്തവുമായി ഐക്യപ്പെടുവാനുള്ള പാനപാത്രവും ഒന്നു മാത്രം. ബലിപീഠവും ഒന്നുതന്നെ. എന്തെന്നാൽ പുരോഹിതന്മാരോടും ഡീക്കന്മാരോടുംകൂടി ഒരു മെത്രാൻ മാത്രമേയുള്ളു." മെത്രാൻപദം ദൈവസ്ഥാപിതമാണെന്നു വി. ഇഗ്നേഷ്യസ് അപ്പോസ്തലന്മാർക്കു് എഴുതിയ കത്തിൽനിന്നു വ്യക്തമാണ്: "ഈശോമിശിഹായുടെ ഹിതമനുസരിച്ചാണു ലോകം മുഴുവനിലും മെത്രാന്മാർ നിയമിക്കപ്പെട്ടിരിക്കുന്നതു്. ...കുടുംബനാഥൻ സ്വന്തം കാര്യം നിർവ്വഹിക്കുന്നതിനായി അയക്കുന്ന ഏതൊരുവനേയും അവനെ അയച്ച ആളെപ്പോലെ തന്നെ നാം സ്വീകരിക്കേണ്ടതാണ്. അതിനാൽ കർത്താവിനെപ്പോലെതന്നെ മെത്രാനെ നാം പരിഗണിക്കണമെന്നതു വ്യക്തമാകുന്നു." വി. ഇഗ്നേഷ്യസിൻെറ ഈ പ്രസ്താവങ്ങളിൽ നിന്നു രണ്ടാം നൂററാണ്ടിൻെറ ആരംഭത്തിൽ മെത്രാൻപദം സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടിരുന്നുവെന്നു വ്യക്തമാണ്. അതു പില്ക്കാലത്തെ ഒരു കണ്ടുപിടിത്തമാണെന്ന പ്രൊട്ടസ്റ്റൻറുകാരുടെ ആക്ഷേപത്തിനു യാതൊരു വിലയും കല്പിക്കേണ്ടതില്ല. അനന്തരകാലത്തെ സാക്ഷ്യങ്ങളിൽ വി. സിപ്രിയാനോസിൻെറ— 258-ാമാണ്ടിലാണ് ഈ വിശുദ്ധൻ മരിച്ചതു —സാക്ഷ്യം പ്രത്യേകം ഉദ്ധാര്യമാണ്: "മെത്രാൻ സഭയിലാണ്; സഭ മെത്രാനിലാണ്. യാതൊരുവൻ മെത്രാനോടുകൂടിയല്ലെങ്കിൽ, അവൻ സഭയിലല്ല." മെത്രാനു സഭയിൽ ദൈവം നൽകിയിരിക്കുന്ന സ്ഥാനത്തേയും അധികാരത്തേയുമാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നതു്.

---

"ജനങ്ങളുടെ ആവശ്യങ്ങളെല്ലാംസാധിക്കുക എന്നതല്ല രാഷ്ട്രത്തിൻെറ ലക്ഷ്യം; അവർക്കുസ്വയം നിർവ്വഹിക്കുവാൻ സാധിക്കാത്തവസാധിച്ചുകൊടുക്കുക എന്നതാണ്." ഏബ്രഹാം ലിങ്കൺ.

---

4. തല സംബന്ധമായ ജലദോഷമോ അഥവാ ചുമയോ ആണു് ബാധിച്ചിട്ടുള്ളതെങ്കിൽ മണക്കുവാനുള്ള ഔഷധമാണുപയോഗിക്കേണ്ടതു്. ഏകദേശം കാൽകരണ്ടി വിക്സ് വേപ്പർറബോ അല്ലെങ്കിൽ മെൻതലാററമോ അതുമില്ലെങ്കിൽ ഒന്നുരണ്ടു തുള്ളി യൂക്കാലിപ്ററസ് എണ്ണയും ഒരു കരണ്ടി ബെൻസയിനും ചേർത്തുള്ള ദ്രാവകമോ ആകാം. അവ ഒരു ചെറിയ പാത്രത്തിൽ ഒഴിക്കുകയും അതിൽ തിളച്ചവെള്ളം ഒഴിച്ചുയുടനെ മൂടിവയ്ക്കുകയും ചെയ്യുക. പിന്നീടു് മൂടി മാററി അതു് ശ്വസിക്കണം.

5. ജലദോഷം ആരംഭിച്ചിട്ടേയുള്ളെങ്കിൽ ധാരാളം വെള്ളവും പഴങ്ങളുടെ ചാറും കുടിക്കണം. മലബന്ധമുണ്ടെങ്കിൽ രണ്ടുകരണ്ടി വയറിളക്കുന്ന ഉപ്പോ, അല്ലെങ്കിൽ ഉപ്പുചേർത്തുള്ള എനിമയോ, അഥവാ ഏതെങ്കിലും വിരേചന ഔഷധമോ ഉപയോഗിക്കാം. ഈ സമയത്തു് ലഘുഭക്ഷണമേ കഴിക്കാവൂ. (കേ. ഭീ.)

വിമർശനവീഥി

# സ്റ്റാലിനിസം കഴിച്ചുമൂടിയെന്നു് സ്റ്റാലിൻെറ ജീവചരിത്രകാരൻ

സ്റ്റാലിൻെറ ഏററവും മികച്ച ജീവചരിത്രകാരനാണ് ഐ. ഡെവ്വട്ട്ഷർ (I. Deutscher). ഇദ്ദേഹം സോവ്യററ് യൂണിയനിലെ രാഷ്ട്രീയകാര്യങ്ങളിൽ ഏററവും പാണ്ഡിത്യമുള്ള ആളായിട്ടാണ് ബ്രിട്ടനിൽ സകലരാലും ഗണിക്കപ്പെടുന്നതു്. സ്റ്റാലിൻെറ മരണശേഷം റഷ്യയിൽ വന്നിരിക്കുന്ന മാററങ്ങൾ വിവരിച്ചു് "ടൈംസ് ഓഫ് ഇൻഡ്യാ" എന്ന പ്രശസ്തപത്രത്തിൽ ഈ പണ്ഡിതൻ കഴിഞ്ഞമാസത്തിൽ (19-4-1953) ഒരു ലേഖനമെഴുതി. അതിലെ ഉള്ളടക്കം താഴെ ചേർക്കുന്നു:

സ്റ്റാലിൻ മരിച്ചു് ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ സോവ്യററ്ജനതയുടെ മനോവികാരമെന്തു്? മോസ്കോയിൽനിന്നുള്ള വാർത്തകൾ അതിനെപ്പററി വേണ്ടുവോളം തെളിവായി പ്രസ്താവിക്കുന്നുണ്ടു്. ദീർഘവും കഠിനവും ക്രൂരവുമായ രാഷ്ട്രീയശീതകാലം അവസാനിച്ചിരിക്കുന്നുവെന്നാണ് അവരുടെ മനോവികാരം. രണ്ടു് ദശവർഷങ്ങളിലധികം നീണ്ടുനിന്ന സൈബീറിയായിലെ ശീതകാലം അവസാനിച്ചിരിക്കുന്നുവെന്നു്; വസന്തർത്തുവിലെ സുഖവായു അവർ ആസ്വദിക്കാൻ തുടങ്ങിയിരിക്കുന്നെന്നു്. രാഷ്ട്രീയമായി റഷ്യാക്കാർ അവരുടെ വാതില്ക്കൽ തിങ്ങിക്കൂടിയിരുന്ന മഞ്ഞുകട്ട തള്ളിമാററി വസന്തർത്തുവിൻെറ ആഗമനത്തിനു് കളമൊരുക്കുന്നതായി കാണപ്പെടുന്നു.

ജർമ്മനിയിലേയും കൊറിയായിലേയും ഐക്യരാഷ്ട്രസംഘടനയിലേയും കാര്യങ്ങളിൽ മോസ്കോയിൽനിന്നു അടുത്ത കാലത്തു് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുരഞ്ജകങ്ങളായ നീക്കങ്ങളെ പാശ്ചാത്യരാജ്യങ്ങളിലെ ആളുകൾ ആശ്ചര്യത്തോടും അവിശ്വാസത്തോടുംകൂടിയാണ് സൂക്ഷിച്ചുകൊണ്ടിരിക്കുന്നതു്. സൗമനസ്യത്തിൻെറ ഈ അടയാളങ്ങൾ സോവ്യററ് വിദേശനയത്തിൽ മൗലികമായുണ്ടായിരിക്കുന്ന മാററത്തെ കാണിക്കുന്നവയോ കാണിക്കാത്തവയോ ആയിരിക്കാം. എന്നാൽ റഷ്യയും പാശ്ചാത്യരാജ്യങ്ങളും തമ്മിലുള്ള വാദപ്രതിവാദങ്ങളിൽ മുമ്പിലത്തെക്കാൾ കൂടുതൽ നാഗരികമായ സ്വരം ഉൾക്കൊള്ളിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതുവരെ ഉണ്ടായിട്ടുള്ള മാററങ്ങളിൽ പ്രധാനപ്പെട്ടതും യഥാർത്ഥത്തിൽ അമ്പരപ്പിക്കുന്നതുമായവ റഷ്യയുടെ വിദേശനയത്തിലേതല്ല, പിന്നെയോ അവളുടെ ആഭ്യന്തരകാര്യങ്ങളിലേതാണ്.

### മാപ്പുകൊടുക്കൽ

കഴിഞ്ഞ ചുരുങ്ങിയ ദിവസങ്ങളിൽ നടന്ന രണ്ടു പ്രധാന സംഭവങ്ങൾ എടുക്കുക. ഒന്നു് സോവ്യററ് പരമാധികാരസഭ പ്രഖ്യാപിച്ച പൊതുവായ മാപ്പുകൊടുക്കൽ (Amnesty), മറേറതു് ക്രംലിനിലെ ആ ഡോക്ടറന്മാരുടെ കഥ—അമേരിക്കയുടെ ഒററുകാരാണെന്നും, ക്രെംലിനിലെ ചില പ്രധാന ഉദ്യോഗസ്ഥന്മാരെ വധിക്കുവാൻ ഗൂഢാലോചന നടത്തിയെന്നുമുള്ള കുററങ്ങൾ അടുത്തകാലത്തു് ആരോപിച്ചു് ശിക്ഷിക്കപ്പെട്ട ഡോക്ടറന്മാരുടെ വിമോചനവും പുനഃസ്ഥാപനവും. ഈ രണ്ടു സംഭവങ്ങളും റഷ്യയിൽ ഒരു പുതിയ കാലശയുടെ ആരംഭത്തെ കുറിക്കുന്നവയാണ്. കാരാഗൃഹങ്ങളുടേയും തടങ്കൽ ക്യാമ്പുകളുടേയും പടിവാതിലുകൾ തള്ളിത്തുറന്നിരിക്കുന്നു. അസംഖ്യം തടവുകാർ സ്വഗൃഹങ്ങളിലേക്കു് പൊയ്ക്കൊണ്ടിരിക്കുന്നു. അവർ സ്വാതന്ത്ര്യത്തിൻെറ ആദ്യത്തെ രുചി അനുഭവിച്ചുകൊണ്ടിരിക്കുന്നു. അവരിൽ പലരും മരണംവരെ ഒരിക്കലും കാണുമെന്നു് പ്രതീക്ഷിക്കാത്ത സ്വാതന്ത്ര്യമാണ് അതു്. വിമുക്തരായ ഈ തടവുകാരുടെ കൂട്ടത്തിൽ കുഞ്ഞുങ്ങളുടെ അമ്മമാരും, ഗർഭിണികളായ സ്ത്രീകളും, രോഗബാധിതരും, 18 വയസ്സിനു താഴെ പ്രായമുള്ളവരും, വാർദ്ധക്യം പ്രാപിച്ചവരും ഉൾപ്പെടുന്നുണ്ടു്. അവരിൽ ചിലർ സകല മനുഷ്യശക്തികളും നിശ്ശേഷം ക്ഷയിച്ചവരാകുന്നു. എന്നാൽ എല്ലാവർക്കും പടിവാതിലുകൾ തുറക്കപ്പെട്ടിട്ടില്ല. "അപകടകാരികളായ എതിർവിപ്ലവകാരികൾ" ഇനിയും ഇരുമ്പഴികൾക്കുള്ളിലാണ്. എങ്കിലും അവരുടെ കാലാവധി പകുതിയായി കുറച്ചിരിക്കുന്നു. ഇത്രയുംകൊണ്ടു് റഷ്യയിലെ മാററങ്ങൾ അവസാനിച്ചെന്നു പറയാൻ പാടില്ല.

### സ്റ്റാലിനിസം കഴിച്ചുമൂടുന്നു

ക്രെംലിൻ ഡോക്ടറന്മാരുടെ വിമോചനമാണ് ഇവയിലൊക്കെ ആശ്ചര്യകരം. അവർ ഗൂഢാലോചന നടത്തിയെന്ന കഥ പാതകകരമായ കെട്ടുകഥയാണെന്നു സോവ്യററ് ഗവമ്മെൻറ് ഖണ്ഡിതമായി പ്രഖ്യാപിച്ചുകഴിഞ്ഞു. ആ കഥ കെട്ടിച്ചമച്ചവർ കുററക്കാരായി അറസ്റ്റുചെയ്യപ്പെട്ടു. കാരണം — ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നപോലെ—"സോവ്യററ് നിയമത്തിൽ അസ്വീകാര്യവും ഏററവും കണിശമായി നിരോധിക്കപ്പെട്ടിട്ടുള്ളതുമായ മാർഗ്ഗങ്ങൾ വഴിയായിട്ടാണ്" കുററാരോപണങ്ങൾക്കു് അവർ "തെളിവു്" ശേഖരിച്ചതു്.

റഷ്യയിൽ നടക്കുന്നതെന്തെന്നു് നിങ്ങൾ ശരിക്കു മനസ്സിലാക്കുന്നുണ്ടോ? ഒരുമാസംമുമ്പ് മലങ്കോവും അദ്ദേഹത്തിൻെറ സുഹൃത്തുക്കളും അത്യാഡംബരപൂർവ്വം സ്റ്റാലിനെ സംസ്കരിച്ചു. അതിനുശേഷം ശാന്തമായും വിവേകത്തോടുകൂടിയും അവർ സ്റ്റാലിനിസത്തെ സംസ്കരിച്ചു. സ്റ്റാലിൻ മരിച്ച പിറേറദിവസം മലങ്കോവു് ഉത്തരവായി, ലെനിൻെറ സംസ്കാരമണ്ഡപം, സ്റ്റാലിൻെറ മോസ്കോയിലെ അസാധാരണമായ ആ സ്മാരകസ്തംഭം, സ്റ്റാലിൻഭരണത്തിലെ ആ പുണ്യക്ഷേത്രം, അടച്ചുകളയുവാൻ. കാരാഗൃഹങ്ങളിൽനിന്നും തടങ്കൽക്യാമ്പുകളിൽനിന്നും പുറത്തുവരുന്ന തടവുകാരോടു് മലങ്കോവും അദ്ദേഹത്തിൻെറ സുഹൃത്തുക്കളും പറയുന്ന വാക്കുകൾ ഏതാണ്ടിങ്ങനെ പ്രകാശിപ്പിക്കാം:

'നിങ്ങൾ കുററമൊന്നും ചെയ്യാതെയാണ് ശിക്ഷ അനുഭവിച്ചിട്ടുള്ളതു് — ഗർഭിണികളായ സ്ത്രീകളും, കുഞ്ഞുങ്ങളുടെ അമ്മമാരും, 18 വയസ്സിനു താഴെയുള്ള ബാലികാബാലന്മാരും, വൃദ്ധരും, രോഗബാധിതരും ഉൾപ്പെട്ട നിങ്ങളെല്ലാവരും.

'സ്റ്റാലിനാണ് നിങ്ങളെ അകാരണമായി ഇരുമ്പഴികൾക്കും മുള്ളുവേലികൾക്കും ഉള്ളിൽ അടച്ചിട്ടതു്. ഇത്തരം കാട്ടാളത്തം ഞങ്ങൾക്കു് ആവശ്യമില്ല. ഞങ്ങൾ നിങ്ങളെ വിട്ടയക്കുന്നു. നിങ്ങളുടെ സ്വാതന്ത്ര്യത്തിനു് നിങ്ങൾ കടപ്പെട്ടിരിക്കുന്നതു് ആരോടാണെന്നു് അനുസ്മരിക്കുവിൻ."

### അടി കുറിക്കുകൊണ്ടു

ഒരുപക്ഷേ ഇത്രത്തോളം പറയുവാൻ മലങ്കോവിനു് ആഗ്രഹമില്ലായിരിക്കാം. എന്നുവരികിലും അദ്ദേഹത്തിൻെറ സന്ദേശം ഇങ്ങനെ മനസ്സിലാക്കാതെ റഷ്യക്കു ഗത്യന്തരമില്ല. റഷ്യ അതിൻെറ ജീവിതത്തിൽ സ്വീകരിച്ചുകൊണ്ടിരുന്ന സ്റ്റാലിൻമതത്തിനു് ഇതിലധികം ശക്തിയുള്ള അടി കിട്ടുവാൻ സാദ്ധ്യമല്ല. ക്രെംലിൻ ഡോക്ടറന്മാരുടെ വിമോചനം സോവ്യററ്രാഷ്ട്രത്തിൽ ആശ്ചര്യകരമായ അടിയിളക്കത്തിൻെറ നാന്ദിയായി കാണപ്പെടുന്നു. സുദീർഘവും വിഷാദാത്മകവുമായ മന്ത്രവാദിഗണവേട്ടയെ, ശുദ്ധീകരണവിചാരണകളുടെ ആ നീണ്ട പരമ്പരയെ, അവസാനിപ്പിക്കുമെന്നു അതു വാഗ്ദാനംചെയ്യുന്നു. ഈ മന്ത്രവാദിഗണവേട്ട 1930-ൽ സിനൊവീവ്, കമനീവ് മുതലായവരുടെ വിചാരണയോടുകൂടി ആരംഭിച്ചു. അന്നുമുതൽ അതു തുടർന്നുകൊണ്ടിരിക്കുകയാണ്. യുദ്ധകാലത്തു മാത്രമേ അതിനു മുടക്കം വന്നുള്ളു. അടുത്ത വർഷങ്ങളിൽ ചെക്കോസ്ലോവാക്കിയ, ഹംഗറി, ബൾഗേറിയ മുതലായ രാജ്യങ്ങളിലേക്കു് അതു വ്യാപിച്ചു. ഡോക്ടറന്മാരുടെ ഗൂഢാലോചനയെപ്പററിയുള്ള കഥ മോസ്കോയിൽ അതു വീണ്ടും ആരംഭിക്കുവാനുള്ള ഒരു ശ്രമമായിരുന്നു. ഈ വിചാരണകളിലെല്ലാം പ്രതികളുടെമേൽ ഊഹാത്മകങ്ങളായ കുററങ്ങൾ ആരോപിക്കപ്പെട്ടു; അവരെല്ലാപ്പോഴും അവരുടെ കുററം ഏററുപറഞ്ഞു; ആ ഏററുപറച്ചിലുകൾ മാത്രമായിരുന്നു അവർക്കെതിരായ "തെളിവു്." രാഷ്ട്രീയപോലീസു് ദണ്ഡനങ്ങളും ഭീഷണികളും ദൂഷണങ്ങളുംവഴിയായി ഈ "തെളിവു്" ഊററിയെടുത്തിരുന്നു. ഇത്തരം ഏററുപറച്ചിലുകൾ ഊററിയെടുത്തതിനാണ് ഡോക്ടറന്മാരുടെ ഗൂഢാലോചന കണ്ടുപിടിക്കുവാൻ ചുമതലപ്പെട്ടിരുന്ന രാഷ്ട്രീയപോലീസിൻെറ ഉദ്യോഗസ്ഥന്മാരെ മലങ്കോവ് ഇപ്പോൾ പൂട്ടിയിട്ടിരിക്കുന്നതു്. ഇത്തരം ഏററുപറച്ചിലുകളുടെ സ്വഭാവത്തെപ്പററി മോസ്കോയിൽനിന്നു വന്ന ഒന്നാമത്തെ ഔദ്യോഗികവും ഖണ്ഡിതവുമായ പ്രസ്താവനയാണതു്. ഇതിനു മുമ്പിലത്തെ സകല വിചാരണകളിലേയും സകല ഏററുപറച്ചിലുകൾക്കും എന്തു വിലയാണുള്ളതെന്നു് സോവ്യററ്ജനങ്ങൾ ഇപ്പോൾ ചോദിക്കുമെന്നു തീർച്ചയാണ്.

### കുററക്കാരാണോ?

സ്റ്റാലിൻെറ കീഴിൽ ഒററുകാരും രാജ്യദ്രോഹികളും നശീകരണക്കാരും ഭീകരപ്രവർത്തകരുമായി വധിക്കപ്പെട്ട ആളുകൾ ആ പാതകങ്ങൾ യഥാർത്ഥത്തിൽ ചെയ്തവരാണോ? ആ വിചാരണകളെയെല്ലാം പുനഃപരിശോധന ചെയ്യുന്ന മഹത്തായസംഭവങ്ങൾ ചരിത്രത്തിൽ ആരംഭിക്കുവാൻ പോകയാണെന്നു തോന്നുന്നു. ക്രംലിൻ ഡോക്ടറന്മാരുടെ വിമോചനത്തെപ്പററിയുള്ള ഗവമ്മെൻറുത്തരവ് ബെറിയായുടെ കീഴിലുള്ള രഹസ്യപ്പോലീസിലെ (ആഭ്യന്തരമന്ത്രി വകുപ്പിലെ) ഉദ്യോഗസ്ഥന്മാർ ഞെട്ടലോടുകൂടിയായിരിക്കണം വായിച്ചതു്. ഏററുപറച്ചിലുകൾ തങ്ങൾ ബലമായി ഊററിയെടുത്തതാണെന്നുള്ള മനസ്സാക്ഷിക്കടി അവർക്കുണ്ടല്ലോ. ഈ ഞെട്ടൽ റഷ്യയിലാകമാനമുള്ള രഹസ്യപ്പോലീസിൻെറ ഇരുളടഞ്ഞ ഓരോ ആഫീസിലും അനുഭവപ്പെട്ടിരിക്കണം. ഏററുപറച്ചിലുകൾ ഊററിയെടുക്കുവാൻ ദണ്ഡനങ്ങളുപയോഗിക്കുന്നതിനു് ഇനി തങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചാൽ തങ്ങളുടെ തലപോകുമെന്നുള്ള ഭയം സോവ്യററ് രാഷ്ട്രീയപ്പോലീസിലെ വലിയവർക്കും ചെറിയവർക്കും ഇനി ഉണ്ടാകാതെ കഴിയുകയില്ല.

ഭീകരപ്രവർത്തനത്തിനുള്ള യന്ത്രസാമഗ്രികൾ മുഴുവനും തട്ടിത്തകർക്കുവാൻ ഈ പ്രഹരം പ്രയോജനപ്പെട്ടേക്കാം. മലങ്കോവ് പുനരാലോചന ചെയ്യുകയും പഴയ യന്ത്രസാമഗ്രികൾ വീണ്ടും പ്രവർത്തനത്തിനു് സജ്ജീകരിക്കുവാൻ ശ്രമിക്കുകയും ചെയ്താൽത്തന്നെയും അവയുടെ ചക്രങ്ങൾ വീണ്ടും തിരിയുവാൻ വിസമ്മതിക്കുമെന്നു് അദ്ദേഹം കണ്ടുപിടിച്ചേക്കാം. അങ്ങനെയെങ്കിൽ ആരാണ് ഈ ഡോക്ടറന്മാരുടെ ഗൂഢാലോചനക്കഥ അഭിനയിച്ചതെന്നു് ഒരു ചോദ്യമുണ്ടായേക്കാം. എൻെറ ഊഹമെന്തെന്നാൽ, ഡോക്ടറന്മാരുടെ ഗൂഢാലോചനക്കഥ കെട്ടിച്ചമച്ചതു് സോവ്യററ് സൈന്യനേതാക്കന്മാരിൽ ചിലരും രഹസ്യപ്പോലീസിലെ അവരുടെ മിത്രങ്ങളുംകൂടിയാണെന്നാണ്. ഗൂഢാലോചനയ്ക്കു് ഇരയായിത്തീരുവാൻ ഉദ്ദേശിക്കപ്പെട്ടവരിൽ മലങ്കോവ് ആകട്ടെ, മൊളോട്ടോവ് ആകട്ടെ, സിവിലിയൻ പാർട്ടിനേതാക്കന്മാരിൽ മററാരുമാകട്ടെ ഉൾപ്പെട്ടുകാണാത്തതു് ആശ്ചര്യകരമായിരിക്കുന്നു. സിവിലിയൻ നേതാക്കന്മാർക്കെതിരായി സൈനികനേതാക്കന്മാരെ "കെട്ടിപ്പടുക്കുവാനുള്ള" ഒരു ശ്രമംപോലെയാണ് ഇതു കാണപ്പെട്ടതു്. ഗൂഢാലോചനക്കഥയുടെ കർത്താക്കളുടെ ആശയം ഏതാണ്ടിങ്ങനെ പ്രകാശിപ്പിക്കാം: "നമ്മുടെ സൈനികനേതാക്കന്മാരെ വധിച്ചു് നമ്മെ അപകടത്തിലാക്കാൻ ശത്രുവിനാഗ്രഹമുണ്ടു്. ഈ നേതാക്കന്മാരാണ്—നമ്മുടെ മാർഷൽമാരും ജനറൽമാരുമാണ്—അല്ലാതെ സിവിലിയൻ പാർട്ടിനേതാക്കന്മാരല്ല ശത്രുവിൻെറ ദൃഷ്ടിയിൽ പ്രധാനപ്പെട്ട ആളുകൾ."

### ആദ്യത്തെ അടയാളം

റഷ്യയിൽ രാഷ്ട്രീയ വസന്തർത്തുവിൻെറ ആദ്യത്തെ അടയാളങ്ങൾ വേണ്ടുവോളം പ്രത്യക്ഷമായിട്ടുണ്ടു്. എന്നാൽ വസന്തർത്തുവിൻെറ അടയാളങ്ങൾ യഥാർത്ഥത്തിൽ അങ്ങനെയുള്ളവയല്ലെന്നു വന്നേക്കാം. സൈബീറിയായിൽനിന്നു് ഒരു പുതിയ കാററടിച്ചു് സ്വാതന്ത്ര്യത്തിൻെറ ആദ്യത്തെ മൊട്ടുകളെ നശിപ്പിക്കുവാൻ പാടില്ലായ്കയില്ല. സ്വേച്ഛാധികാരമുള്ള ഒരു ഭരണകൂടത്തിനു് സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുവാൻ ശ്രമിക്കുക എപ്പോഴും വിഷമവും അപകടവുമുള്ള പ്രവൃത്തിയാണ്. അനുവദിച്ചുകൊടുക്കുവാൻ ഭരണകർത്താക്കൾ തയ്യാറുള്ളതിനെക്കാൾ കൂടുതൽ സ്വാതന്ത്ര്യം ജനങ്ങൾ ആവശ്യപ്പെട്ടെന്നുവരാം. സ്റ്റാലിനിസത്തിൻെറ ഏററവും ദുഷിച്ച സമ്പ്രദായങ്ങൾ വലിച്ചെറിയുവാൻ മലങ്കോവ് ശ്രമിക്കുകയാണ്. എന്നാൽ അദ്ദേഹംതന്നെ അവയുടെ സന്താനമാകുന്നു. ഭരണപരിഷ്കാരത്തിൻെറ പന്ഥാവിൽക്കൂടി എത്രത്തോളം പോകുവാൻ അദ്ദേഹത്തിൻെറ ഗവമ്മെൻറ് സന്നദ്ധമാണ്. മലങ്കോവ് റഷ്യൻ ജനതയ്ക്കു് ഒരടയാളം കൊടുത്തിരിക്കുകയാണ്, അവർക്കു് അവരുടെ വായു് തുറന്നു് സംസാരിക്കുവാൻ വിരോധമില്ലെന്നു്. എന്നാൽ റഷ്യൻജനത സംസാരിക്കുകയും അനേകങ്ങളും കൈപ്പു നിറഞ്ഞതുമായ അവരുടെ അവശതകളെല്ലാം അന്തരീക്ഷത്തിൽ മുഴക്കുകയും ചെയ്തുതുടങ്ങിയാൽ മലങ്കോവിൻെറ ഗവർമ്മെൻറ് ഭയന്നു് വിറച്ചെന്നും ജനങ്ങളുടെ വായ് വീണ്ടും കെട്ടിയടയ്ക്കുവാൻ ശ്രമിച്ചെന്നുംവരാം. ഇപ്പോഴത്തെ സ്ഥിതിഗതികൾ റഷ്യയിൽ 100 കൊല്ലങ്ങൾക്കുമുമ്പ്, ഇരുമ്പുസാർ എന്നു വിളിക്കപ്പെട്ടിരുന്ന 1-ാം നിക്കൊളാസ് സാർ ചക്രവർത്തിയെ അലക്സാണ്ഡർ 2-ാമൻ അനുഗമിച്ചകാലത്തു്, നടന്ന സംഭവമാണ് എന്നെ ഓർമ്മിപ്പിക്കുന്നതു്. അലക്സാണ്ഡർ തൻെറ ഭരണത്തിൻെറ ആദ്യദശയിൽ സ്വാതന്ത്ര്യം അനുവദിച്ചു. അനന്തരം പഴയ സ്വേച്ഛാധിപത്യം വീണ്ടും കെട്ടിവയ്ക്കാൻ ശ്രമിച്ചു. ഒടുവിൽ 1881-ൽ വിപ്ലവകാരികളാൽ വധിക്കപ്പെട്ടു.

### നേട്ടങ്ങൾ

സ്റ്റാലിൻ ഭരണത്തിൻെറ നേട്ടം, ഈ നൂററാണ്ടിലെ ഇക്കഴിഞ്ഞ 25 വർഷങ്ങളിൽ റഷ്യയിൽ ഉണ്ടായിട്ടുള്ള സാമ്പത്തികവും സാമുദായികവുമായ ഭയങ്കര പുരോഗതിയാകുന്നു. അല്പം സ്വാതന്ത്ര്യമല്ലാതെ അപ്പം ഒട്ടും റഷ്യക്കു കൊടുക്കുവാൻ രണ്ടാം അലക്സാണ്ഡർ ചക്രവർത്തിക്കു സാധിച്ചില്ല. എന്നാൽ അപ്പംകൂടാതുള്ള സ്വാതന്ത്ര്യംകൊടുക്കൽ ഏതു ഭരണകർത്താവിനും എപ്പോഴും ഒരു ഭീഷണിയാണ്. റഷ്യക്കു് അപ്പവും സ്വാതന്ത്ര്യവും കൊടുക്കുവാൻ മലങ്കോവിനു കഴിഞ്ഞു. (കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ ഉപഭോഗവസ്തുക്കളുടെ വില വളരെ കുറയ്ക്കാൻ അദ്ദേഹം ഉത്തരവിട്ടിട്ടുണ്ടു്. അടുത്തകാലങ്ങളിൽ പല പ്രാവശ്യവും നടന്നിട്ടുള്ള വിലകുറയ്ക്കലിൽ ഒന്നാണതു്.) റഷ്യയുടെ പുതിയ ഭരണകർത്താക്കൾക്കു്, അവരുടെ മുൻഗാമികളിൽ ആരേയുംകാൾ ജനങ്ങളുമായി കൂടുതൽ സൗഹാർദ്ദതയിൽ കഴിഞ്ഞുകൂടുവാൻ ഒരുപക്ഷേ ഇടവന്നേക്കാം. ജനങ്ങളെ വിശ്വസിക്കുകയും ജനങ്ങളാൽ വിശ്വസിക്കപ്പെടുകയും ചെയ്യുന്ന ഒരു സോവ്യററ് ഗവർമ്മെൻറിനു് ബാഹ്യലോകത്തിൻേറയും കൂടുതൽ വിശ്വാസത്തിനു് അർഹതയുണ്ടു്.

* * * * *

റഷ്യയിലെ രാഷ്ട്രീയകാര്യങ്ങളിൽ വലിയ പണ്ഡിതനെന്നു ഗണിക്കപ്പെടുന്ന ഈ ലേഖകൻെറ ആശയം സ്പഷ്ടമാണല്ലോ. സ്റ്റാലിൻ റഷ്യാക്കാരെ ഏററവും കടുത്ത സ്വേച്ഛാധിപത്യം പ്രയോഗിച്ചു് ഭരിച്ചുപോന്നുവെന്നും, അദ്ദേഹത്തിൻെറ ഹിതത്തിനെതിരായി ശബ്ദിക്കുവാൻ ആരും ധൈര്യപ്പെട്ടില്ലെന്നും, നിരപരാധികളായ ആബാലവൃദ്ധം ആളുകളെ അസംഖ്യങ്ങളായി കാരാഗൃഹങ്ങളിലും തടങ്കൽ ക്യാമ്പുകളിലും അദ്ദേഹം അടച്ചിട്ടിരുന്നുവെന്നും, അദ്ദേഹത്തിൻെറ മരണം അവരെ വിമോചിപ്പിച്ചിരിക്കയാണെന്നും, റഷ്യയിലെ പുതിയ ഭരണാധികാരികൾ ആരംഭിച്ചിരിക്കുന്ന ഈ ഭരണമാററം നീണ്ടുനില്ക്കുമോയെന്നു തീർച്ചയില്ലെന്നും ലേഖകൻ പറഞ്ഞിട്ടുള്ളതിൽനിന്നു് ഒരു കാര്യം വ്യക്തമല്ലേ? സ്റ്റാലിൻെറ മരണം സോവ്യററ് റഷ്യക്കുതന്നെയും നഷ്ടമല്ല, നേട്ടമാണ്! ബാഹ്യലോകത്തിൻെറ കാര്യം പിന്നെ പറയാനില്ലല്ലോ!!

———

Sathya Deepam

Vol. 26 Ernakulam May 13, 1953 No. 37

# വിവിധവൃത്താന്തങ്ങൾ

### കാർഡിനൽ മെറി ദെൽവാൾ ധന്യപദത്തിലേക്ക്

പുണ്യശ്ലോകനായ ഈ സ്പാനിഷ് കർദ്ദിനാൾ തൻെറ 64-ാമത്തെ വയസ്സിൽ ചരമമടഞ്ഞിട്ട് ഇക്കൊല്ലം 23 സംവത്സരമായി. അദ്ദേഹത്തിൻെറ പുണ്യകീത്തി നാൾക്കുനാൾ പ്രബലപ്പെട്ടുവരികയാണ്. ആകയാൽ ഇക്കൊല്ലത്തെ ചരമവാർഷികദിനത്തിൽ ഇദ്ദേഹത്തെ ധന്യപദത്തിലേക്കു ഉയത്തുന്നതിനുവേണ്ട പരിശോധനാനടപടികൾ ആരംഭിച്ചിരിക്കുന്നു. 13-ാം ലെയോ, 10-ാം പീയൂസ്, 15-ാം ബനദിക്താസ്, 11 ാം പീയൂസ് എന്നീ മഹാരഥന്മാരുടെ കീഴിൽ അദ്ദേഹം വത്തിക്കാനിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതാണ്. ഇദ്ദേഹത്തിൻെറ പിതാവു ലണ്ടനിലെ സ്പാനിഷ് അംബാസിഡറായിരിക്കയിൽ അവിടെവച്ചാണ് ഇദ്ദേഹം ഭൂജാതനായതു്. 1888-ൽ റോമിൽവച്ചു പട്ടമേററതുമുതൽ ചുമതലപ്പെട്ട ഓരോ ജോലികൾക്കു നിയമിക്കപ്പെട്ടുവന്നു. പത്താംപീയൂസ് തിരുമേനി 38-ാമത്തെ വയസ്സിൽ ഈ വന്ദ്യദേഹത്തെ കർദ്ദിനാൾപദത്തിലേക്കും സ്റ്റേയിററു സെക്രട്ടറി സ്ഥാനത്തേക്കും ഉയത്തി. ഇത്ര ചെറുപ്പത്തിലെ ഈദൃശവൻചുമതലകൾക്കു നിയമിച്ചതിനെപ്പററി വിമർശനമുണ്ടായപ്പോൾ 10-ാം പീയൂസ് തിരുമേനി അരുളിച്ചെയ്ത വചനങ്ങൾ പ്രസിദ്ധമാണ്: "മെറിദെൽവാൾ ഒരു ഭാഷാവിദഗ്ദ്ധനായതുകൊണ്ടുമാത്രമോ, ഇംഗ്ലണ്ടിൽ ജാതനായി, ബൽജിയത്തിൽ പഠനംനടത്തി, ദീർഘകാലം സേവനം കഴിച്ചുകൂട്ടിയിട്ടുള്ള ഒരു സ്പാനിഷ് ജാതീയനും, ഒരു രാജ്യതന്ത്രജ്ഞൻെറ പുത്രനുമാകയാൽ സകലരാജ്യങ്ങളുമായി സുപരിചിതനാണെന്നു കണ്ടതിനാൽ മാത്രമോ, അല്ല ഞാൻ അദ്ദേഹത്തെ തിരഞ്ഞെടുത്തതു്. ഇതിലൊക്കെ ഉപരിയായി അദ്ദേഹം വിനയമുള്ള ഒരു വൈദികനാണെന്നു കാണപ്പെട്ടതിനാലാണ്."

### ഇററലിയിലേക്കുള്ള അമേരിക്കൻ അംബാസിഡർ

മിസ്സിസ് ക്ലേയർ ബൂത്തു് എന്ന കത്തോലിക്കാ മഹതിയെ പ്രസിഡണ്ടു് ഐസനോവർ ഇററലിയിലെ അംബാസിഡറായി നിയമിച്ചിരിക്കുന്നു. സാഹിത്യകാരി, പത്രപ്രവത്തക, പ്രസംഗക ഇത്യാദിനിലകളിൽ വിശ്വവിഖ്യാതി ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള ഒരു വിദുഷിയാണ് മിസ്സിസ് ബൂത്ത്. ബിഷപ്പ് ഫൾട്ടൻ ഷീൻ മോൺസിഞ്ഞോറായിരിക്കയിൽ 1946-ലാണ് ഇവരെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചതു്. ഈ ഏപ്രിൽ മാസത്തിൽ അവക്കു 50 വയസ്സു പൂത്തിയായി. സ്വന്തം മാനസാന്തരചരിത്രമുൾപ്പെടെ വിലയേറിയ പല കത്തോലിക്കാ ഗ്രന്ഥങ്ങൾ ഇതിനകം ഈ മഹതി രചിച്ചിട്ടുണ്ടു്. അമേരിക്കൻ മഹിളകൾ വിദേശരാജ്യപ്രതിനിധികളായി ഇതിനുമുമ്പും ചിലപ്പോഴൊക്കെ അയക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഇററലിപോലുള്ള ഒരു വൻകിടരാഷ്ട്രത്തിലേക്കു് ഇതു ഇദംപ്രഥമമായിട്ടാണ്.

### ഈ കൊച്ചു ശമ്മാശൻ ഒരു പാത്രിയക്കീസായിത്തീരും

സിഡ്നി കോൺഗ്രസ്സിൽ സംബന്ധിച്ച വൈദികാദ്ധ്യക്ഷപ്രമുഖരിൽ അഗ്രിമനായ ഒരാളാണ് അമ്മേനിയാപാത്രിയക്കീസായ കാർഡിനൽ അഗജിയാനിയൻ തിരുമനസ്സുകൊണ്ടു്. ട്രാൻസ്കോക്കേസിയായിൽസ്റ്റാലിൻെറ ജന്മനഗരത്തിനടുത്തുതന്നെയാണു ഈ പൗരസ്ത്യമഹാതാരം ഉദയംചെയ്തതു്. 12 വയസ്സിൽ റോമിലെത്തി പ്രൊപ്പഗാന്താ കോളെജിൽ പഠനം ആരംഭിച്ചു. പ്രായം തികയാഞ്ഞതിനാൽ പട്ടമേല്ക്കുന്നതിനു രണ്ടുകൊല്ലം കാത്തിരിക്കേണ്ടിവന്നു. കോളെജുവിദ്യാത്ഥികൾ വത്സരവൃത്തത്തിൽ ചില പ്രത്യേക അവസരങ്ങളിൽ പരിശുദ്ധ പിതാവിനെ സന്ദശിക്ക പതിവുണ്ടു്. ഇങ്ങനെയുള്ള ഒരു കൂടിക്കാഴ്ച സമയത്തു 10-ാം പീയൂസ് തിരുമേനി ഇദ്ദേഹത്തെ നോക്കിപ്പറഞ്ഞു: "ഈ കൊച്ചുശമ്മാശൻ ഒരു പാത്രിയക്കീസായിത്തീരും. ഗുരുപ്പട്ടമേററയുടനെ അദ്ദേഹം അമ്മേനിയായിലേക്കു മടങ്ങിയെങ്കിലും, മൂന്നുകൊല്ലങ്ങൾക്കുശേഷം പ്രൊപ്പഗാന്തകോളജിലെ ഫിലോസൊഫി പ്രൊഫെസറായി റോമിലേക്കു വിളിക്കപ്പെട്ടു. 1937-ൽ അമ്മേനിയാ പാത്രിയക്കീസായിട്ടാണ് അവിടെനിന്നു മടങ്ങിയതു്. 1946-ൽ 50-ാമത്തെ വയസ്സിൽ കർദ്ദിനാൾ പദത്തിലേക്കും ഉയത്തപ്പെട്ടു. ലെബാനനിൽ ബെയ്‌റൂട്ടിലാണ് തിരുമേനിയുടെ ഭദ്രാസനം. കാർഡിനൽ ഗിൽറോയി തുടങ്ങിയ നിരവധി വൈദികാദ്ധ്യക്ഷന്മാർ തിരുമേനിയുടെ ശിഷ്യഗണത്തിൽ ഉൾപ്പെടുന്നു.

### സ്കോട്ട്ലണ്ടിലെ കത്തോലിക്കാ പുരോഗമനം

പുതുതായി പുറത്തുവന്നിരിക്കുന്ന സ്കോച്ചു കത്തോലിക്കാ ഡയറക്ടറി അനുസരിച്ച് സ്കോട്ട്ലണ്ടിൽ ഇപ്പോൾ ആകെ ഏഴരലക്ഷം കത്തോലിക്കരാണുള്ളതു്. അതായതു കഴിഞ്ഞകൊല്ലത്തെക്കാൾ അയ്യായിരത്തോളം വർദ്ധിച്ചിട്ടുണ്ടു്. ഏററം കൂടുതൽ സംഖ്യ വർദ്ധനവുണ്ടായിട്ടുള്ളതു് ഗ്ലാസ്ഗോ രൂപതയിലാണ്. അവിടെ ഇപ്പോൾ മൂന്നേകാൽ ലക്ഷത്തോളം കത്തോലിക്കരുണ്ടു്. കഴിഞ്ഞയാണ്ടു 10 പുതിയ ഇടവകകൾ സ്ഥാപിതമായതുൾപ്പെടെ ഇപ്പോൾ ആകെ 343 ഇടവകകളും 1038 പട്ടക്കാരുമാണുള്ളതു്. തന്നാണ്ടിൽ ആകെ 6561 വിവാഹങ്ങളും 19,809 ജ്ഞാനസ്നാനങ്ങളും അവിടെ നടന്നിട്ടുണ്ടു്. കടുത്ത ഒരു പ്രൊട്ടസ്റ്റൻറു രാജ്യമെന്നുള്ള നിലയിൽനിന്നും സ്കോട്ട്ലണ്ടു് വളരെ വ്യത്യാസപ്പെട്ടുവരുന്നതായി കാണാൻകഴിയും.

### പോളണ്ടിൽ കമ്മ്യൂണിസത്തിൻെറ പരാജയം

ഇരുമ്പഴിക്കുള്ളിൽനിന്നും രക്ഷപെട്ടു ലണ്ടനിലെത്തിയ ഒരു പ്രസിദ്ധ അഭിഭാഷകനായ ജോസഫ് വേർനെർ പോളണ്ടിനെപ്പററി ചെയ്ത ഒരു പ്രസ്താവനയിൽ പറയുന്നു: എട്ടുകൊല്ലത്തെ ഭഗീരഥപ്രയത്നംകൊണ്ടു പോളണ്ടിൽ കമ്മ്യൂണിസത്തിനു സിദ്ധിച്ചിട്ടുള്ള പുരോഗമനം ദയനീയമാംവിധം തുച്ഛമാണ്. ഇന്നും അവിടെ ദേവാലയങ്ങളിലെല്ലാം ദിവ്യപൂജയ്ക്കു് ആളുകൾ തിങ്ങിക്കൂടുന്നുണ്ടു്. കൂദാശകളുടെ സ്വീകരണത്തിനു ഒട്ടും കുറവുഭവിച്ചിട്ടില്ല. വിശുദ്ധ കർബാനയുടെ തിരുനാളിലെ ദിവ്യകാരുണ്യപ്രദക്ഷിണം പണ്ടേപ്പോലെ ഭക്തിബഹുമാനപുരസ്സരം നടത്തപ്പെടുന്നുണ്ടു്. ജ്ഞാനസ്നാനം സ്വീകരിക്കാത്ത കുട്ടികളില്ലെന്നു പറയാം. സിവിൽവിവാഹംകൊണ്ടുമാത്രം ആരും തൃപ്തിപ്പെടുന്നില്ല. ഈ മർദ്ദനങ്ങളെല്ലാം അഴിച്ചുവിട്ടിട്ടും, വൈദികാന്തസ്സിലേക്കുള്ള ദൈവവിളി വർദ്ധിച്ചുവരുന്നതേയുള്ളു. എന്നാൽ കമ്മ്യൂണിസ്റ്റു വിദ്യാഭ്യാസത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ കുട്ടികളുടെ തലമുറയിൽ സ്ഥിതിഗതികൾ എന്തായിത്തീരുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു."

### പരിശുദ്ധ പിതാവു ചുമതലാഭാരങ്ങൾ കുറയ്ക്കുന്നു

മാച്ചുമാസത്തിൽ മാർപ്പാപ്പാതിരുമേനിക്കു 77 വയസ്സായി. ആലസ്യത്തിൻെറ ക്ഷീണം ഇനിയും കുറേയൊക്കെയുണ്ടു്. അതിനാൽ സ്റ്റേയിററു് സെക്രട്ടറിയായിരുന്ന കാർഡിനൽ മലിയോനെ എട്ടു കൊല്ലങ്ങൾക്കു മുമ്പു പരലോകപ്രാപ്തനായതുമുതൽ താൻ സ്വയമേവ നടത്തിവന്ന പല ജോലികളും മററാളുകൾക്കായി ഇപ്പോൾ വിഭജിച്ചുകൊടുത്തുവരികയാണ്. കൊളംബിയായിൽ പേപ്പൽ നൺഷിയോ ആയിരുന്ന സാമോറെ മെത്രാപ്പോലീത്തായെ അസാധാരണകാര്യങ്ങളുടെ സെക്രട്ടറിയായി നിയമിച്ചു. സാധാരണകാര്യങ്ങളുടെ അസിസ്റ്റൻറു സെക്രട്ടറിയായി മോൺ. കാർലോ, മോൺ. ആഞ്ചെലോ എന്നിവരേയും ഏല്പ്പെടുത്തി. കഴിഞ്ഞ കൺസിസ്റ്റോറിയൽ സംഘത്തിൽ ഇവർ ഇരുവരെയും കർദ്ദിനാളന്മാരായി ഉയത്താൻ പരിശുദ്ധ പിതാവു നിശ്ചയിച്ചതാണ്. രണ്ടുപേരും താഴ്മവീണപേക്ഷിച്ചതിനാൽ ഒഴിവുകൊടുത്തു എന്നേയുള്ളു.

### പശ്ചിമജമ്മനിക്കു ടിറേറാ ഗവമ്മെൻറിൻെറ താക്കീതു

പശ്ചിമജമ്മനിയിലെ ഒരു കത്തോലിക്കാ പത്രത്തിൽ പ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനായ എവേലിൻവോ യുഗോസ്ലാവിയായെ സംബന്ധിച്ചു ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. "ചക്രവത്തിയേയും, രാജാവിനേയും, സ്നേഹിതന്മാരെയും ഒററിക്കൊടുത്തശേഷം, ഒടുവിൽ തനിക്കു ശേഷിച്ച ഏകമിത്രമായ സ്റ്റാലിനോടും പിണങ്ങിപ്പിരിഞ്ഞ ടിറേറാ, നമ്മോടു വിശ്വസ്തതയിൽ വത്തിക്കുമെന്നു ബ്രിട്ടനിലെ രാജ്യതന്ത്രജ്ഞന്മാർ വല്ലവരും വിശ്വസിക്കുന്നുണ്ടോ? ബ്രിട്ടീഷ് പ്രജകളിൽ ആറിനൊന്നും തങ്ങൾ പരിശുദ്ധമായി പരിഗണിക്കുന്ന സകലത്തിൻെറയും ബദ്ധവൈരിയായിട്ടാണു ടിറേറായെ എണ്ണിയിരിക്കുന്നതെന്നു ഈ ഭരണധുരന്ധരന്മാർ മനസ്സിലാക്കിയിട്ടില്ലെന്നോ?" എന്നിങ്ങനെ ആദ്യന്തം നിശിതമായ ആ ലേഖനം സ്വേച്ഛാധിപതിയുടെ അഹമ്മതിയെ അത്യന്തം സ്പർശിച്ചു. പ്രസ്തുത പത്രത്തിൻെറ പ്രവത്തകന്മാരെ പ്രോസിക്യൂട്ടു ചെയ്യേണ്ടതാണെന്നു യുഗോസ്ലാവ്യഗവർമ്മെൻറു ജമ്മനിയെ അറിയിച്ചിരിക്കുന്നു. ഉള്ളതു പറവാൻ തങ്ങൾക്കുള്ള അവകാശത്തെ ആക്കും ചോദ്യംചെയ്യാൻ പാടുള്ളതല്ലെന്നാണു പത്രക്കാർ സമാധാനം പറഞ്ഞിരിക്കുന്നതു്.

സുപ്രസിദ്ധങ്ങളും

നീർവീഴ്ച, ക്ഷയം, ഏങ്ങൽ മുതലായ രോഗങ്ങളിൽ ഏററവും ഫലപ്രദങ്ങളുമായ 3 സിദ്ധൌഷധങ്ങൾ

നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം

കൂടുതൽ വിവരങ്ങൾ

അറിയേണ്ടും കാര്യങ്ങൾ

എന്ന പുസ്തകത്തിൽ.

പേജ് 500 — വില 2—0—0

ടി. ഔഷധങ്ങളും പുസ്തകവും ഏതെല്ലാം സ്ഥലങ്ങളിൽ കിട്ടും, എന്നുംമററുമുള്ള വിശദവിവരങ്ങൾക്കു് എഴുതുക:

കാളൻ, നെല്ലായി

## സംഭവകഥകൾ

### പാപങ്ങൾ ആവത്തിക്കാതിരിപ്പാൻ

വി. ബർണാർദ് പറഞ്ഞുവന്ന ഒരു സംഭവകഥയാണു താഴെ ചേർക്കുന്നതു്. എപ്പോഴും ഒരേപാപംതന്നെ കുമ്പസാരത്തിൽ ഏററുപറയേണ്ടിവന്നിരുന്നതിനാൽ നിരാശാഭരിതനായി കുമ്പസാരം ഉപേക്ഷിപ്പാൻപോലും നിശ്ചയംചെയ്തിരുന്ന ഒരു യുവാവു് വിശുദ്ധൻെറ പക്കൽചെന്നു് അവൻെറ വിഷമസ്ഥിതി അറിയിച്ചു. അതിനു പുണ്യവാൻ ഇപ്രകാരം മറുപടിപറഞ്ഞു: "മകനേ, നീതന്നെയാണ്" അതിനുത്തരവാദി. പാപത്തിൽനിന്നു ഒഴിഞ്ഞു ജീവിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ നീ സ്വീകരിക്കുന്നില്ല. ഞാനൊരു വിദ്യ പറഞ്ഞുതരാം. കർത്താവിൻെറ പീഡാനുഭവത്തേയും മരണത്തേയുംപ്രതി മൂന്നു ദിവസം അത്തരം പാപങ്ങൾ ചെയ്കയില്ലെന്നു പ്രതിജ്ഞചെയ്യുക. കർത്താവിൻെറ കഷ്ടാനുഭവത്തേയും കുരിശുമരണത്തേയും കുറിച്ച് ഓക്കുകയാണെങ്കിൽ നീ പാപം ചെയ്യുകയില്ല. മൂന്നു ദിവസത്തിനു ശേഷം എൻെറ അടുക്കൽ വരുക."

മൂന്നുദിവസംകഴിഞ്ഞു് അവൻ വിജയശ്രീകളിയാടിയിരുന്ന മുഖഭാവത്തോടെ പുണ്യവാനെ സമീപിച്ചു. "നീ വിജയിയായി എന്നറിയുന്നതിൽ സന്തോഷം. ഇനി നീ, മാതാവിൻെറ സ്തുതിക്കായി, മൂന്നു ദിവസത്തേക്കു പാപം ചെയ്കയില്ലെന്നു പ്രതിജ്ഞ ചെയ്യുക. അനന്തരം വീണ്ടും എന്നെവന്നു കാണുക." സന്തോഷവാത്തയുമായി അവൻ പിന്നേയും തിരിച്ചുവന്നു. മേൽപ്രകാരം മുമ്മൂന്നുദിവസത്തേക്കു കാവൽമാലാഖയുടേയും മറേറാരോ വിശുദ്ധന്മാരുടേയും സ്തുതിക്കായി പാപരഹിതമായ ജീവിതം നയിക്കുമെന്നു പ്രതിജ്ഞചെയ്യുവാനും അടുത്തടുത്തു ദിവ്യകാരുണ്യം സ്വീകരിക്കുവാനും പുണ്യവാൻ ഉപദേശിച്ചുവിട്ടു. അവൻ അതനുസരിക്കയും പിന്നീടൊരിക്കലും പാപത്തിൽ നിപതിക്കാതിരിക്കയും ചെയ്തു.

### സാത്വികമായ പശ്ചാത്താപം ആവശ്യം

റോമാനഗരത്തിലെ ഗവർണരായിരുന്ന കമ്മെർസിയൂസ് രോഗബാധിതനായി കിടക്കുകയായിരുന്നു. അദ്ദേഹം വി. സെബസ്ത്യാനോസിനെ വിളിച്ചുവരുത്തി, ദൈവത്തോടു പ്രാത്ഥിച്ചു തൻെറ രോഗശമനം വരുത്തിക്കൊടുക്കുവാൻ അഭ്യർത്ഥിച്ചു. ഗവർണർ സ്വഭവനത്തിൽ പ്രതിഷ്ഠിച്ചിരുന്നവിഗ്രഹങ്ങളെല്ലാം നശിപ്പിക്കുന്നപക്ഷം അങ്ങനെ ചെയ്യാമെന്നു വിശുദ്ധൻ പറഞ്ഞു. ഗവർണർ അപ്രകാരം ചെയ്യാമെന്നു വാഗ്ദാനം ചെയ്തെങ്കിലും അദ്ദേഹത്തിനു് ഏററവും ഇഷ്ടപ്പെട്ട ഒരു വിഗ്രഹം ഒഴിച്ചുനിത്തി. തന്നിമിത്തം രോഗശമനമുണ്ടായില്ല. സെബസ്ത്യാനോസ് വന്നപ്പോൾ ഗവർണർ അതെപ്പററി പരാതിപ്പെട്ടു. "കമ്മേർസിയൂസ്" വിശുദ്ധൻ പ്രത്യുത്തരിച്ചു, "നിങ്ങൾ നിങ്ങളുടെ വാക്കു പാലിച്ചിട്ടില്ല. എന്തിനാണ് ഒരു വിഗ്രഹം സൂക്ഷിച്ചുവച്ചിരിക്കുന്നതു്?" അതുംകൂടി നശിപ്പിച്ച ക്ഷണത്തിൽത്തന്നെ ഗവർണർ സൗഖ്യംപ്രാപിച്ചു. എല്ലാ പാപങ്ങളേയുംപററി പശ്ചാത്തപിക്കാത്തവൻ പാപമോചനം പ്രാപിക്കുകയോ പുണ്യമാർഗ്ഗത്തിൽ പുരോഗമിക്കുകയോ ചെയ്യുകയില്ല.

### മനസ്താപം എന്നാലെന്തു്?

വേദോപദേശക്ലാസിൽ അസിസ്റ്റേന്തിയച്ചൻ ചോദിച്ചു: "മനസ്താപം എന്നാലെന്തു്?" "പാപം ചെയ്തുപോയതിനെക്കുറിച്ചുള്ള ദുഃഖം" —ഒരാൺകുട്ടി മറുപടിപറഞ്ഞു. തൽക്ഷണം പുറകിലെ ബെഞ്ചിൽ ഇരുന്നിരുന്ന ഒരു പെൺകുട്ടി എഴുന്നേററുനിന്നു പറഞ്ഞു: "അതുകൊണ്ടായില്ലച്ചാ, വീണ്ടും പാപം ചെയ്യാതിരിപ്പാൻ മതിയാകുന്ന ദുഃഖമായിരിക്കണമതു്."

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam